16 2
315

GEOGRAPHY

OF

THE MADRAS PRESIDENCY

AND

CIVICS

EDITED BY

K. MAHADEVANUNNY KARTHA B. A.

315

1626

GEOGRAPHY

OF

THE MADRAS PRESIDENCY

AND

CIVICS

EDITED BY

K. MAHADEVANUNNY KARTHA B. A.

വിഷയാനുക്രമണിക

പൂർവ്വഭാഗം

അദ്ധ്യായം		പുറം
1	ഗോളം	I
2	ഭൂപടത്തിലെ രേഖകൾ	4
3	ഭൂഭ്രമണവും പരിവർത്തനവും	8
4	സൂര്യൻ, ചന്ദ്രൻ, ഭൂമി	13
5	സൌരയൂഥം	17
6	ഭൂമിയുടെ സ്ഥാനവും ഗ്രഹണങ്ങളും	20
7	സ്ഥലജലങ്ങൾ	23
8	അർദ്ധഗോളങ്ങൾ	26
9	സ്ഥലജലവിഭാഗങ്ങൾ	27

അപരഭാഗം

1	സ്ഥിതിയും, അതിരുകളും	30
2	ഭൂസ്ഥിതിയും, കടൽത്തീരവും	31
3	മലകൾ	34
4	നദികൾ	36
5	അണകൾ	45
6	തടാകങ്ങൾ	46
7	ശീതോഷ്ണസ്ഥിതി	49

8	ഉല്പന്നങ്ങൾ—സസ്യങ്ങൾ	53
9	ധാതുക്കൾ	56
10	മൃഗങ്ങൾ	57
11	തൊഴിലുകൾ	59
12	വാണിജ്യം	62
13	തുറമുഖങ്ങൾ	66
14	ഗതാഗതമാർഗ്ഗങ്ങൾ	69
15	ജനം, മതം, ഭാഷ	73
16	ജില്ലകൾ—പൂർവ്വതീരജില്ലകൾ	77
17	ടി (തുടർച്ച)	82
18	ഉൾനാട്ടുജില്ലകൾ	87
19	പീഠഭൂമിജില്ലകൾ	92
20	പശ്ചിമതീരജില്ലകൾ	94
21	ഭരണം	96

പൊതുരധമ്മം

1	സമാധാന പരിപാലനം	99
2	എഴുത്തുകൾ കമ്പികൾ	101
3	തീവണ്ടിപ്പാതയും, തുറമുഖവും	105
4	പാതകൾ, തോടുകൾ, കിണറുകൾ	108
5	നാണ്യങ്ങൾ	111
6	ഗവമ്മെണ്ടും, ജനങ്ങളും, ശരീരസുഖവും	114
7	സ്കൂളുകളും, കോളേജുകളും	117
8	താലൂക്കിലെ പ്രധാന ഉദ്യോഗസ്ഥന്മാർ	120
9	മഹാരാജാവു്	122

മദ്രാസ് സംസ്ഥാനത്തിന്റെ

ഭൂമിശാസ്ത്രം

പൂർവ്വഭാഗം

അദ്ധ്യായം 1

ഗോളം

ഗോളം എന്ന ശബ്ദം കൂട്ടികൾ കേട്ടിരിപ്പാൻ വഴിയുണ്ട്. ഉരുണ്ട ഒരു വസ്തുവെന്നാണ് ആ ശബ്ദത്തിന്റെ അർത്ഥം. ഭൂഗോളം എന്നും കൂട്ടികൾ കേട്ടിട്ടുണ്ടാവും. ഭൂമി ഉരുണ്ട ഒരു വസ്തുവാകയാലാണ് അതിനു ഭൂഗോളം എന്ന പേർ ലഭിച്ചതു്. പക്ഷേ, ഭൂമി ശരിയായ ഒരു ഗോളമല്ല. അതിനു് ഏതാണ്ടൊരു മധുരനാരങ്ങയുടെ ആകൃതിയാണു്. മധുരനാരങ്ങയുടെ ഞെട്ടും മൂട്ടും അല്പം പരന്നും പള്ളകൾ വീർത്തുമാണല്ലൊ ഇരിക്കുന്നതു്. ഭൂമിയുടെ വടക്കും തെക്കും അറ്റങ്ങൾ അല്പം പരന്നും മദ്ധ്യഭാഗം വീർത്തുമിരിക്കുന്നു.

ഭൂമി പരന്നിട്ടാണെന്നാണു സാധാരണ ജനങ്ങൾ പറയാറുള്ളതു്. അവർ അങ്ങനെ പറയുന്നതു് അവരുടെ അനുഭവംകൊണ്ടാണു്. അവർ കാണുന്ന ഭൂഭാഗം പരന്നാണിരിക്കുന്നതു്. പക്ഷേ, ഭൂമി ഉരുണ്ട ഒരു വസ്തുവാണെന്നാണു ശാസ്ത്രസിദ്ധാന്തം.

ഭൂമി പരന്നതാണെന്നു സാധാരണയായി ജനങ്ങൾക്കു തോന്നാൻ രണ്ടു കാരണങ്ങളുണ്ടു്. ഒന്നാമത്തെ കാരണം അതിന്റെ വലുപ്പമാകുന്നു. രണ്ടാമത്തെ കാരണം അതിന്റെ ഏറ്റവും ചെറിയൊരു ഭാഗംമാത്രമേ നാം കാണുന്നുള്ളുവെന്നതാണു്.

ഭൂമി ഉരുണ്ടതാണെന്നുള്ളതിലേയ്ക്കു ശാസ്ത്രം അനവധി തെളിവുകൾ ഹാജരാക്കുന്നുണ്ടു്. അവയിൽ ചിലവയെങ്കിലും നിങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ടു്.

നിങ്ങളിൽ ചിലരെങ്കിലും സമുദ്രതീരത്തു പോയിട്ടുണ്ടായിരിക്കും. അവിടെനിന്നു കപ്പലുകൾ പുറപ്പെട്ടു പോകുന്നതും അവിടേയ്ക്കു കപ്പലുകൾ വരുന്നതും കാണാം. ഒരു കപ്പൽ സമുദ്രത്തിലേയ്ക്കു പോകയാണെന്നു വിചാരിക്കുക. അതിന്റെ അടിഭാഗം ഒന്നാമതായിത്തന്നെ നിങ്ങളുടെ കണ്ണിൽനിന്നു മറയുന്നു. അനന്തരം അതിന്റെ നടുഭാഗവും ഒടുവിൽ അതിന്റെ പാമരവും നിങ്ങൾക്കു കാണാതാകുന്നു. ആ സമയത്തു സമുദ്രതീരത്തുള്ള ഒരു കെട്ടിടത്തിന്റെ മുകളിൽ കയറിനിന്നു നോക്കുക. അപ്പോൾ നിങ്ങൾക്കു കപ്പലാസകലം കാണ്മാൻ സാധിക്കുന്നതത്രെ. ഇങ്ങനെ വരാൻ കാരണമെന്തു്? ഭൂമിയുടെ ഉരുണ്ടഭാഗം നിങ്ങൾക്കും കപ്പലിന്നും മദ്ധ്യേ നിന്നതുകൊണ്ടാണു കപ്പലാസകലം നിങ്ങൾക്കു കാ

ണ്മാൻ സാധിക്കാതെവന്നതു്. കെട്ടിടത്തിന്റെ മുകളിൽ കയറിയപ്പോൾ ഈ തടസ്സം ഇല്ലാതായി. ഭൂമി പരന്നതായിരുന്നുവെങ്കിൽ കപ്പലാസകലം ഒന്നായിത്തന്നെ നിങ്ങളുടെ കണ്ണിൽനിന്നു മറയുമായിരുന്നു. സമുദ്രതീരത്തേയ്ക്കു് അടുക്കുന്ന ഒരു കപ്പലിന്റെ ഏറ്റവും ഉയർന്ന ഭാഗം—പാമരം ആയിരിക്കും നിങ്ങളാദ്യം കാണുക. കപ്പൽ ഒരു വളവിനെ കയറി മറിയുന്നതായാണു നിങ്ങൾക്കു തോന്നുക.

സൂര്യഗ്രഹണം, ചന്ദ്രഗ്രഹണം എന്നിവയും നിങ്ങൾ കേട്ടിട്ടുണ്ടല്ലൊ. സോമഗ്രഹണസമയത്തു ഭൂമി സൂര്യന്റെയും സോമന്റെയും (ചന്ദ്രന്റെയും) നടുവിൽ വരുന്നു. അപ്പോൾ ഭൂമിയുടെ നിഴൽ ചന്ദ്രബിംബത്തിന്മേൽ വീഴുന്നു. ഈ നിഴൽ വൃത്താകാരത്തിലുള്ളതാകുന്നു. വൃത്താകാരമായ ഒരു സാധനത്തിനുമാത്രമേ വൃത്താകാരമായ നിഴലുണ്ടാകയുള്ളൂ. ഭൂമി ഉരുണ്ട ഒരു വസ്തുവാണെന്നു് അതുകൊണ്ടു നാം അനുമിക്കുന്നു.

ഭൂമിയിലുള്ള എല്ലാസ്ഥലത്തും സൂര്യോദയമുണ്ടാകുന്നതു് ഒരേസമയത്തല്ല. കിഴക്കോട്ടു മാറിക്കിടക്കുന്ന പ്രദേശങ്ങളിലാണു സൂര്യോദയം മുമ്പുമുമ്പുണ്ടാകുന്നതു്. ജപ്പാനിൽ സൂര്യോദയമുണ്ടായതിനുശേഷമാണു് ഇന്ത്യയിൽ സൂര്യൻ ഉദിക്കുന്നതു്. ഇന്ത്യയിൽ സൂര്യൻ ഉദിച്ചു 5 മണിക്കൂർ കഴിഞ്ഞാണു് ഇംഗ്ലണ്ടിൽ സൂര്യൻ ഉദിക്കുന്നതു്. ഭൂമി പരന്നതായിരുന്നുവെങ്കിൽ സൂര്യോദയം എല്ലാസ്ഥലത്തും ഒരേസമയത്തുതന്നെ ഉണ്ടാകുന്നതാണു്.

ഭൂമി ഉരുണ്ടതാണെന്നു കാണിപ്പാൻ ഇത്രയും സംഗതികൾ നിങ്ങൾ ഇപ്പോൾ ഗ്രഹിച്ചാൽ മതി.

അദ്ധ്യായം 2

ഭൂപടത്തിലെ രേഖകൾ

നിങ്ങൾ ഭൂപടം കണ്ടിട്ടുണ്ടല്ലൊ. ഭൂപടത്തിൽ ചില വരകളുണ്ട്. ആ വരകളുടെ ആവശ്യമെന്ത്?

ഭൂമിയുടെ മദ്ധ്യത്തിൽക്കൂടി പോകുന്നുവെന്നു സങ്കല്പിച്ച ഭൂപടത്തിന്റെ മദ്ധ്യത്തിൽ വരച്ചിട്ടുള്ള രേഖയ്ക്കു മദ്ധ്യരേഖയെന്നു പേർ. ഈ വര പടിഞ്ഞാറുനിന്നും കിഴക്കോട്ടു പോകുന്നു. അതുകൊണ്ടു മദ്ധ്യരേഖ ഭൂമിയെ വടക്കേഅർദ്ധഗോളമെന്നും തെക്കേഅർദ്ധഗോളമെന്നും രണ്ടായി വിഭജിക്കുന്നു. ഭൂമിയുടെ വടക്കും തെക്കുമുള്ള അറ്റങ്ങൾക്കു ധ്രുവങ്ങളെന്നു പേർ. വടക്കേഅറ്റത്തിനു് ഉത്തരധ്രുവമെന്നും, തെക്കേഅറ്റത്തിനു ദക്ഷിണധ്രുവമെന്നും പേരുകളാകുന്നു. മദ്ധ്യരേഖയിൽനിന്നു ധ്രുവംവരെ മദ്ധ്യരേഖയ്ക്കു സമാനങ്ങളായ രേഖകൾ വരച്ചിരിക്കുന്നു. ഈ രേഖകൾക്കു് അക്ഷരേഖകളെന്നുപേർ. ഈ അക്ഷരേഖകളെ അംശിച്ചുകൊണ്ടു ചില രേഖകൾ വടക്കേധ്രുവത്തിൽനിന്നു തെക്കേധ്രുവത്തിലേക്കു വരച്ചിരിക്കുന്നു. ഈ രേഖകൾക്കു് അക്ഷാംശരേഖകളെന്നു പറയുന്നു. മദ്ധ്യരേഖയെ 360 സമഭാഗങ്ങളായി വിഭജിച്ചാണു് ഈ വരകൾ വരച്ചിട്ടുള്ളതു്. മദ്ധ്യരേഖയിന്മേൽ രണ്ടു് അക്ഷാംശരേഖകൾ തമ്മിലുള്ള അന്തരം 69 നാഴികയാകുന്നു. ഭൂമിയിലുള്ള സ്ഥലങ്ങളുടെ സ്ഥാനങ്ങൾ

കുറിപ്പാനാണ് ഈ വരകളും വരച്ചിട്ടുള്ളതും. ഒരു പ്രത്യേകസ്ഥലം ഇന്ന അക്ഷരേഖയിന്മേലും അക്ഷാംശരേഖയിന്മേലും ആണെന്നു പറഞ്ഞാൽ ആ സ്ഥലം കണ്ടുപിടിപ്പാൻ എളുപ്പമാണ്.

ഉത്തരധ്രുവത്തിൽനിന്നു ദക്ഷിണധ്രുവത്തിലേക്കു 7900 നാഴികയും; കിഴക്കേഅറ്റത്തുനിന്നു പടിഞ്ഞാറേഅറ്റത്തേക്കു 7926 നാഴികയും അകലമുണ്ട്. ഭ്രമിയുടെ പള്ളഅല്പം വീർത്തിരിക്കുന്നതുകൊണ്ടാണു കിഴക്കുനിന്നു പടിഞ്ഞാട്ടുള്ള അളവു് 26 നാഴിക അധികം കാണുന്നതു്. ഭ്രമിയുടെ ചുറ്റളവു് 25,000 നാഴികയാകുന്നു. ഭ്രമിയുടെ ഉപരിഭാഗത്തിന്റെ വിസ്താരം 19 കോടി ചതുരശ്രനാഴികയാകുന്നു. അതിൽ ഏകദേശം 14 കോടി ചതുരശ്രനാഴികയോളം വെള്ളവുമാണ്.

മദ്ധ്യരേഖയിൽനിന്നു ഓരോ ധ്രുവത്തിലേക്കും 90 ഡിഗ്രി ദൂരമുണ്ട്. മദ്ധ്യരേഖയിൽനിന്നു $23\frac{1}{2}$ ഡിഗ്രി വടക്കുമാറിയുള്ള അക്ഷരേഖയ്ക്കു് ഉത്തരായനരേഖയെന്നും; മദ്ധ്യരേഖയിൽനിന്നു $23\frac{1}{2}$ ഡിഗ്രി തെക്കുമാറിയുള്ള രേഖക്കു ദക്ഷിണായനരേഖയെന്നും പേർ. ഉത്തരധ്രുവത്തിൽനിന്നു $23\frac{1}{2}$ ഡിഗ്രി തെക്കുമാറിയുള്ള രേഖക്കു് ഉത്തരധ്രുവരേഖയെന്നും ദക്ഷിണധ്രുവത്തിൽനിന്നു $23\frac{1}{2}$ ഡിഗ്രി വടക്കുമാറിയുള്ള രേഖയ്ക്കു ദക്ഷിണായനരേഖയെന്നും പറയുന്നു.

ഉത്തരായനം, ദക്ഷിണായനം എന്നുംമറ്റും പറയുന്നതിന്റെ സാരമെന്തു്? ഉത്തരായനം എന്നതിനു വടക്കോട്ടുള്ള പോക്കെന്നും, ദക്ഷിണായനമെന്നതിനു തെ

ക്കോട്ടുള്ള പോക്കെന്നും അത്ഥമാകുന്നു. സൂര്യന്റെ ഗതി ക്കാണ് ഈ പേരുകൾ പറയുന്നത്.

സൂര്യൻ എന്നും കിഴക്കുദിച്ചു പടിഞ്ഞാറസ്തമിക്കുന്നു വെന്നു് നിങ്ങൾ കണ്ടിട്ടുണ്ടാകും. സൂര്യൻ എന്നും നേരെ കിഴക്കല്ല ഉദിക്കുന്നതു എന്നു മാത്രമേയുള്ളൂ. സൂക്ഷിച്ചുനോക്കുക. അപ്പോൾ കാര്യത്തിന്റെ പരമാത്ഥം മനസ്സിലാകും. സൂര്യൻ ചിലപ്പോൾ വടക്കോട്ടു മാറിയും ചിലപ്പോൾ തെക്കോട്ടു മാറിയും ഉദിക്കുന്നതു കാണാം. വടക്കുമാറി ഉദിക്കുന്നതിന്റെ അതിത്തി ഉത്തരായന രേഖയും തെക്കുമാറി ഉദിക്കുന്നതിന്റെ അതിത്തി ദക്ഷിണായനരേഖയുമാകുന്നു.

എപ്പോഴാണു് ഉത്തരായനം തുടങ്ങുന്നതു്? എപ്പോഴാണു ദക്ഷിണായനം തുടങ്ങുന്നതു്? വിഷു, ഓണം, തിരുവാതിര മുതലായ ആണ്ടറുതികളെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടല്ലൊ. ഏതു ദിവസത്തെയാണു നാം വിഷുവെന്നു പറയുന്നതു്? സാധാരണയായി മേടമാസം 1-നു-യാണല്ലൊ വിഷു. വിഷു വിശേഷമായ ഒരു ദിവസമാകാൻ കാരണമെന്തു്? അന്നു സൂര്യൻ നമ്മുടെ തലയ്ക്കു നേരെ മീതെ ഉദിക്കുന്നതുകൊണ്ടുതന്നെ. നാം മദ്ധ്യരേഖയുടെ വടക്കുഭാഗത്താണല്ലൊ വസിക്കുന്നതു്? അതുകൊണ്ടു സൂര്യൻ മേടമാസത്തിൽ മദ്ധ്യരേഖയുടെ വടക്കുഭാഗത്താണെന്നു സിദ്ധമായി. മദ്ധ്യരേഖയിൽനിന്നു പുറപ്പെട്ടു സൂര്യനു് ഏതെങ്കിലും ഒരു അയനരേഖയിലെത്തി തിരികെ മദ്ധ്യരേഖയിലെത്തുവാൻ 6 മാസക്കാലം ആവശ്യമാണു്. മകരം മുതൽ മിഥുനംവരെയുള്ള കാലത്തെയാണു് ഉത്തരായനമെന്നു പറയുന്നതു്. മക

രത്തിൽ സൂര്യൻ തെക്കേഅറ്റത്തെത്തും. അവിടെനിന്നു വടക്കോട്ടു തിരിച്ചു് ഉത്തരായനരേഖയിന്മേലെത്താൻ 6 മാസക്കാലം വേണം. മീനം 6-ാംനു- സൂര്യൻ മധ്യരേഖയിന്മേലെത്തുന്നു. അവിടെനിന്നു 10 ഡിഗ്രിയിലധികം വടക്കോട്ടു മാറിയാണു നമ്മുടെ രാജ്യം. അതുകൊണ്ടു സൂര്യനു നമ്മുടെ തലയ്ക്കു നേരെ എത്തുവാൻ 24 ദിവസവുംകൂടി വേണ്ടിവരുന്നു. അതാണു നമ്മുടെ വിഷുമേടമാസത്തിലാകാൻ കാരണം. മിഥുനം അവസാനം ഉത്തരായനരേഖയിന്മേലെത്തുന്ന സൂര്യൻ പിന്നെ തെക്കോട്ടു പോകുന്നു. ആ പോക്കിനു ദക്ഷിണായനമെന്നു പേർ. ദക്ഷിണായനം കർക്കടം 1-ാംനു- തുടങ്ങി ധനു 30-ാംനു- അവസാനിക്കുന്നു.

സൂര്യന്റെ ഈ ഗതിവിശേഷംകൊണ്ടുണ്ടാകുന്ന ഫലമെന്തു്? ഉത്തരായനകാലത്തു സൂര്യൻ നമ്മുടെ തലയ്ക്കു നേരെ മീതെയാണല്ലൊ ഉദിച്ചുയരുന്നതു്. അതുകൊണ്ടു് അക്കാലത്തു സൂര്യരശ്മികൾ നമ്മുടെ തലയ്ക്കു നേരെ ലംബമായിപ്പതിക്കുന്നു. ലംബമായി വീഴുന്ന രശ്മികളിൽനിന്നും വളഞ്ഞുവീഴുന്ന രശ്മികളിൽനിന്നു സിദ്ധിക്കുന്നതിലധികം ഉഷ്ണം സിദ്ധിക്കുന്നു. അതുകൊണ്ടു് ഉത്തരായനകാലം നമ്മുടെ വേനല്ക്കാലമാകുന്നു. വേനല്ക്കാലത്തിന്റെ ആരംഭംമുതൽതന്നെ ഉഷ്ണമധികമാകുന്നതുകൊണ്ടു ജലാശയങ്ങളിലെ വെള്ളം ആവിയായി പരിണമിച്ചു് ആകാശത്തിലുയർന്നു മേഘമാകുന്നു. ഈ മേഘം പിന്നെ തണുത്തു മഴയായി പെയ്യുന്നു. അതാണു് വേനല്ക്കാലത്തിന്റെ അവസാനഭാഗമായ എടവംമുതലുള്ള കാലങ്ങളിൽ ഇവിടെ മഴ അത്യധികമായി പെയ്യുന്നതു്.

മദ്ധ്യരേഖാപ്രദേശത്തു് ഉഷ്ണം അധികമായിരിക്കുമെന്നു നിങ്ങൾ കണ്ടുവല്ലൊ. മുൻപറഞ്ഞ ഉത്തരായനരേഖയ്ക്കും ദക്ഷിണായനരേഖയ്ക്കും നടുവിലുള്ള പ്രദേശത്തെ ഉഷ്ണമേഖലയെന്നു പറയുന്നു. ഉത്തരായനരേഖ മുതൽ ഉത്തരധ്രുവരേഖവരെയുള്ള പ്രദേശം വടക്കെ ശീതോഷ്ണമേഖലയും, ഉത്തരായനരേഖമുതൽ വടക്കു ധ്രുവംവരെയുള്ള പ്രദേശം വടക്കെ ശീതമേഖലയും ആകുന്നു. ദക്ഷിണായനരേഖമുതൽ ദക്ഷിണധ്രുവരേഖവരെയുള്ള സ്ഥലം തെക്കേശീതോഷ്ണമേഖലയും; ദക്ഷിണധ്രുവരേഖമുതൽ ദക്ഷിണധ്രുവംവരെയുള്ള പ്രദേശം തെക്കേശീതമേഖലയുമാണു്. ഇങ്ങനെ ഉഷ്ണത്തെ അടിസ്ഥാനമാക്കി ഭ്രമിയുടെ ഉപരിതലത്തെ 5 മേഖലകളായി തിരിച്ചിരിക്കുന്നു. ഉഷ്ണത്തിന്നടിസ്ഥാനം സൂര്യനാണല്ലൊ.

അദ്ധ്യായം 3

ഭ്രമണവും പരിവർത്തനവും

സൂര്യൻ ദിവസംതോറും കിഴക്കുദിച്ചു പടിഞ്ഞാറസ്തമിക്കുന്നു. സൂര്യോദയം മുതൽ സൂര്യോദയം വരെയുള്ള സമയത്തെ നാം ഒരു ദിവസമെന്നു പറയുന്നു. ഒരു ദിവസത്തിൽ പകുതിഭാഗം പകലും പകുതിഭാഗം രാവുമാകുന്നു. സൂര്യപ്രകാശമുള്ള സമയത്തെ പകലെന്നും സൂര്യപ്രകാശമില്ലാത്ത സമയത്തെ രാവെന്നും പറയുന്നു.

ഇങ്ങനെ രാപ്പകലുകളുണ്ടാകുന്നതു ഭ്രമിയുടെ ഭ്രമണംകൊണ്ടാണു്. ഭ്രഭ്രമണം എന്നു പറഞ്ഞാലെന്തു്? ഭ്രമി ഒരു ഗോളമാണെന്നു നിങ്ങൾ ധരിച്ചുവല്ലൊ. ഈ ഗോളം സദാസമയവും ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കയാണു്. ഭ്രമിയുടെ ഈ തിരിച്ചിലിനെയാണു ഭ്രമണമെന്നു പറയുന്നതു്. ഇങ്ങനെ ഭ്രമി ചുറ്റുന്നതു് അതിന്റെ ഉള്ളിലുണ്ടെന്നു സങ്കല്പിച്ചിരിക്കുന്ന ഒരു അച്ചുതണ്ടിനെ ചുറ്റിയാണു്.

ഭ്രമി ഇങ്ങനെ ഉരുളുന്നുവെന്നു നാം അറിയാത്തതു് എന്തുകൊണ്ടു്? ഭ്രമിയുടെ വലിപ്പംതന്നെയാണു പ്രധാനകാരണം. ഭ്രമണത്തിന്റെ വേഗമാണു രണ്ടാമത്തെ കാരണം. മദ്ധ്യരേഖാപ്രദേശത്തു ഭ്രമി ഒരു മണിക്കൂറിൽ ഓരായിരം നാഴിക ചുറ്റുന്നുണ്ടു്. ഭ്രമിയുടെ ചുറ്റളവു 25,000 നാഴികയാണെന്നു പറഞ്ഞതു നിങ്ങൾ മറന്നിട്ടില്ലല്ലൊ. ഈ ദൂരമാസകലം ഭ്രമി ഒരിക്കൽ ചുറ്റുന്നതു 24 മണിക്കൂർ കൊണ്ടാണല്ലൊ. അതാണു മദ്ധ്യരേഖാപ്രദേശത്തു ഭ്രമി മണിക്കൂറിൽ 1000 നാഴിക ചുറ്റുന്നുവെന്നു പറവാൻ കാരണം.

സൂര്യനല്ല ഭ്രമിയാണു് ഇളകുന്നതു് എന്നു നിങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ ഒരു ദൃഷ്ടാന്തം പറയാം. തീവണ്ടിയിൽ സഞ്ചരിച്ചിട്ടുള്ള ആളുകളുടെ അനുഭവമാണിതു്. തീവണ്ടിപ്പാതയുടെ വക്കത്തു നില്ക്കുന്ന വൃക്ഷങ്ങളും കെട്ടിടങ്ങളും തിരിഞ്ഞുതിരിഞ്ഞു പിന്നോക്കം പോകുന്നുവെന്നാണു തീവണ്ടിയിൽ ഇരിക്കുന്ന ആളുകൾക്കു തോന്നുന്നതു്. വാസ്തവത്തിൽ നീങ്ങുന്നതു തീവണ്ടിയും, അതിനകത്തുള്ള ആളുകളുമാണല്ലൊ. അപ്രകാരംതന്നെ

സൂര്യൻ കിഴക്കുദിച്ചു പടിഞ്ഞാറസ്തമിക്കുന്നുവെന്നു തോന്നുന്നുണ്ടെങ്കിലും ഭ്രമിയാണു പടിഞ്ഞാറുനിന്നു കിഴക്കോട്ടു തിരിയുന്നതു്.

പടിഞ്ഞാറുനിന്നു കിഴക്കോട്ടു് ഉരുളുന്ന ഭ്രഗോളത്തിന്റെ ഒരുഭാഗം സൂര്യബിംബത്തിന്നെതിരായിവരുന്നു. അങ്ങനെ സൂര്യബിംബത്തിന്നെതിരായിവരുന്ന സമയത്തു് അവിടെ സൂര്യോദയമുണ്ടാകുന്നു. സൂര്യപ്രകാശം ഒരു സ്ഥലത്തു് ഏതാണ്ടു 12 മണിക്കൂർനേരം തട്ടുന്നുവെന്നു വയ്ക്കുക. സൂര്യപ്രകാശം തട്ടുവാൻ തുടങ്ങുന്ന സമയത്തിനാണു സൂര്യോദയമെന്നു പറയുന്നതു്. ഏതാണ്ടു 6 മണിക്കൂർസമയംകൊണ്ടാണു് ഈ ഭാഗം സൂര്യബിംബത്തിനു നേരെ എതിരായി വരുന്നതു്. അപ്പോഴാണു് ആ ഭാഗത്തു മദ്ധ്യാഹ്നം അഥവാ നട്ടുച്ച. പിന്നെ ആ ഭാഗം സൂര്യബിംബത്തിന്റെ നേരെനിന്നു് ഉരുണ്ടുപോകുന്നു. 6 മണിക്കൂർ സമയവുംകൂടി ആ പ്രദേശത്തു സൂര്യപ്രകാശം തട്ടിക്കൊണ്ടിരിക്കും. ഇങ്ങനെ സൂര്യപ്രകാശം തട്ടുന്നസമയത്തെ പകലെന്നു പറയുന്നു. പിന്നെ 12 മണിക്കൂർസമയത്തേക്കു് ആ ഭാഗം സൂര്യബിംബത്തിന്റെ നേരെനിന്നു മറഞ്ഞിരിക്കും. അപ്പോൾ ആ ഭാഗത്തു രാവാകുന്നു. ഇങ്ങനെ ഭ്രഭ്രമണത്താൽ രാപ്പകലുകളുണ്ടാകുന്നു. ഭ്രഭ്രമണത്തിനു ദിനചലനമെന്നും പേരുണ്ടു്.

ഈ ദിനചലനത്തിനു പുറമെ ഭ്രമിക്കു മറ്റൊരു ചലനവുംകൂടിയുണ്ടു്. അതിനു വാർഷികചലനമെന്നു പേർ. അതിനു് ആ പേർ വരുവാൻ കാരണമെന്തു്? ഈ ചലനം ഒരുവട്ടം പൂർത്തിയാകുന്നതു് ഒരുവർഷം

കൊണ്ടാണു്. അതാണു് അതിനു വാർഷികചലനമെന്നു പറയുവാൻ കാരണം. തന്നത്താൻ ഭ്രമണം ചെയ്യുന്ന ഭ്രമി സൂര്യനെ പ്രദക്ഷിണം വയ്ക്കുകകൂടി ചെയ്യുന്നു. സൂര്യനെ ഒരിക്കൽ പ്രദക്ഷിണം വക്കുന്നതിനു ഭ്രമിക്കു് ഒരു കൊല്ലം അഥവാ 365¼ ദിവസം ആവശ്യമാണു്.

ഇങ്ങനെ ഭ്രമി സൂര്യനെ പ്രദക്ഷിണം വയ്ക്കുന്നതു് എപ്പോഴും ഒരേ ഒരു മാർഗ്ഗത്തിൽ കൂടിയാണു്. ഈ മാർഗ്ഗം ഏതാണ്ടു് അണ്ഡാകൃതിയുള്ളതാകുന്നു. ഈ മാർഗ്ഗത്തിനു ഭ്രമിയുടെ പ്രദക്ഷിണ വൃത്തമെന്നു പേരിടാം. ഭ്രമി ഈ പ്രദക്ഷിണ വൃത്തത്തിൽ കൂടി ചരിക്കുമ്പോൾ ഭ്രമിയുടെ അച്ചുതണ്ടു് അല്പം ചാഞ്ഞാണു നില്ക്കുന്നതു്. ഈ ചരിവു 23½ ഡിഗ്രിയോളമുണ്ടെന്നാണു ശാസ്ത്രജ്ഞന്മാർ പറയുന്നതു്. ഇങ്ങനെ ചരിഞ്ഞുനില്ക്കുന്നതുകൊണ്ടാണു ഭ്രമിയിൽ എല്ലായിടത്തും പകലും രാവും ഒരേ ദൈർഘ്യത്തിലല്ലാത്തതു്. അച്ചുതണ്ടു പ്രദക്ഷിണ വൃത്തത്തിൽ നിവന്നായിരുന്നു നിന്നിരുന്നതെങ്കിൽ ഭ്രമിയിൽ എല്ലായിടത്തും 12 മണിക്കൂർ പകലും 12 മണിക്കൂർ രാവുമാകുമായിരുന്നു. കാലവ്യത്യാസങ്ങൾക്കും കാരണം ഈ ചരിവുതന്നെയാണു്.

ഭ്രമിയുടെ അറ്റങ്ങൾക്കു ധ്രുവങ്ങളെന്നാണല്ലൊ പേർ. ധ്രുവങ്ങളിൽ വസിക്കുന്ന ജനങ്ങൾക്കു രാപ്പകലുകളുടെ ദൈർഘ്യം നമ്മുടേതുപോലെയല്ല. ഒരുകാലത്തു് ഉത്തരധ്രുവമായിരിക്കും സൂര്യനഭിമുഖമായി നില്ക്കുന്നതു്. അക്കാലത്തു് അവിടെ 24 മണിക്കൂറും പകലായിരിക്കും. അപ്പോൾ നേരെമറിച്ചായിരിക്കും ദക്ഷിണ ധ്രുവത്തിലെ സ്ഥിതി. മറെറാരുകാലത്തു ദക്ഷിണ

ധ്രുവമായിരിക്കും സൂര്യനഭിമുഖമായി നില്ക്കുന്നത്. ആ സമയത്തു ദക്ഷിണധ്രുവത്തിൽ 24 മണിക്കൂറും പകലാകും. ഒരു ധ്രുവത്തിൽ 6 മാസക്കാലം മുഴുവനും പകലായും 6 മാസക്കാലം മുഴുവനും രാവായും വരുവാൻ വഴിയുണ്ട്. മദ്ധ്യരേഖയുടെ അടുത്തു വസിക്കുന്ന നമുക്കുതന്നെ രാപ്പകലുകളുടെ ദൈർഘ്യം തുല്യമല്ല. മേടമാസംമുതൽ പകലധികമായും രാവു കുറവായും വരുന്നതാണല്ലൊ നമ്മുടെ അനുഭവം. അന്നു സൂര്യൻ മദ്ധ്യരേഖയുടെ വടക്കോഗത്തു നില്ക്കുന്നതാണു് ഇതിനു കാരണം. സൂര്യൻ നമ്മിൽനിന്നു ദൂരത്തിരിക്കുന്നു. തുലാം മുതലായ മാസങ്ങളിൽ നമുക്കു രാവാണു് അധികമായിരിക്കുക. നമ്മുടെ രാജ്യത്തു ഇങ്ങനെ സംഭവിക്കാമെങ്കിൽ ധ്രുവങ്ങളിൽ 6 മാസകാലം മുഴുവനും പകലും രാവും ആകുന്നതിൽ അത്ഭുതമില്ലല്ലൊ.

സൂര്യഗോളം ഭൂഗോളത്തേക്കാൾ വളരെ വലുതാണു്. ഈ ഗോളങ്ങൾ സദാ അന്യോന്യം ആകർഷിച്ചുകൊണ്ടിരിക്കുന്നു. ആകർഷണത്തിന്റെ ഫലമായാണു ചെറിയ ഗോളമായ ഭൂമി വലിയ ഗോളമായ സൂര്യനെ പ്രദക്ഷിണം വയ്ക്കുന്നതും.

അദ്ധ്യായം 4

സൂര്യൻ, ചന്ദ്രൻ, ഭൂമി

ആകാശസ്ഥിതമായ ഒരു ഗോളമാണു സൂര്യൻ. ആകാശത്തുകാണുന്ന അനവധി നക്ഷത്രങ്ങളിൽ ഒന്നാണത്രെ സൂര്യൻ. സൂര്യൻ നക്ഷത്രമാകുമോ എന്നു നിങ്ങൾ സംശയിക്കേണ്ട. മറ്റു നക്ഷത്രങ്ങളിൽനിന്നും നാം അതിനെ വേർതിരിച്ചു് അതിനു സൂര്യനെന്നു നാമകരണം ചെയ്തതാണു്. സൂര്യൻ മറ്റു നക്ഷത്രങ്ങളെക്കാൾ വളരെയധികം പ്രകാശമുള്ളതായി നമുക്കു തോന്നുന്നതു്, അതു നമുക്കു് അടുത്തു് ഇരിക്കുന്നതുകൊണ്ടത്രെ. സൂര്യഗോളം നമുക്കു് അടുത്തിരിക്കുന്നുവെന്നു പറയുന്നുവെങ്കിലും ആ ഗോളംതന്നെയും ഭൂമിയിൽനിന്നു 9,30,00,000 നാഴിക ദൂരത്തത്രെ.

സൌരയൂഥത്തിന്റെ നായകനാണു സൂര്യൻ. ആകാശത്തു തിളങ്ങിക്കൊണ്ടിരിക്കുന്ന ഒരു ഗോളമായാണു് അതു നമുക്കു പ്രത്യക്ഷപ്പെടുന്നതു്. നമുക്കു സൂര്യഗോളത്തിൽനിന്നു ചൂടും വെളിച്ചവും ലഭ്യമാകുന്നു. സൂര്യൻ നമ്മുടെ ഭൂമിയെക്കാൾ പത്തരലക്ഷം ഇരട്ടി വലുതായ ഒരു ഗോളമത്രെ. സൂര്യഗോളം കത്തിയെരിഞ്ഞുകൊണ്ടിരിക്കുന്ന ഒരു ബാഷ്പപിണ്ഡമത്രെ. ആ പിണ്ഡത്തിൽ ചില ഭാഗത്തിനു മറ്റുഭാഗങ്ങളേക്കാൾ കട്ടി കൂടും. സൂര്യനിൽനിന്നു പുറപ്പെടുന്ന ചൂടു് ഇത്രയെന്നു് അളക്കുവാൻ പ്രയാസം. എത്രകാലമായി ഇങ്ങനെ ചൂടു് ആ

ഗ്ലോളത്തിൽനിന്നു പുറപ്പെട്ടതുടങ്ങീട്ട് എന്നു നിശ്ചയിക്കാനും പ്രയാസം. എന്നിട്ടും സൂര്യൻ അശേഷംതന്നെ തണുത്തുകാണുന്നില്ല.

സൂര്യനിൽനിന്നു പുറപ്പെടുന്ന രശ്മി ഒരു സെക്കണ്ടിൽ 1,86,000 നാഴികവീതം സഞ്ചരിക്കുന്നുണ്ടത്രെ. എന്നിട്ടുതന്നെയും 8 മിനിട്ട് അഥവാ 48 സെക്കണ്ടുകൊണ്ടാണ് ആ രശ്മിയുടെ വെളിച്ചം ഭൂമിയിൽ പതിക്കുന്നതു്.

നിങ്ങൾക്കു് ആരെങ്കിലും ആകാശവിമാനത്തിൽ കയറിയാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടോ? ഇപ്പോൾ ജനങ്ങൾ സാധാരണയായി ആകാശത്തിൽ സഞ്ചരിക്കുന്നുണ്ടല്ലൊ. ആകാശവിമാനത്തിൽ കയറി സൂര്യന്റെ അടുക്കലേക്കുപോകാൻ സാധിക്കുമോ? എന്നു ശാസ്ത്രജ്ഞന്മാർ പരീക്ഷിക്കുന്നുണ്ട്. ഒരു മണിക്കൂറിൽ 50 നാഴികവീതം ഓടുന്ന ഒരു തീവണ്ടിയിൽ കയറിയാൽ 200 കൊല്ലംകൊണ്ടു് സൂര്യനിൽ എത്താവുന്നതാണു്. ആകാശവിമാനത്തിലായാൽ ഇത്ര കാലതാമസം വേണ്ടിവരികയില്ലായിരിക്കാം.

ഈ ലോകത്തിൽ കാണുന്ന സകലത്തിന്നും ജീവനെ കൊടുക്കുന്നതു് സൂര്യനാണു്. നാം ചെയ്യുന്ന സകല കർമ്മത്തിന്നും സൂര്യൻ സാക്ഷിയാകുന്നു. സൂര്യനെ സാക്ഷാൽ ദൈവമായി കരുതുന്നവരുമുണ്ടു്.

ഇത്ര ദൂരത്തിരിക്കുന്ന നമുക്കുതന്നെ ചിലസമയത്തു് സൂര്യന്റെ ചൂടുസഹിച്ചുകൂടാ. സൂര്യഗോളത്തോടു് അടുത്താൽ ഉഷ്ണം എത്ര ദുസ്സഹമായിരിക്കുമെന്നു് ആലോചിച്ചുനോക്കുക.

ആകാശസ്ഥിതമായ മറെറാരുഗോളമാണു് ചന്ദ്രൻ. ചന്ദ്രൻ സൂര്യനെപ്പോലെ സ്വയം പ്രകാശിക്കുന്ന ഒരു ഗോളമല്ല. സൂര്യന്റെ വെളിച്ചം ചന്ദ്രനിൽ പ്രതിഫലിക്കുന്നതുകൊണ്ടാണു് ചന്ദ്രഗോളത്തിനു പ്രകാശമുണ്ടാകുന്നതു്. ചന്ദ്രനു ഭൂമിയുടെ അൻപതിലൊരംശം മാത്രമെ വലുപ്പമുള്ളു. ചന്ദ്രൻ ഭൂമിയിൽനിന്നു 2,40,000 നാഴിക ദൂരെയാണു് സ്ഥിതിചെയ്യുന്നതു്.

ചന്ദ്രൻ ഒരുകാലത്തു് സൂര്യനെപ്പോലെതന്നെ പ്രകാശമുള്ള ഒരു ഗോളമായിരുന്നു. എന്നാൽ ഇപ്പോൾ അതിനു സ്വയം പ്രകാശമില്ലയെന്നു പറഞ്ഞുവല്ലൊ. ചന്ദ്രഗോളത്തിൽ അനവധി മലകളും, കുന്നുകളും, താഴ്വരകളും കാണാം. മലകൾ അഗ്നിപർവ്വതങ്ങളാണു്. ചന്ദ്രനിൽ വെള്ളമോ, മഴയോ, സമുദ്രമോ, നദിയോ, തടാകമോ ഇല്ല. എന്നുമാത്രമല്ല, അവിടെ വായുപോലുമില്ലപോൽ. അവിടെ യാതൊരു സസ്യങ്ങളുമില്ല, മൃഗങ്ങളുമില്ല. അവിടെ നിശ്ശബ്ദമാണു്. ചന്ദ്രൻ ഭൂമിയെ ചുറ്റുന്ന ഒരു ഉപഗ്രഹമാണു്. 29½ ദിവസംകൊണ്ടാണു് ചന്ദ്രൻ ഭൂമിയെ ഒരിക്കൽ ചുറ്റുന്നതു്.

ചന്ദ്രനെ നാം എന്നും ഒരേ ആകൃതിയിലല്ല കാണുന്നതു്. നാം ചന്ദ്രനെ പൂർണ്ണമായി കാണുന്ന ഒരു ദിവസമുണ്ടു്. അതിനു പൌർണ്ണമിയെന്നു പേർ. അന്നു നാം പൂർണ്ണമായി കാണുന്ന ചന്ദ്രൻ ക്രമേണ ചെറുതായി 15 ദിവസംകൊണ്ടു നമുക്കു തീരെ കാണാതാകുന്നു. അങ്ങനെ ചന്ദ്രനെ തീരെ കാണാതാകുന്ന ദിവസമാണു

അമാവാസി. അമാവാസിക്കു ശേഷം ചന്ദ്രബിംബം ക്രമേണ വർദ്ധിക്കുന്നു. ഇങ്ങനെ ഏറിയും കുറഞ്ഞും കാണുന്നതിനു വൃദ്ധിക്ഷയങ്ങളെന്നു പേർ.

നമ്മുടെ പാപ്പിടമായ ഭൂമിയും ആകാശസ്ഥിതമായ ഒരു ഗോളമത്രെ. ആകാശം എന്നു പറഞ്ഞാൽ ഒഴിഞ്ഞ സ്ഥലം എന്നു മാത്രമേ ഇവിടെ അർത്ഥമുള്ളൂ. നമ്മുടെ ഭൂമി ആകാശത്താണിരിക്കുന്നതു് എന്നു കേൾക്കുമ്പോൾ നിങ്ങൾ പരിഭ്രമിക്കേണ്ടുന്ന ആവശ്യമില്ല.

ഭൂമിയും ഒരുകാലത്തു സൂര്യനെപ്പോലെ കത്തിജ്വലിച്ചുകൊണ്ടിരുന്ന ഒരു ഗോളമായിരുന്നു. പിന്നെ അതു ക്രമേണ തണുത്തു് അധിവാസയോഗ്യമായതാണു്. ഭൂമിയുടെ ഉപരിഭാഗത്തെ നാം വസിക്കുന്നതു്. ഈ ഗോളത്തിന്റെ അന്തർഭാഗം ഇനിയും തണുത്തിട്ടില്ല. ഭൂമിയുടെ അന്തർഭാഗത്തു വെള്ളമുണ്ടല്ലൊ. ആ വെള്ളം കാണുന്ന പ്രദേശത്തിന്നപ്പുറം കുഴിച്ചുചെല്ലുവാൻ സാധിക്കാതിരിക്കത്തക്കവണ്ണം അവിടെ അത്ര ഉഷ്ണമാണു്. അഗ്നിപർവ്വതങ്ങൾ ഇന്നും പൊട്ടിപ്പുറപ്പെടുന്നുണ്ടല്ലൊ. ഇങ്ങനെ പൊട്ടിപ്പുറപ്പെടുവാനുള്ള കാരണം അന്തർഭാഗത്തുള്ള ഉഷ്ണംതന്നെ.

അദ്ധ്യായം 5

സൌരയൂഥം


ആകാശസ്ഥിതങ്ങളായ ഗോളങ്ങൾക്കെല്ലാംകൂടി നക്ഷത്രമണ്ഡലമെന്നു പേർ പറയാം.

നക്ഷത്രങ്ങളെ സ്ഥിരനക്ഷത്രങ്ങളെന്നും ഗ്രഹങ്ങൾ അഥവാ ചരനക്ഷത്രങ്ങളെന്നും രണ്ടായിത്തിരിക്കാവുന്നതത്രെ. ഗ്രഹങ്ങളിൽ ഉപഗ്രഹങ്ങൾ എന്നൊരു അവാന്തരവിഭാഗം കൂടിയുണ്ട്.

നമ്മുടെ സൂര്യൻ ഒരു സ്ഥിരനക്ഷത്രമത്രെ. സൂര്യനെപ്പോലെയുള്ള 3,000 നക്ഷത്രങ്ങളെ ആകാശത്തിൽ നമ്മുടെ കണ്ണുകൊണ്ടു കാണാം.

സൌരയൂഥത്തിൽ സൂര്യനും ആ ഗോളത്തെ ചുറ്റുന്ന മറ്റു ഗോളങ്ങളും ഉൾപ്പെട്ടിരിക്കുന്നു. ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ, വ്യാഴം, ശനി, യൂറാനസ്സ് (അരുണൻ) നെപ്ട്യൂൻ (വരുണൻ) എന്നിവയാണു സൂര്യനെ ചുറ്റുന്ന ഗ്രഹങ്ങൾ. ഈ ഗ്രഹങ്ങളെല്ലാം സൂര്യനിൽ നിന്നു തുല്യദൂരത്തല്ല. ബുധനാണു സൂര്യനു ഏറ്റവും അടുത്ത ഗ്രഹം. വരുണൻ ഏറ്റവും ദൂരസ്ഥിതമായ ഗ്രഹവുമാകുന്നു. ഭൂമിയുടെ ഉപഗ്രഹമായ ചന്ദ്രനും ഈ സൌരയൂഥത്തിലെ ഒരംശമത്രെ.

ഈ ഗോളങ്ങളെല്ലാം ഒരുപോലെ ഉറച്ചവയല്ല. ബുധൻ, ശുക്രൻ; ചൊവ്വാ എന്നീ ഗ്രഹങ്ങൾ ഭൂമിയോ



ളമോ ഭൂമിയിൽ അധികമോ ഉറച്ചുവയാണ്. ഗ്രഹങ്ങൾക്കു സൂര്യനെ ഒരിക്കൽ ചുറ്റുവാനുള്ള സമയത്തിനാണു കൊല്ലമെന്നു പറയുന്നതു്. ബുധൻ 88 ദിവസംകൊണ്ടും, ശുക്രൻ 225 ദിവസംകൊണ്ടും, ഭൂമി 365 ദിവസംകൊണ്ടും, ചൊവ്വാ 687 ദിവസംകൊണ്ടും, വ്യാഴം 12 കൊല്ലംകൊണ്ടും, ശനി 29½ കൊല്ലംകൊണ്ടും, യൂറാനസ്സു് 84 കൊല്ലംകൊണ്ടും, നെപ്ട്യൂൺ 165 കൊല്ലംകൊണ്ടും സൂര്യനെ ഒരിക്കൽ ചുറ്റുന്നു. സൂര്യനു് ഏറ്റവും അടുത്തിരിക്കുന്ന ഗ്രഹമായ ബുധൻതന്നെ 3,57,50,000 നാഴിക ദൂരത്തത്രേ സ്ഥിതിചെയ്യുന്നതു്.


ബുധനാണു് ഏറ്റവും ചെറിയ ഗ്രഹം. അപ്രകാരംതന്നെ വ്യാഴമാണു് ഏറ്റവും വലിയ ഗ്രഹം. ഏറ്റവും പ്രകാശമുള്ള ഗ്രഹം ശുക്രനാണത്രെ. ശുക്രനെ നാം ചിലപ്പോൾ കിഴക്കും ചിലപ്പോൾ പടിഞ്ഞാറും കാണുന്നു.

ഈ ഗ്രഹങ്ങളുടെ പേരുകളാണു് നമ്മുടെ ആഴ്ചകളുടെ പേരുകൾ. ഗ്രഹങ്ങളിൽ ബുധനെ മാത്രം നാം കാണുന്നില്ല.

ഭൂമിയുടെ സ്ഥാനവും ഗ്രഹണങ്ങളും

സൂര്യൻ ആകാശത്തിൽ ഉറച്ചുനിൽക്കുന്ന ഒരു ഗോളമാണെന്നും ഭൂമി സൂര്യനെ ചുറ്റി പ്രദക്ഷിണംവെയ്ക്കുന്നുവെന്നും ചന്ദ്രൻ ഭൂമിയെ ചുറ്റുന്നുവെന്നും നിങ്ങൾ ഗ്രഹിച്ചുവല്ലൊ.


സൂര്യഗ്രഹണം



സ്ഥിരമായ ഒരു പന്ഥാവിൽക്കൂടിയാണ് ഭൂമി സൂര്യനെ ചുറ്റുന്നതു്. അങ്ങനെ ഭൂമി സൂര്യനെ പ്രദക്ഷിണംവെയ്ക്കുന്നതിനിടയിൽ ചന്ദ്രൻ ഭൂമിയേയും ചുറ്റുന്നു. ചില സമയം ചന്ദ്രബിംബം സൂര്യഗോളത്തിനു നേരെ എതിരായി വരുന്നു. അന്നു സൂര്യന്റെ വെളിച്ചം പൂർണ്ണമായി ചന്ദ്രാർദ്ധത്തിൽ പ്രകാശിക്കുന്നു. ചന്ദ്രൻ ചിലപ്പോൾ

ഭൂമിയുടെ പ്രദക്ഷിണമാർഗ്ഗത്തിന്നകത്തുവരുന്നു. അങ്ങനെ വരുന്ന സമയത്തു് സൂര്യന്റെ പ്രകാശം തട്ടുന്ന ചന്ദ്രഭാഗം നമ്മിൽനിന്നു മറഞ്ഞിരിക്കുന്നു. അപ്പോൾ നാം കാണുന്നതു് ചന്ദ്രന്റെ പ്രകാശമില്ലാത്ത ഭാഗമാണു്; അന്നു നാം ചന്ദ്രനെ തീരെ കാണുന്നില്ല. അന്നത്തെ ദിവസമാണു് അമാവാസി. ചില അമാവാസിനാൾ ചന്ദ്രൻ സൂര്യനും ഭൂമിക്കും മദ്ധ്യേ ഒരേ വിതാനത്തിൽ വരും. അങ്ങനെ വരുമ്പോൾ ചന്ദ്രൻ സൂര്യനെ നമ്മുടെ ദൃഷ്ടിയിൽനിന്നും മറയ്ക്കുന്നതു്. അങ്ങനെ സൂര്യബിംബം മറയുന്നതിനു നാം സൂര്യഗ്രഹണമെന്നു പറയുന്നു.

ചന്ദ്രഗ്രഹണം



ചിലപ്പോൾ ചന്ദ്രൻ ഭൂമിയുടെ പരിവർത്തനവൃത്തത്തിന്റെ പുറത്തുവരുന്നു. അന്നു ചന്ദ്രാർദ്ധഭാഗം നമുക്കു പൂർണ്ണമായി ദൃശ്യമാകുന്നു. അന്നു പൌർണ്ണമിയത്രെ. ചില പൌർണ്ണമിനാൾ ഭൂമി സൂര്യനും ചന്ദ്രനും മദ്ധ്യേ

ഒരേ വിതാനത്തിൽ വരും. അപ്പോൾ ചന്ദ്രഗോളം ഭൂമിയാൽ മറയ്ക്കപ്പെടും. അതായതു്, സൂര്യപ്രകാശം ചന്ദ്രനിലെത്താതെ ഭൂമി തടുക്കും. അപ്പോൾ സോമഗ്രഹണമുണ്ടാകുന്നു.

എല്ലാ വാവുന്നാളും ഗ്രഹണമുണ്ടായിക്കൂടയോ എന്നൊരു ചോദ്യത്തിനു് ഇവിടെ അവകാശമുണ്ടു്. ഭൂമിയും ചന്ദ്രനും എല്ലാ സമയത്തും സഞ്ചരിച്ചുകൊണ്ടിരിക്കുന്നതിനാൽ സൂര്യൻ, ചന്ദ്രൻ, ഭൂമി എന്നീ മൂന്നു ഗോളങ്ങളും എല്ലാ വാവുന്നാളും ഒരേ ഒരു വിതാനത്തിൽ വരുന്നില്ല. സൂര്യന്റെ ഉദയസ്ഥാനം ഭൂമിയിൽ മാറി മാറി വരുന്നതുകൊണ്ടു് ഈ മൂന്നു ഗോളങ്ങളും ഒരേ വിതാനത്തിൽ വരാൻ അധികമായ പ്രതിബന്ധമുണ്ടാകുന്നു. ഈ പ്രതിബന്ധംമൂലം ഗ്രഹണങ്ങളും നന്നു കുറയുന്നുവെന്നു നിങ്ങളും ധരിക്കേണ്ടതത്രെ.

ഒരു കറുത്തവാവുമുതൽ അടുത്ത കറുത്തവാവുവരെയുള്ള $29\frac{1}{2}$ ദിവസത്തിന്നാണു നാം ഒരു ചന്ദ്രമാസമെന്നു പറയുന്നതു്.

അദ്ധ്യായം 7

സ്ഥലജലങ്ങൾ

ഭൂമിയുടെ ഉപരിഭാഗത്തെ സ്ഥലമെന്നും ജലമെന്നും രണ്ടായി ഭാഗിക്കാം. ഈ ഉപരിഭാഗത്തിന്റെ ആകെ വിസ്താരം 19 കോടിയിൽ അധികം ചതുരശ്രനാഴിക യത്രെ. ഈ പത്തൊമ്പതിൽച്ചില്വാനം കോടിയിൽ ഏതാണ്ട് 14 കോടി ചതുരശ്രനാഴികവിസ്താരം വരുന്ന ഭാഗം ജലമാണ്. ശേഷമുള്ളതുമാത്രമേ സ്ഥലമുള്ളൂ.

സ്ഥലത്തിന്റെ ഏറ്റവും വലിയ വിഭാഗത്തിനു വൻകരയെന്നും ജലത്തിന്റെ ഏറ്റവും വലിയ വിഭാഗത്തിനു സമുദ്രമെന്നും പേർ. ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക, വടക്കേഅമേരിക്ക, തെക്കേഅമേരിക്ക, ഓഷ്യാനിയ എന്നിവയാണു വൻകരകൾ. ഉത്തരധ്രുവസമുദ്രം, അന്തലാന്തികസമുദ്രം, ഹിന്ദുസമുദ്രം, പസിഫിക്കുസമുദ്രം, ദക്ഷിണധ്രുവസമുദ്രം എന്നിവയാണു പ്രധാന സമുദ്രങ്ങൾ. വൻകരകൾ മൂന്നു പ്രധാന ഖണ്ഡങ്ങളായി കിടക്കുന്നുവെന്നു പറയാം. ആദ്യത്തെ ഖണ്ഡത്തിൽ ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക എന്നിവയും രണ്ടാമത്തെ ഖണ്ഡത്തിൽ വടക്കേഅമേരിക്കയും തെക്കേഅമേരിക്കയും; മൂന്നാമത്തെ ഖണ്ഡത്തിൽ ഓഷ്യാനിയയും സ്ഥിതിചെയ്യുന്നു.

ഏഷ്യയാണു ലോകത്തിലെ ഏറ്റവും വലിയ വൻകര. ആകെയുള്ള സ്ഥലവിഭാഗത്തിന്റെ ഏതാണ്ടു മൂ

ന്നിലൊരുഭാഗമാണ് ഈ വൻകരയെന്നു പറയാം. ഈ ഭൂമിയിൽ ഇന്ന് ആകെ 185 കോടി ജനമുണ്ട്. ആ വലിയ തുകയിൽ ഏതാണ്ടു 100 കോടി ജനങ്ങളും ഈ ഏഷ്യയിലാണു വസിക്കുന്നതു്.

യൂറോപ്പിന്റെ വിസ്താരം 37 ലക്ഷം ചതുരശ്രനാഴികയും അവിടത്തെ ആകെ ജനസംഖ്യ 35 കോടിയുമാകുന്നു.

ആഫ്രിക്കയ്ക്കു 1 കോടി 12 ലക്ഷം ചതുരശ്രനാഴിക വിസ്താരമുണ്ടത്രെ. അവിടെ ആകെ 20 കോടി ജനം നിവസിക്കുന്നു.

വടക്കേഅമേരിക്കയുടെ വിസ്താരം 90 ലക്ഷം ചതുരശ്രനാഴികയും തെക്കേഅമേരിക്കയുടെ വിസ്താരം 70 ലക്ഷം ചതുരശ്രനാഴികയുമാകുന്നു. രണ്ടു് അമേരിക്കകളിലും കൂടി 15 കോടിയിൽ അധികം ജനം അധിവസിക്കുന്നു.

ഓഷ്യാനിയയുടെ വിസ്താരം ഏതാണ്ടു 38 ലക്ഷം ചതുരശ്രനാഴികതന്നെ. അവിടെ 6 കോടിയിൽ അധികം ജനങ്ങളുണ്ടു്.

വൻകരകളെ രാജ്യങ്ങളായി വിഭജിച്ചിരിക്കുന്നു. ഇന്ത്യ, ജപ്പാൻ, ചൈന, റഷ്യ, അറേബിയ, പേർഷ്യ, അഫ്ഗാനിസ്ഥാൻ എന്നിവയാണു് ഏഷ്യയിലെ പ്രധാനരാജ്യങ്ങളും. ഇംഗ്ലണ്ടു്, ഫ്രാൻസു്, ജർമ്മനി, ഇറലി, റഷ്യ, സ്പെയിൻ, നോർവെ, സ്വീഡൻ, പോർട്ടുഗൽ, ആസ്ട്രിയ എന്നിവയാണു് യൂറോപ്പിലെ പ്രധാനരാജ്യങ്ങളും. ഐക്യനാട്ടുകളും, കനഡ, മെക്സിക്കോ എന്നീരാജ്യങ്ങളും വടക്കേഅമേരിക്കയുടേയും, ബ്രസീൽ, കൊളംബിയാ, പെറു, ചിലി, ആർജൻറിന മുതലായ

വ തെക്കേഅമേരിക്കയുടേയും പ്രധാനവിഭാഗങ്ങളത്രെ. ഈജിപ്ത്, മൊറോക്കോ, സൂഡൻ, ആഫ്രിക്കയിലെ രാജ്യങ്ങളിൽ പ്രധാനമായവ. കാനഡ, ന്യൂസൌത്ത്വെയിൽസ്, ദക്ഷിണാസ്ത്രേലിയ എന്നിവയാണ് ആസ്ത്രേലിയയിലെ പ്രധാന രാജ്യങ്ങൾ. ന്യൂസിലാണ്ട്, ടാസ്മേനിയ എന്നീദ്വീപുകൾ ഓഷ്യാനിയായിൽ ഉൾപ്പെട്ടിരിക്കുന്നു.

സമുദ്രങ്ങളിൽവെച്ച് ഏറ്റവും വലിയതും ആഴം കൂടിയതും പസിഫിക്ക് സമുദ്രമത്രെ. അതിന് ഏതാണ്ട് 5 നാഴിക ആഴമുണ്ട്. അതിന്റെ വിസ്താരം ഉദ്ദേശം 7 കോടി ചതുരശ്രനാഴികയത്രെ. ഈ സമുദ്രം ഏഷ്യ, അമേരിക്ക എന്നീ വൻകരകളുടെ നടുവിൽ കിടക്കുന്നു.

വലിപ്പംകൊണ്ട് രണ്ടാമത്തേതാണ് അന്തലാന്തിക സമുദ്രം. എന്നാൽ അതു പ്രാധാന്യംകൊണ്ട് ഒന്നാമത്തേതാകുന്നു. അതു യൂറോപ്പിനും അമേരിക്കയ്ക്കും മദ്ധ്യേ സ്ഥിതിചെയ്യുന്നു. ഈ സമുദ്രത്തിൽക്കൂടിയാണ് ഏറ്റവുമധികം കച്ചവടം നടക്കുന്നത്.

ഹിന്ദുസമുദ്രം ഇന്ത്യയുടെ തെക്കുഭാഗത്തു കിടക്കുന്നു.

ഉത്തരധ്രുവസമുദ്രം ഉത്തരധ്രുവത്തിന്നു ചുറ്റും ദക്ഷിണധ്രുവസമുദ്രം ദക്ഷിണധ്രുവത്തിന്നുചുറ്റും കിടക്കുന്നു.

ശാന്തസമുദ്രത്തിലെ പ്രധാന കടലുകൾ, ജപ്പാൻ കടൽ, മഞ്ഞക്കടൽ, ചൈനക്കടൽ, ബ്രിങ്ങ്കടൽ, എന്നിവയും അന്തലാന്തികസമുദ്രത്തിലെ പ്രധാനകട

ലുകടം മദ്ധ്യധരണ്യാഴിക്കടൽ, ബിസ്കേ ഉൾക്കടൽ, ഗിനി ഉൾക്കടൽ, മെക്സിക്കോ ഉൾക്കടൽ എന്നിവയുമാകുന്നു. ഹിന്ദുസമുദ്രത്തിൽ അറബിക്കടൽ, ബങ്കാൾ ഉൾക്കടൽ, പേർഷ്യൻകടൽ എന്നീ കടലുകളുണ്ട്. വെള്ളക്കടലാണു് ഉത്തരധ്രുവസമുദ്രത്തിലെ പ്രധാനവിഭാഗം.

അദ്ധ്യായം 8

അർദ്ധഗോളങ്ങൾ

മദ്ധ്യരേഖ ഭൂഗോളത്തെ രണ്ടായി വിഭജിക്കുന്നുവെന്നു പറഞ്ഞതു നിങ്ങൾ മറന്നിട്ടില്ലല്ലൊ. ഇങ്ങനെ തിരിഞ്ഞിരിക്കുന്ന അർദ്ധഗോളങ്ങൾക്കു് ഉത്തരാർദ്ധഗോളമെന്നും ദക്ഷിണാർദ്ധഗോളമെന്നും പേർ. ഉത്തരാർദ്ധഗോളത്തിൽ ദക്ഷിണാർദ്ധഗോളത്തിലുള്ളതിലധികം കരയുണ്ടു്. ഏഷ്യ, യൂറോപ്പു്, വടക്കേ അമേരിക്ക എന്നീ ഖണ്ഡങ്ങൾ ആസകലം ഉത്തരാർദ്ധഗോളത്തിലാണു്. ആഫ്രിക്കയുടെ കുറച്ചുഭാഗംമാത്രമെ ഉത്തരാർദ്ധഗോളത്തിലുള്ളൂ. ഓഷ്യാനിയാ വൻകര ആസകലം ദക്ഷിണാർദ്ധഗോളത്തിലത്രെ.

ഭൂഗോളത്തെ പൂർവ്വാർദ്ധഗോളമെന്നും പശ്ചിമാർദ്ധഗോളമെന്നും രണ്ടായി വിഭജിച്ചിട്ടുണ്ടു്. പൂർവ്വാർദ്ധഗോളത്തിലാണു കരയുടെ അധികഭാഗവും. യൂറോപ്പു്, ഏഷ്യ, ആഫ്രിക്ക, ഓഷ്യാനിയ എന്നീ വൻകരകളും

പൂർവ്വാർദ്ധഗോളത്തിലാണ്. അമേരിക്കമാത്രമേ പശ്ചിമാർദ്ധഗോളത്തിലുള്ളൂ.

ഉത്തരാർദ്ധഗോളത്തിൽ ഉത്തരധ്രുവസമുദ്രം, അന്തലാന്തികസമുദ്രം, പസഫിക്കുസമുദ്രം, ഹിന്ദുസമുദ്രം എന്നിവയുടെ ഏതാണ്ടംഭാഗങ്ങളടങ്ങിയിരിക്കുന്നു. അന്തലാന്തികസമുദ്രം, പസഫിക്കുസമുദ്രം, ഹിന്ദുസമുദ്രം എന്നിവയുടെ ഏതാണ്ടംഭാഗങ്ങളും ദക്ഷിണധ്രുവസമുദ്രവും ദക്ഷിണാർദ്ധഗോളത്തിലത്രെ.

പൂർവ്വാർദ്ധഗോളത്തിൽ ഉത്തരധ്രുവസമുദ്രം, പസഫിക്കുസമുദ്രത്തിന്റെ ഏതാണ്ടംഭാഗം, അന്തലാന്തികസമുദ്രത്തിന്റെ ഏതാണ്ടംഭാഗം, ഹിന്ദുസമുദ്രം, ദക്ഷിണധ്രുവസമുദ്രത്തിന്റെ ഏതാണ്ടംഭാഗം എന്നിത്രത്തോളം ജലാംശം അടങ്ങിയിരിക്കുന്നു. പശ്ചിമാർദ്ധഗോളത്തിൽ ഹിന്ദുസമുദ്രമൊഴിച്ചുള്ള മറ്റു സകല സമുദ്രങ്ങളുടേയും ഏതാണ്ടംഭാഗം അടങ്ങിയിരിക്കുന്നു.

അദ്ധ്യായം 9

സ്ഥലജലവിഭാഗങ്ങൾ

ഭൂഗോളത്തെ സ്ഥലജലങ്ങളെന്നും സ്ഥലത്തെ വൻകരകളെന്നും ജലത്തെ സമുദ്രമെന്നും നാം വിഭജിച്ചുകഴിഞ്ഞു. സ്ഥലജലങ്ങളുടെ മറ്റുള്ള വിഭാഗങ്ങൾ നോക്കുക.

ഭൂമിയിലുള്ള സ്ഥലത്തിന്റെ ഏതുഭാഗത്തും വെള്ളമുള്ളതിനാൽ സ്ഥലഭാഗമാസകലംതന്നെ ഒരു ദ്വീപാകു

ന്നു. നാലുപുറവും വെള്ളത്താൽ ചുറ്റപ്പെട്ട കരയാണല്ലോ ദ്വീപ്. ഇന്ത്യയുടെ തെക്കുഭാഗത്തുകിടക്കുന്ന ഒരു ദ്വീപാണു ലങ്ക. ഇന്ത്യയുടെ പടിഞ്ഞാറുഭാഗത്തു മാല ദ്വീപുകളും ലക്ഷദ്വീപുകളും കിടക്കുന്നു.

ഇന്ത്യാരാജ്യം ഒരു അർദ്ധദ്വീപാകുന്നു. മൂന്നുഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട കരയാണല്ലോ അർദ്ധദ്വീപ്. ഇന്ത്യയുടെ കിഴക്കുഭാഗത്തു ബങ്കാൾ ഉൾക്കടലും, തെക്കുഭാഗത്തു ഹിന്ദുസമുദ്രവും, പടിഞ്ഞാറുഭാഗത്തു് അറബിക്കടലും സ്ഥിതിചെയ്യുന്നു.

ഇന്ത്യയുടെ തെക്കേഅറ്റത്തുനിന്നു കരയുടെ ക്രമത്തിൽ ഒരുഭാഗം സമുദ്രത്തിലേയ്ക്കു തള്ളിക്കിടക്കുന്നു. ഇങ്ങനെ തള്ളിക്കിടക്കുന്ന ഭാഗത്തിനു മുനമ്പെന്നു പേർ. ഈ മുനമ്പിന്റെ പേർ കന്യാകുമാരിമുനമ്പെന്നാകുന്നു.

കരയുടെ ഉള്ളിലേക്കു തള്ളിക്കിടക്കുന്ന വെള്ളത്തിനു ഉൾക്കടലെന്നു പേർ. ബങ്കാൾ ഉൾക്കടൽ, പേർഷ്യൻ ഉൾക്കടൽ എന്നീ പേരുകൾ നോക്കുക.

രണ്ടു കരകളെ വേർതിരിക്കയും രണ്ടു കടലുകളെ യോജിപ്പിക്കയും ചെയ്യുന്ന വെള്ളത്തിന്റെ വിഭാഗത്തിനു കടലിടുക്കെന്നു പേർ. ഇന്ത്യയുടെ തെക്കുഭാഗത്തു സ്ഥിതിചെയ്യുന്ന പാക്ക്കടലിടുക്കു ബങ്കാൾഉൾക്കടലിനേയും അറബിക്കടലിനേയും യോജിപ്പിക്കയും ഇന്ത്യയേയും ലങ്കയേയും വേർതിരിക്കയും ചെയ്യുന്നു.

രണ്ടു വൻകരകളെ യോജിപ്പിക്കയും രണ്ടു ജലാശയങ്ങളെ വേർതിരിക്കയും ചെയ്യുന്ന കരയുടെ ഭാഗത്തിനു കരയിടുക്കെന്നു പേർ. ചുറ്റുമുള്ള പ്രദേശത്തുനിന്നു വള

രെയധികം പൊങ്ങിനില്ക്കുന്ന പ്രദേശം പർവ്വതമാകുന്നു. ഹിമാലയാപർവ്വതം നോക്കുക.

ശുദ്ധവെള്ളത്തിന്റെ പ്രവാഹത്തിനു നദിയെന്നു പേർ. സിന്ധു, ഗംഗ, കാവേരി എന്നിവ നദികളാകുന്നു.

നാലുപുറവും കരയാൽ ചുറ്റപ്പെട്ട വെള്ളത്തിനു തടാകമെന്നു പേർ. ചിൽക്കാ, കോളയാർ എന്നിവ തടാകങ്ങളാകുന്നു.

അപരഭാഗം

അദ്ധ്യായം 1

മദ്രാസ് സംസ്ഥാനം

സ്ഥിതിയും അതിരുകളും

ഇന്ത്യാരാജ്യത്തിന്റെ കിഴക്കേതീരത്താണ് ഈ സംസ്ഥാനം കിടക്കുന്നത്. ആ തീരത്തിന്റെ തെക്കേഅറ്റം വരെ വ്യാപിച്ചുകിടക്കുന്ന സംസ്ഥാനത്തിൽ പശ്ചിമതീരത്തുള്ള കുറച്ചുഭാഗവുംകൂടി ഉൾപ്പെട്ടിരിക്കുന്നു. പശ്ചിമതീരത്തിന്റെ തെക്കേഅറ്റമായ കൊച്ചി, തിരുവിതാംകൂർ എന്നീ രാജ്യങ്ങൾ ഈ സംസ്ഥാനത്തിന്റെ ഭാഗമല്ല.

മദ്രാസുസംസ്ഥാനത്തിന്റെ മൂന്നു ഭാഗങ്ങളിൽ സമുദ്രമാണ്. ഇതിന്റെ കിഴക്കു ബങ്കാൾഉൾക്കടലും, തെക്കു ഹിന്ദുസമുദ്രവും, പടിഞ്ഞാറു് അറബിക്കടലും കിടക്കുന്നു. വടക്കുഭാഗത്തുമാത്രമേ കരയുള്ളൂ. വടക്കുഭാഗത്തു ഒറീസ്സ, മദ്ധ്യസംസ്ഥാനം, ഹൈദരാബാദ്, ബോംബേ എന്നീ രാജ്യങ്ങൾ കിടക്കുന്നു.

ഈ സംസ്ഥാനത്തിനു് ഏറ്റവും കൂടിയ നീളം 950 നാഴികയും; ഏറ്റവും കൂടിയ വീതി 450 നാഴികയുമാകുന്നു. വടക്കുകിഴക്കേമൂലയിൽ നിന്നു തെക്കുപടിഞ്ഞാറേമൂലയിലേക്കാണു കൂടിയ നീളം. സംസ്ഥാനത്തിന്റെ ഏതാണ്ടു നടുവിലാണു കൂടിയ വീതി.

മദ്രാസ് സംസ്ഥാനത്തിന്റെ വിസ്താരം 1,41,726 ചതുരശ്രനാഴികയാകുന്നു.

ഈ സംസ്ഥാനം മദ്ധ്യരേഖയിൽനിന്നു ഏതാണ്ടു 550 നാഴിക വടക്കായാണു സ്ഥിതിചെയ്യുന്നതു്.

അദ്ധ്യായം 2

ഭൂസ്ഥിതിയും കടൽത്തീരവും

മണ്ണിന്റെ സ്വാഭാവികസ്ഥിതിയനുസരിച്ചു് അതായതു്—സമുദ്രനിരപ്പിൽനിന്നുള്ള ഉയർച്ചയെ അടിസ്ഥാനമാക്കി ഈ സംസ്ഥാനത്തെ മലകൾ, മൈതാനഭൂമി, പീഠഭൂമി എന്നിങ്ങനെ മൂന്നു ഭാഗങ്ങളായിത്തിരിക്കാം.

സമുദ്രനിരപ്പിൽനിന്നു വളരെ അധികം ഉയർന്ന സ്ഥലത്തിന്നാണു മലയെന്നു പറയുന്നതെന്നു നിങ്ങൾ ധരിച്ചുവല്ലൊ. ഈ സംസ്ഥാനത്തിന്റെ ഇരുകരകളിലും ഓരോ മലനിര വടക്കുനിന്നു തെക്കോട്ടു നീണ്ടുകിടക്കുന്നു. ഈ മലകളെപ്പറ്റിയുള്ള അധിക വിവരത്തിന്നു് ഇനിയത്തെ അദ്ധ്യായം നോക്കുക.

മൈതാനപ്രദേശത്തെ തീരത്തുള്ള മൈതാനപ്രദേശമെന്നും, രാജ്യത്തിന്നകത്തുള്ള മൈതാനപ്രദേശമെന്നും രണ്ടായി തിരിക്കാവുന്നതാണു്. തീരപ്രദേശത്തുള്ള മൈതാനം വളരെ വീതികുറഞ്ഞ ഒരു സ്ഥലമത്രെ. കിഴക്കേ

ത്തീരത്തിനു ചോഴമണ്ഡലക്കരയെന്നും പടിഞ്ഞാറേത്തീരത്തിനു മലബാർ കരയെന്നും പറയുന്നു. ചോഴമണ്ഡലക്കരയ്ക്കു തെക്കോട്ടു ചെല്ലുംതോറും വീതി അധികമായി വരുന്നു. ഈ തീരത്തുള്ള മണ്ണു വളരെ ഫലപുഷ്ടിയുള്ളതത്രെ. ഈ കരയിൽ അധിക ഭാഗവും ഗോദാവരി, കൃഷ്ണാ, കാവേരി എന്നീ നദികളുടെ മുക്കോൺതുരുത്താകുന്നു. ഈ മുക്കോൺതുരുത്തുകളിൽ നെല്ല്, പുകയില എന്നിവ സമൃദ്ധിയായി വളരുന്നു. ഇവിടെ മലബാർ തീരത്തുള്ളതു മഴയില്ല.

മലബാർതീരം പശ്ചിമഘട്ടത്തിനും സമുദ്രത്തിനും മദ്ധ്യേ സ്ഥിതിചെയ്യുന്നു. ഈ തീരത്തു മഴ സുലഭമാണ്. ഇവിടത്തെ പ്രധാന വിള നെല്ലുതന്നെ. നാളികേരവും സമൃദ്ധിയായി വളരുന്നു. ഈ തീരത്തിനു ചോഴമണ്ഡലക്കരയോളം വീതിയില്ല.

മലകളുടെ നടുവിലായി സ്ഥിതിചെയ്യുന്ന സംസ്ഥാനത്തിലെ അധികഭാഗവും ഒരു മൈതാനഭൂമിയത്രെ. ഈ മൈതാനഭൂമിയിൽ തീരങ്ങളിലുള്ളതു മഴയില്ല. എങ്കിലും നദികളുള്ളതുകൊണ്ടു ജലത്തിനു ക്ഷാമമില്ല. പാലാർ, പെണ്ണാർ, കാവേരി, വൈഗൈ എന്നീ നദികളും ഈ സമതലത്തിൽക്കൂടിയത്രെ ഒഴുകുന്നതു്. ഇവിടത്തെ പ്രധാന കൃഷി പുകയില, കാപ്പി, നിലക്കടല എന്നിവയാകുന്നു.

പശ്ചിമഘട്ടങ്ങളുടേയും പൂർവ്വഘട്ടങ്ങളുടേയും മദ്ധ്യത്തിലായി സ്ഥിതിചെയ്യുന്ന പ്രദേശമാണ് പീഠഭൂമി. കിഴക്കുനിന്നുള്ള മേഘങ്ങളെ പൂർവ്വഘട്ടങ്ങളും പടിഞ്ഞാറുനിന്നുള്ളവയെ പശ്ചിമഘട്ടങ്ങളും തടുക്കുന്നതിനാൽ

പീഠഭൂമിയിൽ മഴ നന്നു കുറവത്രെ. ഇവിടത്തെ പ്രധാന വിള ചോളം, കമ്പു് എന്നിവയാകുന്നു. പരുത്തിയും ഗോതമ്പും കൃഷിചെയ്യുവരുന്നുണ്ടു്.

ഇന്ത്യാരാജ്യത്തുള്ള സംസ്ഥാനങ്ങളിൽവെച്ചു് ഏറ്റവുമധികം കടൽത്തീരമുള്ളതു് മദ്രാസ് സംസ്ഥാനത്താകുന്നു. ഈ സംസ്ഥാനത്തെ കടൽത്തീരത്തിന്നു് ആകെ 2,000 നാഴിക നീളമുണ്ടു്.

പശ്ചിമതീരത്തു വിടവുകൾ നന്നു കുറവാണു്. എങ്കിലും ചില സ്ഥലങ്ങളിൽ തീരം മുറിഞ്ഞുകിടക്കുന്നുണ്ടു്. ആ മുറിവുകളിൽ അഥവാ തുറകളിൽക്കൂടി രാജ്യത്തിന്നുള്ളിലേയ്ക്കു പ്രവേശിക്കാം. ഈ തുറകളിൽ പ്രധാനമായതു് കൊച്ചിഅഴിതന്നെ. കൊടുങ്ങല്ലൂരഴി പണ്ടുകാലത്തു വളരെ പ്രസിദ്ധമായിരുന്നു. ഈ തീരത്തു പറയത്തക്ക നദീമുഖങ്ങളുമില്ല. ഭാരതപ്പുഴയുടെ മുഖവും ആലുവാപ്പുഴയുടെ മുഖവുമാണു് പ്രധാനമായ നദീമുഖങ്ങൾ.

പൂർവ്വതീരത്തും വളരെയധികം വിടവുകളുണ്ടെന്നു പറവാൻ തരമില്ല. എങ്കിലും ഈ തീരത്തു പശ്ചിമതീരത്തുള്ളതിനേക്കാൾ അധികം നദീമുഖങ്ങളുമുണ്ടു്. അവ പശ്ചിമതീരത്തെ നദീമുഖങ്ങളേക്കാൾ പ്രാധാന്യമേറിയവയുമാകുന്നു. ഗോദാവരി, കൃഷ്ണാ, കാവേരി എന്നീ നദികളുടെ മുഖങ്ങൾ ഈ തീരത്താണല്ലൊ.

———

അദ്ധ്യായം 3

മലകൾ

ഈ സംസ്ഥാനത്തെ മലകൾ പൂർവ്വപശ്ചിമതീരങ്ങളിൽ കിടക്കുന്നുവെന്നു നിങ്ങൾ പഠിച്ചുവല്ലൊ. ഇന്ത്യയുടെ മദ്ധ്യത്തിലായി പടിഞ്ഞാറുനിന്നു കിഴക്കോട്ടു നീണ്ടുകിടക്കുന്ന ഒരു മലയുണ്ട്. അതിനു വിന്ധ്യൻപർവ്വതമെന്നു പേർ. ഈ മലയുടെ തെക്കുഭാഗത്തുനിന്നാണു മദ്രാസുസംസ്ഥാനത്തിലെ മലകൾ പുറപ്പെട്ടുന്നതു്. പടിഞ്ഞാറേത്തീരത്തുള്ള മലയ്ക്കു പശ്ചിമഘട്ടമെന്നും കിഴക്കേത്തീരത്തുള്ള മലയ്ക്കു പൂർവ്വഘട്ടമെന്നും പേർ.

പശ്ചിമഘട്ടങ്ങൾക്കു് ആകെ 1,000 നാഴിക നീളമുണ്ടു്. എന്നാൽ ഈ ഘട്ടങ്ങളുടെ പകുതിഭാഗം ബോംബേസംസ്ഥാനത്തിലാകുന്നു. മദ്രാസു് സംസ്ഥാനത്തിന്റെ വടക്കേഅറ്റംമുതൽ തെക്കേഅറ്റംവരെ ഒരു കോട്ടപോലെ കിടക്കുന്ന ഈ മലനിരയുടെ ശരാശരി ഉയരം 3,000 അടി ആകുന്നു. ഈ ഘട്ടങ്ങൾ സമുദ്രതീരത്തുനിന്നു് ഏറിയതു 100 നാഴികമാത്രമെ ഉള്ളിലേക്കു തള്ളിയിട്ടുള്ളു. ഈ ഘട്ടങ്ങളിൽ വിടവുകൾ നന്നു ചുരുക്കമാണു്. ഏറ്റവും പ്രധാനമായ വിടവാണു പാലക്കാട്ടു ചുരം. ഈ ചുരത്തിനു 25 നാഴിക വീതിയുണ്ടു്. മദ്രാസിൽനിന്നു മംഗലാപുരത്തേക്കുള്ള പാത ഈ ചുരത്തിൽക്കൂടിയത്രെ പശ്ചിമതീരത്തു പ്രവേശിക്കുന്നതു്.

ഈ ഘട്ടങ്ങളുടെ ശരാശരിഉയരം 3,500 അടി ആകുന്നുവെങ്കിലും ഏറ്റവും ഉയർന്ന ശിഖരമായ ആനമുടിക്ക് 8,800 അടി പൊക്കമുണ്ട്.

പശ്ചിമഘട്ടങ്ങളിലുള്ള കാടുകളിൽ തേക്ക് മുതലായ വിലപിടിച്ച മരങ്ങൾ സുലഭമത്രെ. കാടുകളിൽ ആനകളേയും കാണാം.

പൂർവ്വഘട്ടങ്ങൾ സംസ്ഥാനത്തിന്റെ കിഴക്കേത്തീരത്തു കിടക്കുന്നു. ഈ ഘട്ടത്തിന്നു പശ്ചിമഘട്ടത്തോളം പൊക്കമില്ല. ഇതിന്റെ ശരാശരിപ്പൊക്കം 1,500 അടിമാത്രമാണ്. ഈ ഘട്ടത്തിലെ മലകൾ സമുദ്രതീരത്തുനിന്നു വളരെയധികം ഉള്ളിലേക്ക് തള്ളിയാണു കിടക്കുന്നത്. ഇതിൽ വിടവുകൾ ധാരാളമുള്ളതിനാൽ ഈ ഘട്ടം ഒരേഒരു നിരയാണെന്നു പറവാൻ തരമില്ല. ഈ ഘട്ടത്തിന്റെ പ്രത്യേക ഭാഗങ്ങൾക്ക് പ്രത്യേക പേരുകൾ പറഞ്ഞുവരുന്നു. മലയമല, നഗരിമല, ജവാതുമല എന്നീ പേരുകൾ നോക്കുക.

ഈ ഘട്ടങ്ങൾ സംസ്ഥാനത്തിന്റെ മദ്ധ്യത്തിൽ വെച്ചു പടിഞ്ഞാട്ട ചരിയുന്നു. നീലഗിരി എന്ന സ്ഥലത്തു പശ്ചിമഘട്ടവും പൂർവ്വഘട്ടവും തമ്മിൽ കൂട്ടിമുട്ടുന്നു. അവിടെയുള്ള ഡോഡബെറ്റ എന്ന ശിഖരത്തിന്നു 8,700 അടി പൊക്കമുണ്ട്.

ഈ രണ്ടു ഘട്ടങ്ങളും കൂടാതെ സംസ്ഥാനത്തിൽ അവിടവിടെയായി ഒറ്റയായി ചില കുന്നുകൾ കിടപ്പുണ്ട്. സേലംജില്ലയിലെ ശെവറായിമല അത്തരത്തിലുള്ള ഒന്നത്രെ. മലകളെക്കൊണ്ടുള്ള പ്രധാന പ്രയോജനങ്ങൾ ഏവ? മലകൾ നദിയുടെ ഉൽപ്പത്തിസ്ഥാനങ്ങ

ളാണ്. മലയിൽ പെയ്യുന്ന മഴയിൽനിന്നുണ്ടാകുന്ന വെള്ളത്തിലധികഭാഗവും നദികളായി ഒഴുകുകയാണു ചെയ്യുന്നതു്. മലകൾ ശത്രുക്കളെ തടുത്തുനിറുത്തുന്നു. പശ്ചിമഘട്ടത്തിന്റെ കിഴക്കുഭാഗത്തുള്ള പ്രദേശങ്ങളിൽനിന്നു നന്നു കുറച്ചു ജനങ്ങൾ മാത്രമേ പശ്ചിമഘട്ടങ്ങൾ കടന്നു പടിഞ്ഞാറേക്കരയിൽ പ്രവേശിക്കുണ്ടായിട്ടുള്ളു. മലകളിൽനിന്നു മരങ്ങൾ മുറിച്ചെടുക്കാം. മലകളിൽ സുഖവാസസ്ഥലങ്ങളുമുണ്ടാകും. ഈ സംസ്ഥാനത്തിലെ മലകളിൽ സുഖവാസസ്ഥലങ്ങൾ സുലഭമാണു്. നീലഗിരിയിൽത്തന്നെ ഉൗട്ടകമണ്ഡ്, കുന്നൂർ, വെല്ലിങ്ങ്ടൻ എന്നിങ്ങനെ മൂന്നു സുഖവാസസ്ഥലങ്ങളുണ്ടു്. പഴനിമലയിലെ കൊടൈക്കനാലും, ശെവരായി മലയിലെ ഏർക്കാടും സുഖവാസസ്ഥലങ്ങൾതന്നെ.

അദ്ധ്യായം 4

നദികൾ

ശുദ്ധജലത്തിന്റെ പ്രവാഹത്തിന്നാണല്ലൊ നദിയെന്നു പറയുന്നതു്. നദി സാധാരണയായി ഉത്ഭവിക്കുന്നതു മലയിൽനിന്നാണല്ലൊ. മദ്രാസ് സംസ്ഥാനത്തിലെ മലകൾ പശ്ചിമഘട്ടവും പൂർവ്വഘട്ടവും ആണെന്നു നിങ്ങൾ പഠിച്ചുവല്ലൊ. സംസ്ഥാനത്തിലെ നദികൾ ഈ ഘട്ട

ങ്ങളിൽനിന്നുത്ഭവിച്ചു് അറബിക്കടലിലേയ്ക്കോ ബങ്കാൾ ഉൾക്കടലിലേയ്ക്കോ ഒഴുകിച്ചേരുന്നുണ്ടായിരിക്കണം.

ഈ സംസ്ഥാനത്തിലെ നദികളിൽ പ്രധാനമായവയെല്ലാം പശ്ചിമഘട്ടങ്ങളിൽനിന്നുത്ഭവിക്കുന്നവയത്രെ. പശ്ചിമഘട്ടങ്ങൾക്കു പൂർവ്വഘട്ടങ്ങളേക്കാൾ ഉയരം കൂടും. എന്നു മാത്രമല്ല, ആ ഘട്ടങ്ങളിൽ മഴ പൂർവ്വഘട്ടങ്ങളിലേക്കാളധികമുണ്ടു്. പശ്ചിമഘട്ടങ്ങളോടു തൊട്ടുകിടക്കുന്ന പ്രദേശം പീഠഭൂമിയാണല്ലൊ. സംസ്ഥാനത്തിന്റെ ചരിവു പടിഞ്ഞാറുനിന്നു കിഴക്കോട്ടാണെന്നു സിദ്ധമായി. വെള്ളം എപ്പോഴും താണ സ്ഥലത്തേയ്ക്കാണു് ഒഴുകുക. അതുകൊണ്ടു് ഈ സംസ്ഥാനത്തിലെ നദികൾ കിഴക്കോട്ടു് ഒഴുകുവാനേ തരമുള്ളൂ.

മദ്രാസ്സ്സംസ്ഥാനത്തിലെ നദികൾ പശ്ചിമഘട്ടങ്ങളിൽ ഉത്ഭവിച്ചു ബങ്കാൾഉൾക്കടലിൽ വീഴുന്നവയാണല്ലൊ. അതുകൊണ്ടു് അവ വളരെദൂരം ഒഴുകിയാണു സമുദ്രത്തിൽ ചേരുന്നതു്. വളരെദൂരം ഒഴുകുന്ന നദികളിലെ പ്രവാഹഗതി മന്ദമായിരിക്കും. ഈ നദികൾക്കു വളരെ ആഴവുമില്ല.

ഇന്ത്യയിലെ നദികളുടെ പ്രവാഹഗതിയിൽ സാധാരണയായി പർവ്വതപദ്ധതി, സമതലപദ്ധതി, ത്രികോണപദ്ധതി എന്നിങ്ങനെ മൂന്നു വിഭാഗങ്ങളുണ്ടു്. മദ്രാസ്സ്സംസ്ഥാനത്തിലെ നദികളിലും ഈ പദ്ധതികളുണ്ടെന്നു പറയാം. പർവ്വതപദ്ധതിയിൽ പ്രവാഹം വളരെ ശക്തിയുള്ളതായിരിക്കും. ആ പദ്ധതിയിൽ നദിയിൽ പാറകളും മറ്റുമുണ്ടാകാൻ വഴിയുള്ളതുകൊണ്ടാണു് ഗതി വേഗമായിരിക്കുന്നതു്. സമതലപദ്ധതിയിൽ നദിയു

ടെ ഗതി മന്ദമായിരിക്കും. പോഷകനദികൾ നദിയിലേക്ക് ഒഴുകിച്ചേരുന്നതു് ഈ പദ്ധതിയിലാണു്. നദികളിൽനിന്നു ചാലുകൾ കുത്തുന്നതും ഈ സ്ഥലത്തുതന്നെ.

നദിയുടെ ത്രികോണപദ്ധതിയെന്നാൽ എന്തു്? നദികളുടെ മുഖത്തു ത്രികോണാകൃതിയിലുള്ള ഒരു തുരുത്തു കാണാം. ഈ തുരുത്തിൽക്കൂടി ഒഴുകുന്നതിനാണു ത്രികോണപദ്ധതിയെന്നു പറയുന്നതു്. നദിയുടെ മുഖത്തു് ഇങ്ങനെ ത്രികോണാകൃതിയിലുള്ള ഒരു തുരുത്തുണ്ടാകാൻ കാരണമെന്തു്? നദി ഉത്ഭവിക്കുന്നതു മലയിൽനിന്നാണെന്നു പറഞ്ഞുവല്ലൊ. ഇങ്ങനെയുള്ള സ്ഥലത്തുനിന്നു നദിയിലേക്കു് ഏതുസമയത്തും കല്ലും മണ്ണും ഒഴുകിച്ചേരുന്നുണ്ടായിരിക്കും. നദി പ്രവഹിക്കുന്ന സ്ഥലത്തെ മണ്ണു് എപ്പോഴും ഒരുപോലെ കഠിനമായിരിക്കയില്ല. നദിയുടെ ഇരുകരകളിൽനിന്നും മണ്ണു വെള്ളത്തിലേക്കു കുത്തിയൊലിപ്പാൻ വഴിയുണ്ടു്. ഇന്ത്യയിലെ നദികളിൽ വർഷക്കാലങ്ങളിൽ വെള്ളപ്പൊക്കമുണ്ടാകാനും മാർഗ്ഗമുള്ളതത്രെ. ഇങ്ങനെ വെള്ളപ്പൊക്കമുണ്ടാകുന്ന കാലങ്ങളിൽ മണ്ണു പൂർവ്വാധികമായി നദിയിലേക്കു പ്രവഹിക്കുന്നതത്രെ. എത്രകാലമായി ഒരു നദി ഇങ്ങനെ പ്രവഹിച്ചുതുടങ്ങീട്ടു് എന്നു പറവാൻ പ്രയാസം. ഈ കാലമാസകലം മുൻപറഞ്ഞ രീതിയിൽ കല്ലും മണ്ണും മരവുംമറ്റും നദിയിൽക്കൂടി പ്രവഹിച്ചിരുന്നിരിക്കണം. ഈ സാധനങ്ങൾ നിക്ഷിപ്തമാകുന്നതെവിടെ? നദീമുഖത്തുതന്നെ. നദിയിലെ വെള്ളം സമുദ്രത്തിലേക്കു പ്രവഹിക്കുവാൻ നോക്കുന്ന സമയത്തു സമുദ്രത്തിലെ വെള്ളം നദിയിലേക്കു കയറുവാൻ

ശ്രമിക്കുന്നു. സമുദ്രത്തിലെ വെള്ളത്തിനു നദിയിലെ വെള്ളത്തിനേക്കാളധികം ശക്തിയുണ്ട്. അതുകൊണ്ടു നദിയിൽക്കൂടി ഒലിച്ചുവരുന്ന കല്ലും മണ്ണും മറ്റും നദീമുഖത്തു നിക്ഷിപ്തമാകുന്നു. അതായതു് ഈവക സാധനങ്ങളെ സമുദ്രത്തിലേക്കു തള്ളുവാൻ നദീജലത്തിനു ശക്തി പോരാതെവരുന്നു. ഇങ്ങനെ വളരെക്കാലമായി നദീമുഖത്തു നിക്ഷിപ്തമാകുന്ന സാധനങ്ങൾ കാലാന്തരത്തിൽ അവിടെ ഒരു തുരുത്തായിത്തീരുന്നു. പിന്നേയും കല്ലും മണ്ണും ഈ തുരുത്തിന്മേൽ നിക്ഷിപ്തമാകുന്നു. ഇങ്ങനെ അനവധി കാലം കഴിയുമ്പോൾ തുരുത്തു ജലവിതാനത്തിൽനിന്നും ഉയരുന്നു. തുരുത്തിന്റെ സമീപത്തെത്തുമ്പോൾ തുരുത്തു നദിയുടെ പ്രവാഹത്തെ തടയുന്നു. അപ്പോൾ നദിക്കു ശാഖകൾ ഉണ്ടാകുന്നു. ഈ ശാഖകളിൽക്കൂടിയും കല്ലും മണ്ണും ഒലിച്ചുവരുന്നു. ആ സാധനങ്ങളും നദീമുഖത്തു നിക്ഷിപ്തമാകുന്നു. കാലാന്തരത്തിൽ അവിടേയും തുരുത്തുണ്ടാകുന്നു. ഈ തുരുത്തുകളും നദീപ്രവാഹത്തെ തടയുന്നു. ഇങ്ങനെ നദിയുടെ മുഖത്തുള്ള തുരുത്തു വലുതായും നദിക്കു ശാഖകൾ വർദ്ധിച്ചും വരുന്നു. ഗോദാവരി, കൃഷ്ണാ, കാവേരി എന്നീ നദികളുടെ മുഖത്തുള്ള തുരുത്തുകൾ സാമാന്യം വലിയവതന്നെ.

മദ്രാസ്സ് സംസ്ഥാനത്തിലെ പ്രധാന നദികൾ ഗോദാവരി, കൃഷ്ണാ, കാവേരി, വടക്കൻപെന്നാർ, പാലാർ, തെക്കൻപെന്നാർ, വൈഗൈ, താമ്രവർണ്ണി എന്നിവതന്നെ.

ഗോദാവരി—ഈ നദി പശ്ചിമഘട്ടത്തിലുള്ള നാസിക എന്ന സ്ഥലത്തുനിന്നു് ഉത്ഭവിക്കുന്നു. ഈ നാ

സിക എന്ന സ്ഥലത്തുനിന്ന് അറബിക്കടലിലേക്ക 50 നാഴികയെ അകലമുള്ള. ഗോദാവരിയുടെ തുടക്കത്തിലുള്ള 100 നാഴിക ബോംബെസംസ്ഥാനത്തത്രെ. അതിനശേഷം നദി ഹൈദരാബാദിൽ പ്രവേശിക്കുന്നു. പിന്നെ ഏതാണ്ട് 200 നാഴികയ്ക്ക് ഈ നദി ഹൈദരാബാദിന്റേയും മദ്ധ്യസംസ്ഥാനത്തിന്റേയും അതിരാകുന്നു. ഗോദാവരിക്ക് ഇവിടെത്തന്നെ ഒന്നുമുതൽ രണ്ട് നാഴികവരെ വീതിയുണ്ട്. ഹൈദരാബാദിൽനിന്നു പുറത്തുകടക്കുന്ന നദി പൂർവ്വഘട്ടങ്ങളിലുള്ള വിടവുകളിൽക്കൂടി സംസ്ഥാനത്തിന്റെ കിഴക്കേത്തീരത്തു പ്രവേശിക്കുന്നു. അനന്തരം ശാഖകളായി പിരിഞ്ഞ് ഈ നദി ബങ്കാഠം ഉൾക്കടലിൽ വീഴുന്നു.

ഈ നദിയിൽ ധവളേശ്വരം എന്ന സ്ഥലത്തു കെട്ടീട്ടുള്ള അണയ്ക്ക് 2¼ നാഴികയാണ നീളം. രാജമഹേന്ദ്രപുരം എന്ന പേരായി ഈ നദിയിന്മേൽ മറൊരു പട്ടണമുണ്ട്. അവിടെ കെട്ടിയിട്ടുള്ള പാലത്തിനു 1¾ നാഴികയാണത്രെ നീളം. നദിയുടെ മുക്കോൺതുരുത്താരംഭിക്കുന്നതു ഈ സ്ഥലത്തുനിന്നാണ്. ഗോദാവരിയുടെ മുക്കോൺതുരുത്തു സാമാന്യം വളക്കൂറുള്ള പ്രദേശമാകുന്നു. അവിടെ നെല്ലും; പുകയിലയും, കരിമ്പും സമൃദ്ധിയായി കൃഷിചെയ്യുവരുന്നുണ്ട്.

ഈ നദിക്ക് ഇന്ദ്രാവതിയെന്നും, പ്രാണഹിതയെന്നും, മഞ്ചിറയെന്നും മൂന്നു പോഷകനദികളുണ്ട്. അതുകെ നീളം 900 നാഴികയോളം കാണും.

കൃഷ്ണാ—പശ്ചിമഘട്ടത്തിലുള്ള മഹാബലേശ്വരം എന്ന സ്ഥലത്തുനിന്നാണ് ഈ നദിയുടെ ഉത്ഭവം. ഏതാണ്ട് 300 നാഴികദൂരം ബോംബേസംസ്ഥാനത്തിൽക്കൂടി ഒഴുകിയതിനുശേഷം ഈ നദി ഹൈദരാബാദിൽ പ്രവേശിക്കുന്നു. അനന്തരം ഈ നദി ഹൈദരാബാദിനും മദ്രാസ് സംസ്ഥാനത്തിനും അതിരായി ഒഴുകുന്നു. പിന്നെ പൂർവ്വഘട്ടങ്ങളിലുള്ള വിടവിൽക്കൂടി പൂർവ്വതീരത്തു പ്രവേശിച്ചു ബങ്കാളഉൾക്കടലിലേക്കു പ്രവഹിക്കുന്നു. ഈ നദിയിൽ ബജവാഡ എന്ന സ്ഥലത്തു ഒരു അണകെട്ടീട്ടുണ്ട്. കൃഷ്ണയുടെ മുഖത്തും ഒരു മുക്കോൺതുരുത്തു കിടക്കുന്നു. അവിടേയും നെല്ലും പുകയിലയും കരിമ്പും കൃഷി ചെയ്യുവരുന്നു. ഈ നദിക്കു തുംഗഭദ്രയെന്നും ഭീമയെന്നും രണ്ടു പോഷകനദികളും ഉണ്ട്. ആകെ നീളം 700 നാഴിക.

വടക്കൻപെന്നാർ—ഈ നദി ഉത്ഭവിക്കുന്നതു മൈസൂർ മലകളിലുള്ള നന്ദിദുർഗ്ഗമെന്ന സ്ഥലത്തുനിന്നാണ്. ഈ നദി തെക്കുകിഴക്കായി ഒഴുകി അനന്തപുരം എന്ന ജില്ലയിൽ പ്രവേശിക്കുന്നു. പിന്നെ ഈ നദി കടപ്പയിൽ കടന്നു പൂർവ്വഘട്ടങ്ങളിലുള്ള വിടവിൽക്കൂടി നെല്ലൂർജില്ലയിൽ പ്രവേശിക്കുന്നു. ഇതും പ്രവഹിക്കുന്നതു ബങ്കാളഉൾക്കടലിലേയ്ക്കുതന്നെ. ഈ നദിക്കു 350 നാഴികയിൽ കവിഞ്ഞ നീളമില്ല.


പാലാർ—ഈ നദിയും ഉത്ഭവിക്കുന്നതു മൈസൂരിൽത്തന്നെ. അതു രാജ്യത്തുക്കൂടി ഏതാണ്ട് 50 നാഴിക

ഒഴുകിയശേഷം നദി മദ്രാസ് സംസ്ഥാനത്തിൽ കടക്കുന്നു. സംസ്ഥാനത്തിലെ വടക്കൻ ആർക്കാട്ട്, ചിങ്കൽപ്പേട്ട ഈ ജില്ലകളിൽക്കൂടി നദി ബങ്കാളംഉൾക്കടലിൽ ചേരുന്നു. ആകെ നീളം 225 നാഴിക.

തെക്കൻപെന്നാർ—ഈ നദിയും ഉത്ഭവിക്കുന്നതു മൈസൂരിൽത്തന്നെ. അല്പം തെക്കോട്ട് ഒഴുകി ഈ നദി സേലംജില്ലയിൽ പ്രവേശിക്കുന്നു. പിന്നെ നദി ഈ ജില്ലയിൽക്കൂടി ഒഴുകി തെക്കൻആർക്കാട്ടുജില്ലയിൽ എത്തുന്നു. ആ ജില്ലയിലുള്ള കടലൂരിനു സമീപമാണു നദി സമുദ്രത്തിൽ ചേരുന്നതു്.

കാവേരി—ഈ നദി കുടകുരാജ്യത്തുനിന്നത്രേ ഉത്ഭവിക്കുന്നതു്. മൈസൂർരാജ്യത്തിന്റെ തെക്കുകിഴക്കുഭാഗത്തുക്കൂടി ഒഴുകി കാവേരി മദ്രാസ്സംസ്ഥാനത്തിൽ പ്രവേശിക്കുന്നു. സംസ്ഥാനത്തിൽ പ്രവേശിച്ചശേഷം നദി സേലത്തിന്റേയും കോയമ്പത്തൂരിന്റേയും അതിരായി തെക്കോട്ടൊഴുകുന്നു. പിന്നെ നദി തൃശ്ശിനാപ്പള്ളിയിൽ പ്രവേശിച്ചു കിഴക്കോട്ടൊഴുകി തഞ്ചാവൂരിലേയ്ക്കൊഴുകുന്നു. ഈ ജില്ലയിലുള്ള നാഗപട്ടണത്തിനു സമീപമാണു നദി സമുദ്രത്തിൽ ചേരുന്നതു്.

ഈ നദിയിൽ ശിവസമുദ്രം, ശ്രീരംഗം എന്നീ രണ്ടു തുരുത്തുകളുണ്ടു്. ശിവസമുദ്രം എന്ന സ്ഥലത്തുവെച്ചാണു നദി പൂവ്വാഘട്ടത്തെ കടക്കുന്നതും, അവിടെ നദി 300 അടി ഉയരത്തിൽനിന്നത്രേ പ്രവഹിക്കുന്നതു്. ഇതിനു കാവേരി വെള്ളച്ചാട്ടമെന്നു പേർ.



കാവേരി വെള്ളച്ചാട്ടം

ശ്രീരംഗം എന്ന സ്ഥലത്തുനിന്നാണ് ഈ നദിയുടെ മുക്കോൺതുരുത്താരംഭിക്കുന്നത്. ഇവിടെവെച്ചു നദി ശാഖകളായിട്ടു പിരിയുന്നു. അവയിൽ രണ്ടു ശാഖകളാണു പ്രധാനമായവ. ഒരു ശാഖയ്ക്കു കൊള്ളിടമെന്നും മറേറതിനു കാവേരിയെന്നും പേർ.

കൃഷിക്ക് ഇത്ര വളരെ ഉപകാരമുള്ളതായി ഈ സംസ്ഥാനത്തു മറെറാരു നദിയില്ല. മൈസൂർരാജ്യത്തു തന്നെ ഈ നദിയിൽ 12 അണക്കെട്ടുകളുണ്ട്.

തഞ്ചാവൂർജില്ലയാസകലം ഈ നദിയുടെ മുക്കോൺതുരുത്തത്രെ. ഈ ജില്ലയ്ക്കു തെക്കേഇന്ത്യയിലെ തോട്ട

മെന്നു പേർ. അത്രയധികം ഫലപുഷ്ടിയുള്ളതാണു് അവിടെത്തെ മണ്ണു്.

കാവേരിക്കു് അമരാവതിയെന്നും, ഭവാനിയെന്നും രണ്ടു പോഷകനദികളുണ്ടു്. ഈ നദിക്കു് ആകെ 450 നാഴിക നീളമുണ്ടെന്നു പറയുന്നു.

വൈഗൈ—തിരുവിതാംകൂർമലകളിലാണു് ഈ നദി ഉത്ഭവിക്കുന്നതു്. ഈ നദി മധുര, രാമനാടു് എന്നീ ജില്ലകളിൽക്കൂടി ഒഴുകി രാമേശ്വരത്തിനു സമീപം കടലിൽ വിഴുന്നു.

താമ്രവർണ്ണി—ഈ നദി അഗസ്ത്യകൂടമെന്ന മലയിൽ നിന്നത്രേ ഉത്ഭവിക്കുന്നതു്. തിരുനൽവേലിജില്ലയിൽക്കൂടി ഒഴുകുന്ന ഈ നദിക്കു് ആകെ നീളം 70 നാഴിക മാത്രമാണു്. ഈ നദിയിൽ പാപവിനാശം എന്നൊരു വെള്ളച്ചാട്ടമുണ്ടു്. പ്രധാന പോഷകനദി ചിറുരാകുന്നു. അതിലും കുത്താലം എന്ന സ്ഥലത്തു് ഒരു വെള്ളച്ചാട്ടമുണ്ടത്രെ.

അദ്ധ്യായം 5

അണകൾ

ഈ സംസ്ഥാനത്തു കൃഷിയുടെ ആവശ്യത്തിനു പ്രധാനമായി മൂന്നണകളുണ്ടു്. അവ റഷ്യകുല്യ, അണ, പെരിയാറണ, മേട്ടൂരണ എന്നിവതന്നെ.

റഷ്യകുല്യ അണ ഗോദാവരിയിലാണു്. റഷ്യകുല്യ എന്ന നദിയിലാണു് ഈ അണ കെട്ടീട്ടുള്ളതു്. നദിയുടെ അരികെ രണ്ടു് ഏരികളുമുണ്ടു്. നദിയിലേയും ഏരികളിലേയും വെള്ളം കൃഷിക്കു് ഉപയോഗമാക്കിത്തീർക്കുവാനാണു് ഈ അണ കെട്ടീട്ടുള്ളതു്. പരമ്പുരം എന്ന താലൂക്കിൽ ഒരുലക്ഷത്തിലധികം ഏക്കർ സ്ഥലം ഈ അണയിലെ വെള്ളംകൊണ്ടു നനച്ചുവരുന്നു.

പെരിയാർ എന്നു പറയുന്നതു് ആല്വവാനദി ആകുന്നു. ഈ നദി തിരുവിതാംകൂർമലകളിൽ ഉത്ഭവിച്ചു പടിഞ്ഞാട്ടു് ഒഴുകുന്നു. നദിയുടെ മുകൾഭാഗത്താണു് അണ കെട്ടിയിരിക്കുന്നതു്. അണയ്ക്കു് 156 അടി പൊക്കമുണ്ടു്. ഈ അണകൊണ്ടു പടിഞ്ഞാട്ടൊഴുകുന്ന വെള്ളം കിഴക്കോട്ടു തിരിയുന്നു. വൈഗൈ എന്ന നദിയിലേയ്ക്കാണു വെള്ളം കൊണ്ടുപോകുന്നതു്. വൈഗൈ നദി മധുരയിൽക്കൂടിയാണല്ലൊ ഒഴുകുന്നതു്. അതുകൊണ്ടു പെരിയാറിലെ വെള്ളം മധുരയിലെ കൃഷിക്കു് ഉപയോഗപ്പെടുന്നു. 9 കൊല്ലംകൊണ്ടാണു് അണ പണിതീർന്നതു്.

മേട്ടൂരണയാണു സംസ്ഥാനത്തിലെ ഏറ്റവും വലിയ അണ. ഇതു ലോകത്തിലെ ഏറ്റവും വലിയ അണകളിലൊന്നാണ്. ഈറോഡ് പട്ടണത്തിൽനിന്നും 40 നാഴിക വടക്കാണു മേട്ടൂർ. ഈ പട്ടണം സേലംജില്ലയിലാണ്. അണയുടെ ആകെ വിസ്താരം 60 ചതുരശ്രനാഴിക ആകുന്നു. 9 കൊല്ലംകൊണ്ടാണ് ഇതു പണിതീർത്തത്. 1934-ൽ ആകുന്ന ഇതിന്റെ പണി അവസാനിച്ചതും. ഇതിന് 5 കോടി 9 ലക്ഷം ഉറുപ്പിക ചെലവുമായിട്ടുണ്ട്. ഈജിപ്തിലെ അസ്സുവാൻ; നൈലിലെ സെന്നാർ; ഐക്യനാട്ടുകളിലെ സ്കൂക്രോഷ്യൻ; പഞ്ചാബിലെ സുക്കുർ; മൈസൂരിലെ കൃഷ്ണരാജസംഗർ എന്നീ അണകളോട് ഇതിനെ താരതമ്യം ചെയ്യാം.

അദ്ധ്യായം 6

തടാകങ്ങൾ

തടാകം എന്നുവെച്ചാൽ എന്താണെന്നു നിങ്ങൾക്കറിയാമല്ലൊ. നാലുഭാഗവും കരയുള്ള സ്വാഭാവികമായ ജലാശയത്തിന്നാണല്ലൊ തടാകമെന്നു പറയുന്നത്. തടാകത്തിലെ വെള്ളം ശുദ്ധവെള്ളമായിരിക്കണം എന്നാണു ഭൂമിശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. എന്നാൽ ഉപ്പുവെള്ളമുള്ള ജലാശയങ്ങളേയും ചിലപ്പോൾ തടാകമെന്നു പറയാറുണ്ട്.

മദ്രാസ് സംസ്ഥാനത്തിൽ വളരെയധികം തടാകങ്ങളില്ല. ഉള്ളവതന്നെ നന്ന ചെറിയവയുമാണ്.

മദ്രാസ് പട്ടണത്തിനു് അല്പം വടക്കായി തെക്കുവടക്കു നീണ്ടുകിടക്കുന്ന ഒരു ജലാശയമുണ്ടു്. അതു വാസ്തവത്തിൽ ഒരു തടാകമല്ല. എങ്കിലും ഇതിനെ ഒരു തടാകമായാണു കരുതിവരുന്നതു്. ഇതിനു പുലിക്കാട്ടുതടാകമെന്നു പേർ. സമുദ്രത്തിലെ വെള്ളം കരയുടെ ഉള്ളിൽക്കടന്നു കെട്ടിക്കിടക്കുന്ന ഒരു ജലാശയംമാത്രമാണിതു്. ഈ തടാകത്തിനു് ആഴം നന്ന കുറവത്രെ. വെള്ളം ഉപ്പുരസമുള്ളതാണെന്നു പറയേണ്ടതില്ലല്ലൊ.

ഗോദാവരിയുടേയും, കൃഷ്ണയുടേയും മുക്കോൺതുരുത്തു കഠിക്കു മദ്ധ്യേ കിടക്കുന്ന ജലാശയമാണു കോലയാർ തടാകം. വേനൽക്കാലത്തു് ഈ തടാകത്തിനു് 24 നാഴിക നീളവും 12 നാഴിക വീതിയും മാത്രമെ ഉള്ളുവെങ്കിലും വർഷക്കാലത്തു് ഇതിനു് 50 നാഴികവരെ നീളംകാണും. വെള്ളത്തിനു് ഉപ്പുരസമില്ല. സമുദ്രത്തിലെ വെള്ളം ഈ തടാകത്തിലേയ്ക്കു കടക്കാതെയിരിപ്പാൻ അണകെട്ടീട്ടുണ്ടു്. അതുകൊണ്ടാണു് ഇതിലെ വെള്ളം ശുദ്ധമായിരിക്കുന്നതു്. ഈ തടാകത്തിലെ വെള്ളം കൃഷിക്കുപയോഗിക്കുന്നു. ഈ തടാകത്തിൽനിന്നും ചെറിയൊരു നദി സമുദ്രത്തിലേയ്ക്കു് ഒഴുകുന്നുണ്ടു്.

മദ്രാസ് സംസ്ഥാനത്തിന്റെ കിഴക്കേത്തീരത്തു വടക്കേ അറ്റത്തുള്ള തടാകമാണു് ചിൽക്കാതടാകം. ഇതിലെ വെള്ളം ഉപ്പുവെള്ളമത്രെ. ഇതു വാസ്തവത്തിൽ ഒരു തടാകമല്ല. ഇതൊരു ഉൾക്കടലാണെന്നു പറയുന്നതായി

രിക്കും അധികം നല്ലതു്. ഇതിനു് ആറടിയിൽ അധികം ആഴമില്ല.

ഈ സംസ്ഥാനത്തിന്റെ പശ്ചിമതീരത്തു കായലുകൾ എന്നൊരു വിശേഷതരം ജലാശയങ്ങളുണ്ടു്. ഈ കായലുകൾ മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ പ്രദേശങ്ങളിൽ വ്യാപിച്ചുകിടക്കുന്നു. സമുദ്രതീരം പൊളിഞ്ഞു് വെള്ളം കരയിലേയ്ക്കു കടന്നുണ്ടായ ജലാശയങ്ങളാണിവ. ഈ ജലാശയങ്ങൾക്കു് അഴികൾ എന്നു പറയുന്ന തുറകളിൽ സമുദ്രത്തോടു ബന്ധമുണ്ടായിരുന്നില്ലെങ്കിൽ, ഇവയെ തടാകങ്ങളെന്നു പറയാമായിരുന്നു. ഇപ്പോൾ ഈ കായലുകളിലെ വെള്ളം ഉപ്പുരസമുള്ളതത്രെ.

മദ്രാസ് സംസ്ഥാനത്തോടു ചേർന്നതായി പറയത്തക്ക ദ്വീപുകളൊന്നുമില്ല. കിഴക്കേത്തീരത്തു തെക്കേ അറ്റത്തായി കിടക്കുന്ന രാമേശ്വരമാണു പ്രധാന ദ്വീപു്. ഈ ദ്വീപു് ഏതാണ്ടു ചതുരാകൃതിയിലുള്ള ഒരു തുരുത്താണു്. ഇതിനു 10 നാഴിക നീളവും 10 നാഴിക വീതിയുമുണ്ടു്. ഈ ദ്വീപു് ഹിന്തുക്കളുടെ ഒരു പുണ്യസ്ഥലമാണു്. മന്നാർ എന്നപേരായി മറ്റൊരു ദ്വീപും രാമേശ്വരത്തിന്നാട്ടത്തു കിടക്കുന്നു. അവിടെ മന്നാർ എന്നപേരായി ഒരു ഉപ്പങ്കടലുണ്ടു്. സംസ്ഥാനത്തിൽ പാക്കു് എന്നപേരായി ഒരു കടലിടുക്കുമുണ്ടു്.

പശ്ചിമതീരത്തുനിന്നു കുറെ അകലെയായി സ്ഥിതിചെയ്യുന്ന ലക്കദ്വീപും മാലദ്വീപും ഈ സംസ്ഥാനം

ത്തോട് ചേർന്നിരിക്കുന്നു. ഈ ദ്വീപുകളിൽ മഴ സമൃദ്ധിയാകയാൽ തെങ്ങു ധാരാളമായി വളരുന്നു.

സംസ്ഥാനത്തിന്റെ തെക്കേ അറ്റമാണു കന്യാകുമാരി മുനമ്പു്.

അദ്ധ്യായം 7

ശീതോഷ്ണസ്ഥിതി

മദ്ധ്യരേഖയെപ്പറ്റിയും സൂര്യന്റെ അയനങ്ങളെപ്പറ്റിയും പഠിച്ച സംഗതികൾ കുട്ടികൾ മറന്നിട്ടില്ലല്ലൊ. മദ്ധ്യരേഖാപ്രദേശത്തു സൂര്യോഷ്ണം അധികമാണു്. മദ്രാസ് സംസ്ഥാനം മദ്ധ്യരേഖയിൽനിന്നു് ഏതാണ്ടു് 550 നാഴിക വടക്കുമാറിയാണു സ്ഥിതിചെയ്യുന്നതു്. അതുകൊണ്ടു് ഈ സംസ്ഥാനം വളരെ ഉഷ്ണമുള്ള ഒരു പ്രദേശമാണെന്നു സിദ്ധമായി.

നമ്മുടെ സംസ്ഥാനത്തിലുള്ള ഏതു പ്രദേശവും ഒരുപോലെ ഉഷ്ണമുള്ളതാണോ? അല്ല. ഏറണാകുളത്തു തൃശ്ശിവപേരൂരുള്ളതു ഉഷ്ണമില്ലെന്നു നിങ്ങൾ മൂന്നാംക്ലാസ്സിൽ പഠിച്ചുവല്ലൊ. ഏറണാകുളത്തു തൃശ്ശിവപേരൂരുള്ളതു ഉഷ്ണമില്ലാതെയിരിപ്പാനെന്തു കാരണം? ഏറണാകുളം കായൽവക്കത്തു സ്ഥിതിചെയ്യുന്നതുകൊണ്ടുതന്നെ. അതുപോലെ മദ്രാസ് സംസ്ഥാനത്തിന്റെ തീരപ്രദേശത്തും ഉൾനാട്ടിലുള്ളതു ഉഷ്ണമില്ല. ജലം കരയോടൊപ്പം തന്നെ വേഗം ചൂടുപിടിക്കുന്നതല്ല. കര ചൂടുപിടിച്ചു

ഉഷ്ണം അസഹ്യമാകുമ്പോഴാണു ജലത്തിൽനിന്നു തണുത്ത കാറു കരയിലേയ്ക്കു വീശുന്നതു്. ആ തണുത്ത കാറു വീശുന്നതുകൊണ്ടാണു സമുദ്രതീരത്തു് ഉഷ്ണം കുറയുന്നതു്.

നിലത്തു കുത്തനെ വീഴുന്ന സൂര്യരശ്മികളിൽനിന്നു വളഞ്ഞുവീഴുന്ന സൂര്യരശ്മികളിൽനിന്നു ലഭിക്കുന്നതിലധികം ഉഷ്ണം ലഭിക്കുന്നു. മലകളുടെ മുകളിൽ സൂര്യരശ്മികൾ മൈതാനഭൂമിയിൽ വീഴുന്നതു കുത്തനെ വീഴുന്നതല്ല. അതുകൊണ്ടു മലകളിൽ മൈതാനഭൂമിയിലുള്ളതു ഉഷ്ണം ഉണ്ടായിരിക്കുന്നതല്ല. സംസ്ഥാനത്തിലെ നീലഗിരി, ശേർവരായി, പഴനി മുതലായ മലകളിൽ മൈതാനത്തിലുള്ളതു ഉഷ്ണമില്ല.

പീഠഭൂമിയിലാണു് ഏററവുമധികം ഉഷ്ണമുള്ളതു്. അവിടെ മഴ കുറവാണെങ്കിലും സാമാന്യം തണുപ്പുണ്ടു്.

ഇനി സംസ്ഥാനത്തിൽ പെയ്യുന്ന മഴയെപ്പററി ചില സംഗതികളാണു കൂട്ടികൾ അറിയേണ്ടതു്.

സൂര്യന്റെ ചൂടുകൊണ്ടു സമുദ്രം മുതലായ ജലരാശികളിലെ വെള്ളം ആവിയായി പരിണമിച്ചു് ആകാശത്തിൽ ഉയരുന്ന മേഘമായിത്തീരുന്നുവെന്നും ഈ മേഘം തണുത്താണു മഴയുണ്ടാകുന്നതെന്നും നിങ്ങൾ പഠിച്ചിട്ടുണ്ടല്ലൊ. സംസ്ഥാനത്തിന്റെ വടക്കുഭാഗം ഒഴിച്ചുള്ള മൂന്നു ഭാഗത്തും സമുദ്രമാണു്. ഈ സമുദ്രത്തിലെ ജലം ഏതു സമയത്തും ആവിയായി പൊയ്ക്കൊണ്ടിരിക്കുന്നുമുണ്ടു്. എന്നാൽ കുംഭം, മീനം, മേടം എന്നീ മാസങ്ങളിലാണു് ഇവിടെ അത്യുഷ്ണമായിരിക്കുന്നതു്. ആ സമയത്തു ജലം മറു സമയത്തേക്കാളധികം ആവിയായി പൊ

ങ്ങുന്നതത്രെ. ഇങ്ങനെ അറബിക്കടലിൽനിന്നു പൊങ്ങുന്ന നീരാവി അവിടേയും, ബങ്കാളംഉൾക്കടലിൽനിന്നു പൊങ്ങുന്ന നീരാവി അവിടേയും മേഘമായിത്തീരുന്നു. ഇടവമാസാരംഭത്തോടുകൂടി അറബിക്കടലിൽനിന്നു് ഒരു കാറു വീശുന്നു. ഈ കാറിന്റെ ഗതിയനുസരിച്ചു മേഘങ്ങൾ സമുദ്രത്തിനു മീതെ നിന്നു സംസ്ഥാനത്തിന്റെ പടിഞ്ഞാറേത്തീരത്തെത്തുന്നു. പശ്ചിമഘട്ടം എന്ന മലനിര സംസ്ഥാനത്തിന്റെ പടിഞ്ഞാറേത്തീരത്താണല്ലോ കിടക്കുന്നതു്. മേഘങ്ങൾ ഈ മലനിര കടപ്പാൻ ഭാവിക്കുമ്പോൾ തണുപ്പുകൊണ്ടു വീണ്ടും ജലമായിത്തീരുന്നു. അങ്ങനെ പശ്ചിമഘട്ടങ്ങളിലും പടിഞ്ഞാറെസമുദ്രതീരത്തും സുലഭമായ മഴയുണ്ടാകുന്നു. ഇടവം മുതൽ ആരംഭിക്കുന്ന ഈ വർഷം ഏതാണ്ടു കർക്കടകം അവസാനംവരെ നീണ്ടുനില്ക്കുന്നു. ഈ കാലത്തിനു കാലവർഷക്കാലമെന്നു പേർ. ചിങ്ങം, കന്നി എന്നീ മാസങ്ങളിൽ മഴയുടെ ശക്തി കുറയുന്നു.

ഇടവത്തിൽ അറബിക്കടലിൽനിന്നു് ഉയരുന്ന കാറിന്റെ ഗതി തുലാമാസമാകുമ്പോഴേയ്ക്കും തിരിയുന്നു. അന്നു കാറു് ബങ്കാളം ഉൾക്കടലിൽനിന്നാണു വീശുന്നതു്. ആ സമയത്തു പൂവ്വ്വഘട്ടങ്ങളിലും പൂവ്വ്തീരത്തും മഴപെയ്യുന്നു. എന്നാൽ പശ്ചിമതീരത്തു പെയ്യുന്നതു മഴ പൂവ്വ്തീരത്തു പെയ്യുന്നില്ലെന്നു നിങ്ങൾ ധരിക്കേണ്ടതാണു്.

കോയമ്പത്തൂർ, തൃശ്ശിനാപ്പള്ളി, സേലം മുതലായ ഉൾനാട്ടുജില്ലകളിൽ പൂവ്വ്തീരത്തുള്ളതുതന്നെ മഴയില്ല.

പീഠഭൂമിയിലാണു മഴ ഏറ്റവും കുറവായിരിക്കുന്നതു്. പശ്ചിമഭാഗത്തുനിന്നു വരുന്ന മേഘങ്ങളെ പശ്ചിമഘട്ടവും പൂവ്വ്ഭാഗത്തുനിന്നു വരുന്ന മേഘങ്ങളെ പൂവ്വ്ഘട്ടവും തടുക്കുന്നതുതന്നെയാണു് ഇതിനു കാരണം.

തുലാമാസത്തിലെ വഷ്ടം പശ്ചിമതീരത്തും ഇല്ലാതില്ല. എന്നാൽ അന്നു് അവിടെ കാലവഷ്ക്കാലത്തുള്ളതു മഴപെയ്യുന്നില്ല.

വൃശ്ചികത്തിന്റെ ആരംഭത്തോടുക്കുടി മഞ്ഞുകാലമായി. ഈ മഞ്ഞുകാലം മൂന്നു മാസത്തേയ്ക്കു നീണ്ടുനില്ക്കുന്നു. അനന്തരം വീണ്ടും ഉഷ്ണകാലമായി. ഇങ്ങനെ കാലങ്ങൾ മാറി മാറി വന്നുകൊണ്ടിരിക്കുന്നു.

ഭൂമിയിലുള്ള സ്ഥാനം (മദ്ധ്യരേഖയിൽനിന്നുള്ള ദൂരം) മലകൾ, കാറ്റുകൾ, സമുദ്രനിരപ്പിൽനിന്നുള്ള ഉയരം എന്നീ സംഗതികളെ അടിസ്ഥാനമാക്കിയാണു് ഒരു സംസ്ഥാനത്തെ കാലാവസ്ഥ നിർണ്ണയിക്കുന്നതെന്നു നിങ്ങൾ ഇപ്പോൾ ധരിച്ചുവല്ലൊ.

അദ്ധ്യായം 8

ഉൽപന്നങ്ങൾ—സസ്യങ്ങൾ

മദ്രാസ് സംസ്ഥാനത്തു വെയിലും മഴയും സുലഭമായുണ്ടെന്നു നാം കണ്ടുവല്ലോ. ഇങ്ങനെ വെയിലും മഴയും സുലഭമായുണ്ടാകുന്ന പ്രദേശത്തു പലവിധമായ സസ്യങ്ങൾ ഉണ്ടാകുന്നതത്രെ. നാനാതരത്തിലുള്ള സസ്യങ്ങൾ സുലഭമായി വളരുന്ന സ്ഥലത്തു നാനാതരത്തിലുള്ള മൃഗങ്ങളേയും കാണാം.

ഉൽപന്നങ്ങളെ സസ്യങ്ങളെന്നും, ധാതുക്കളെന്നും, മൃഗങ്ങളിൽനിന്നു ലഭിക്കുന്നവയെന്നും മൂന്നായി വിഭജിക്കാവുന്നതത്രെ: സസ്യങ്ങളെത്തന്നെ കൃഷിചെയ്തുണ്ടാക്കുന്നവയെന്നും, തന്നാനുണ്ടാകുന്നവയെന്നും രണ്ടുതരത്തിൽ തിരിക്കാം.

ഈ സംസ്ഥാനത്തിലെ സ്ഥലത്തിൽ 100-ൽ 40 ഭാഗം മാത്രമേ കൃഷിചെയ്യാവുന്ന സ്ഥലമുള്ളൂ. ശേഷിച്ച പതിനാലു ഭാഗം കാടാണു്.

കൃഷിയെത്തന്നെ നഞ്ചു, പുഞ്ച, പറമ്പുകൃഷി എന്നിങ്ങനെ വീണ്ടും തിരിക്കാവുന്നതത്രെ. ഒരു സ്ഥലത്തെ ഉൽപന്നങ്ങൾ അവിടത്തെ മണ്ണിന്റെ സ്ഥിതി, ശീതോഷ്ണഭേദം, ജലസമൃദ്ധി എന്നിവയെ ആശ്രയിച്ചുനില്ക്കുന്നു.

നെൽകൃഷിക്കാണു നഞ്ചകൃഷിയെന്നു പറയുന്നതു്. ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ മുഖ്യ ആഹാരസാ

ധനം നെല്ലാണല്ലൊ. നെൽകൃഷിക്കു വെയിലും വെള്ള
വും നല്ലപോലെ വേണം. മഴ സുലഭമായി പെയ്യുന്ന
പശ്ചിമതീരത്തു പ്രധാന വിള നെല്ലുതന്നെ. ഗോദാവ
രി, കൃഷ്ണാ, പാലാർ, കാവേരി എന്നീ നദികളുടെ മു
ക്കോൺതുരുത്തുകളിൽ നെല്ലു സമൃദ്ധിയായി കൃഷിചെ
യ്യുന്നു.

നെല്ലു കഴിഞ്ഞാൽപ്പിന്നെ ഇവിടത്തെ പ്രധാന വി
ള ചോളമാകുന്നു. ചോളക്കൃഷിക്കു വളരെയധികം വെ
ള്ളം ആവശ്യമില്ല. പീഠഭൂമിയിലെ പ്രധാന വിള
ചോളമാകുന്നു.

ബല്ലാറി, കർണ്ണൂൽ, ഗുണ്ടൂർ, നീലഗിരി എന്നീ
ജില്ലകളിൽ ഗോതമ്പു കൃഷി ചെയ്തുവരുന്നു.

കരിമ്പുകൃഷിക്കും വെള്ളം സുലഭമായി ആവശ്യമാ
ണു്. വിശാഖപട്ടണം, ബല്ലാറി, വടക്കൻആർക്കാട്ടു്,
തെക്കെൻആർക്കാട്ടു്, കോയമ്പത്തൂർ, എന്നീ ജില്ലകളിൽ
കരിമ്പുകൃഷി നടന്നുവരുന്നു.

ഗോദാവരി, കൃഷ്ണാ, തൃശ്ശിനാപ്പള്ളി, മധുര, രാമ
നാഥം, കോയമ്പത്തൂർ എന്നീ ജില്ലകളിൽ പുകയില
കൃഷി ചെയ്തുവരുന്നു.

എള്ളു്, നിലക്കടല, ആവണക്കു് മുതലായ എ
ണ്ണബീജങ്ങളും ഈ സംസ്ഥാനത്തു കൃഷി ചെയ്യുന്നുണ്ടു്.

പരുത്തികൃഷി ഈ സംസ്ഥാനത്തിലെ ജനങ്ങള
ുടെ പ്രധാനമായ തൊഴിലുകളിൽ ഒന്നാണു്. കൃഷ്ണാ,
ഗുണ്ടൂർ, ബല്ലാരി, കടപ്പ, കർണ്ണൂൽ, കോയമ്പത്തൂർ,
രാമനാഥം, തിരുനൽവേലി എന്നീ ജില്ലകളിലാണു പ
രുത്തി കൃഷി ചെയ്തുവരുന്നതു്.

കാപ്പി കൃഷിചെയ്യുവരുന്നതു മലകളിലാണ്. നീല ഗിരി, മൈസൂർ, ശെർവരായിമല, കൂടകു, വൈനാട് മുതലായ സ്ഥലങ്ങളിൽ കാപ്പി കൃഷിചെയ്യുവരുന്നു. ഈ കൃഷിക്കു 90 അംഗുലത്തോളം മഴ ആവശ്യമാണു്.

നീലഗിരി, ആനമല, പഴനിമല എന്നീ സ്ഥലങ്ങളിൽ തേയിലക്കൃഷി നടന്നുവരുന്നു.

പറമ്പിൽ കൃഷി ചെയ്യുന്ന ധാന്യങ്ങളിൽ പ്രധാനമായവ മുതിര, പയറു്, ഉഴുന്നു്, കടല, തുവര എന്നിവയത്രെ.

പശ്ചിമതീരത്തു മഴ സുലഭമാകയാൽ അവിടെ തെങ്ങു ധാരാളമായി വളരുന്നു. കുരുമുളകും അവിടെ സുലഭമത്രെ.

മദ്രാസു് സംസ്ഥാനത്തിലെ വനങ്ങളിൽ പ്രധാനമായവ വടക്കൻ സക്കാർവനങ്ങളും, കണ്ണാടകവനങ്ങളും, മലബാർവനങ്ങളും എന്നിവയത്രെ. മലബാർവനങ്ങളിൽ മാത്രമേ തേക്കു്, കരിമരം, വീട്ടി, ഇരുമ്പു മുതലായ നല്ല മരങ്ങളും വളരുന്നുള്ളു. കാടുകളിൽനിന്നു ലഭിക്കുന്ന മറ്റുസാധനങ്ങളും തേൻ, മെഴുകു്, ഏലം, അരക്കു്, മുള എന്നിവതന്നെ.

———

അദ്ധ്യായം 9

ധാതുക്കൾ

ഈ സംസ്ഥാനത്തു ധാതുക്കൾ സുലഭമായി കണ്ടുവരുന്നുവെന്നു പറവാൻ തരമില്ല.

സേലംജില്ലയിൽ മേത്തരമായ ഇരുമ്പു കണ്ടിട്ടുണ്ടു്. എന്നാൽ കൽക്കരി അടുത്തു കാണുന്നില്ല. കൽക്കരി അല്പമായി കണ്ടുവരുന്നതു ഗോദാവരീതീരത്തും ഹൈദരാബാദിലെ സിങ്കരണി എന്ന സ്ഥലത്തുമാകുന്നു.

ആനന്ദപുരം, വയനാടു് (മലബാർ) എന്നീ സ്ഥലങ്ങളിൽ സ്വർണ്ണം കണ്ടുവരുന്നുണ്ടത്രെ. ആനന്ദപുരത്തുള്ള ഖനികളിൽ നന്ന കുറച്ചു സ്വർണ്ണമേയുള്ളു. വയനാട്ടിൽ നിന്നു സ്വർണ്ണം കുഴിച്ചെടുക്കുവാനും വളരെ ചിലവുണ്ടത്രെ.

കർണ്ണൂൽജില്ലയിൽ ഒരു രത്നഖനിയുണ്ടു്.

മാങ്കനീസു് എന്ന ലോഹം വിശാഖപട്ടണം, ബല്ലാറി എന്നീ ജില്ലകളിൽ കണ്ടുവരുന്നു. ഈ ലോഹം കയറ്റിഅയയ്ക്കുന്നതുമുണ്ടു്.

നെല്ലൂർ, സേലം എന്നീ സ്ഥലങ്ങളിൽനിന്നു് അഭ്രം കുഴിച്ചെടുക്കുന്നു.

ബല്ലാറിജില്ലയിൽ കല്ലുപ്പുള്ളതുപോലെ തുശ്ശിനാപ്പള്ളി, കോയമ്പത്തൂർ എന്നീ ജില്ലകളിൽ മണ്ണുപ്പു കണ്ടുവരുന്നു. പൂവ്വ്തീരത്തുള്ള ജില്ലകളിൽ കടൽവെള്ളത്തിൽനിന്നു തരിയുപ്പും ഉണ്ടാക്കുന്നുണ്ടത്രെ.

ഇന്ത്യക്കും ലങ്കക്കും മദ്ധ്യേയുള്ള കടലിൽനിന്നു മുത്തും പവിഴവും എടുത്തുവരുന്നു.

അദ്ധ്യായം 10

മൃഗങ്ങൾ

ഈ സംസ്ഥാനത്തിലെ കാടുകളിൽ സാധാരണയായി കണ്ടുവരുന്ന മൃഗങ്ങൾ ആന, പുലി, മാൻ, കരടി, കാട്ടുപോത്ത്, പന്നി എന്നിവയാകുന്നു.

ആന കാട്ടുമൃഗമാണെന്ന സംഗതി വാസ്തവംതന്നെ. എന്നാൽ മറ്റു യാതൊരു കാട്ടുമൃഗവും ഇത്രയധികം വീട്ടുമൃഗമായിട്ടില്ല. ആനയെ ഇണക്കി മനുഷ്യർ നാനാതരത്തിലുള്ള പണികളുപയോഗിക്കുന്നു.

പുലിയെപ്പോലെ ഇത്ര ഭയങ്കരമായതും ഇണങ്ങാത്തതുമായി മറ്റൊരു കാട്ടുമൃഗമുണ്ടെന്നു തോന്നുന്നില്ല. അതിനെക്കൊണ്ടു മനുഷ്യർക്കും വീട്ടുമൃഗങ്ങൾക്കും ഒരുപോലെയാണു് ഉപദ്രവം. പുലിയെ വേട്ടയാടി നശിപ്പിക്കുവാനാണു മനുഷ്യർ ശ്രമിക്കുന്നതു്. വേട്ടയാടി കൊല്ലുന്ന പുലികളുടെ നഖവും തോലും അവർ വില്ക്കുന്നു. പുലിയുടെ ഉപദ്രവംകൊണ്ടു കൊല്ലംതോറും അനവധി ചെറു മൃഗങ്ങൾ നശിച്ചുപോകുന്നുണ്ടു്.

മാൻ വളരെ നിരുപദ്രവിയായ ഒരു മൃഗമാകുന്നു. മാനിനേയും മനുഷ്യർ ഇണക്കാറില്ലെന്നില്ല. അതിനെ വേട്ടയാടുന്നതു് അധികവും അതിന്റെ മാംസത്തിനുവേണ്ടിയത്രെ. മാനിന്റെ തോലും കൊമ്പും വിലപിടിച്ച വസ്തുക്കളാണു്.

കരടിയും നല്ലപോലെ ഇണങ്ങുന്ന ഒരു മൃഗമാണു്. സർക്കസ്സുകളിക്കാർ അതിനെ പിടിച്ചിണക്കി പലതരത്തിലുള്ള വിദ്യകളും അഭ്യസിപ്പിക്കുന്നുണ്ടു്.

കാട്ടുപോത്തിനെ ആനയെക്കാളും പുലിയെക്കാളും അധികം ഭയപ്പെടേണ്ടതാണത്രെ. ഈ മൃഗത്തെ മനുഷ്യർ കൊന്നു് അതിന്റെ കൊമ്പെടുക്കുന്നു.

പന്നിയേയും മനുഷ്യർ വേട്ടയാടിക്കൊല്ലാറുണ്ടു്. പന്നി കൃഷിക്കു വളരെ ഉപദ്രവംചെയ്യുന്ന ഒരു ജീവിയാണു്. അതിന്റെ തേറ്റകൊണ്ടു് അതു ഭൂമിയിൽ കുഴിച്ചിട്ടിരിക്കുന്ന സാധനങ്ങളെ കുത്തിയെടുക്കും. നെല്ലിൽ ഇറങ്ങി നിന്നും ചവിട്ടിയും നശിപ്പിക്കും.

വീട്ടുമൃഗങ്ങളിൽ പ്രധാനമായവ പശു, എരുമ, ആടു്, പോത്തു്, കാള, കോലാടു്, ചെമ്മരിയാടു് എന്നിവയാകുന്നു. ഈ വീട്ടുമൃഗങ്ങളെക്കൊണ്ടുള്ള ഉപയോഗമെന്തെല്ലാമാണെന്നു് ഏവർക്കും അറിയാമല്ലൊ.

കുരങ്ങൻ, കോഴി, പ്രാവു്, തത്ത, പരുന്തു്, കഴുകൻ, മയിൽ എന്നീ ജീവികളെയും ഈ സംസ്ഥാനത്തു കണ്ടുവരുന്നു.

ഈ സംസ്ഥാനത്തു കാണാത്ത ജീവികളാണു് നീർക്കുതിര, പുമ, ജാഗുവർ എന്നിവ.

നീർക്കുതിര സാധാരണയായി വെള്ളത്തിൽ വസിക്കുന്ന ഒരു ജീവിയത്രെ. അതുകൊണ്ടുതന്നെയാണു് അതിനു നീർക്കുതിര എന്ന പേർ സിദ്ധമായതു്. ഈ മൃഗത്തിനു് ഏതാണ്ടു് ആനയുടെ വലിപ്പംകാണും. അതിന്റെ വയറു സാമാന്യം വലുതാണു്. വയറു നിലത്തുമുട്ടുമോ എന്നുതന്നെ സംശയംതോന്നത്തക്കവിധം അതു വലുതാ

ണ്ട്. നദികളുടേയും തടാകങ്ങളുടേയും തടങ്ങളിലാണ് ഈ ജീവി സാധാരണ വസിക്കുന്നത്. ഈ ജീവിയെ നായാടിക്കൊല്ലാറുണ്ട്. അതിന്റെ പല്ല് വളരെ പ്രയോജനമുള്ള ഒരു സാധനമത്രെ.

പൂമ എന്ന മൃഗത്തെ സാധാരണയായി കാണുന്നതു വടക്കേഅമേരിക്കയിലും തെക്കേഅമേരിക്കയിലും ആകുന്നു. ഇതിന്ന് അമേരിക്കൻപുലി എന്ന മറെറാരു പേർ തന്നെ ഉണ്ട്. മാംസഭോജിയായ ഈ മൃഗം സാധാരണയായി ആടുകളെയാണ് തിന്നുന്നത്.

ജാഗ്വർ എന്നതും ഒരുതരം പുലിയത്രെ. ഇതിനെ അധികമായി കാണുന്നതു തെക്കേ അമേരിക്കയിലാണ്. നദീതീരങ്ങളത്രെ ഇതിന്റെ ആവാസസ്ഥലം. ഇതിനെ വേട്ടയാടി തോൽ യൂറോപ്പിലേയ്ക്ക് അയയ്ക്കുന്നു.

അദ്ധ്യായം 11

തൊഴിലുകൾ

ഒരു രാജ്യത്തു വസിക്കുന്ന ജനങ്ങളുടെ തൊഴിൽ അവിടെത്തെ മണ്ണിന്റെ സ്ഥിതി കാലാവസ്ഥ എന്നിവയെ ആശ്രയിച്ചിരിക്കും.

മദ്രാസ് സംസ്ഥാനത്തിലെ ജനങ്ങളിൽ 100-ൽ 70 പേരുടേയും തൊഴിൽ കൃഷിയാകുന്നു. ഈ സംസ്ഥാനത്തു കൃഷിചെയ്യുണ്ടാകുന്ന ധാന്യങ്ങൾ അനവധിയാണെ

ന്ന നാം കണ്ടുവല്ലോ. സംസ്ഥാനത്തിലെ നിലത്തിൽ 100-ക്ക 40 വീതവും കൃഷിചെയ്യാവുന്ന ഭൂമിയുമാണ്. നെൽകൃഷിയിൽത്തന്നെ ഏർപ്പെട്ടിരിക്കുന്നവരുടെ സംഖ്യ നിസ്സാരമൊന്നുമല്ല.

കൃഷികഴിഞ്ഞാൽ പിന്നെ അധികം ജനങ്ങൾ ഏർപ്പെട്ടിരിക്കുന്ന തൊഴിൽ നെയ്ത്താകുന്നു. പരുത്തിച്ചെടി കൃഷിചെയ്യുന്ന ജില്ലകൾ ഏവ? ബല്ലാറി, സേലം, കോയമ്പത്തൂർ, ഗോദാവരി, വിശാഖപട്ടണം, തിരുനൽവേലി എന്നീ ജില്ലകളിൽ നെയ്ത്തു സാധാരണയായി നടന്നുവരുന്നു. ബെല്ലാറിയിലെ സാൽവ പ്രസിദ്ധികേട്ടതത്രെ. എല്ലൂരിലെ രത്നകമ്പളങ്ങളും കീർത്തിയിൽ ഒട്ടും താഴ്ന്നതല്ല. മധുര, തഞ്ചാവൂർ, മസൂലിപട്ടണം എന്നീ സ്ഥലങ്ങളിലെ പാവുമുണ്ടുകളും കസവുവസ്ത്രങ്ങളും വിശേഷപ്പെട്ടവതന്നെ.

തോലുകൊണ്ടുള്ള വ്യവസായമാണു മൂന്നാംസ്ഥാനത്തിരിക്കുന്നതു്. കന്നുകാലികൾ സുലഭമായുള്ളതു നെല്ലൂർ ജില്ലയിലും കോയമ്പത്തൂർജില്ലയിലുമാണ്. മറ്റുള്ള ജില്ലകളിൽ കാലികൾ ഇല്ലെന്നല്ല പറയുന്നതു്. തോലുകൊണ്ടുള്ള വ്യവസായത്തിന്നു തോൽമാത്രമുണ്ടായാൽ പോരാ. തോൽ ഊറയ്ക്കിടുവാൻ ആവശ്യമായ കട്ടക്കയും ആവാരമ്പട്ടയും വേണം. ഈ സാധനങ്ങൾ സുലഭമായി ലഭിക്കുന്നതു നെല്ലൂരിലും കോയമ്പത്തൂരിലുമാണ്. അതുകൊണ്ടു തോൽവ്യവസായം അധികമായി നടക്കുന്നതു് ഈ ജില്ലകളിലത്രെ.

പുകയില അധികമായി ഉണ്ടാകുന്നതു കോയമ്പത്തൂർ, മധുര, തിരുനാപ്പള്ളി എന്നീ ജില്ലകളിലാണ

ല്ലൊ. അതുകൊണ്ടു പുകയിലകൊണ്ടുള്ള വ്യവസായം പ്രധാനമായി നടക്കുന്നതു് ഈ ജില്ലകളിൽത്തന്നെ. മധുരയിലെ ദിണ്ടിഗൽ എന്ന സ്ഥലത്തും തുശ്ശിനാപ്പള്ളിയിലും ചുരുട്ടകൾ ഉണ്ടാക്കിവരുന്നു.

പശ്ചിമതീരത്തു തെങ്ങു സമൃദ്ധിയായി വളരുന്നുണ്ടല്ലൊ. നാളികേരം ഉണക്കി കൊപ്രയുണ്ടാക്കുക, കൊപ്രയാട്ടി വെളിച്ചെണ്ണയെടുക്കുക, ചകരി പിരിച്ചു കയറും ചവുട്ടിയും ഉണ്ടാക്കുക എന്നീ വ്യവസായങ്ങൾ പശ്ചിമതീരത്തു സമൃദ്ധിയായി നടന്നുവരുന്നു.

കാപ്പിയെ സംബന്ധിച്ചുള്ള തൊഴിലുകൾ അധികമായി നടക്കുന്നതു് അതു സമൃദ്ധിയായി വളരുന്ന നീലഗിരി, കൂടകു്, സേലം എന്നീ സ്ഥലങ്ങളിൽത്തന്നെ.

തഞ്ചാവൂർ, കാഞ്ചീപുരം എന്നീ സ്ഥലങ്ങളിൽ വിശേഷതരത്തിലുള്ള പട്ടുചേലകളും വേഷ്ടികളുമുണ്ടാക്കുന്നു.

നീലം, കരിമ്പു്, അമരി എന്നിവകൊണ്ടും പലേ വ്യവസായങ്ങളും നടക്കുന്നു. കരിമ്പിൽനിന്നു ശക്കരയും പഞ്ചസാരയും കോയമ്പത്തൂരിൽ ഉണ്ടാക്കിവരുന്നു. നീലംകൊണ്ടും അമരികൊണ്ടും ചായമിടുന്നു.

തഞ്ചാവൂർ, മധുര എന്നീ ജില്ലകളിൽ ഓടുകൊണ്ടും പിച്ചളകൊണ്ടും പാത്രങ്ങൾ ഉണ്ടാക്കിവരുന്നു. മദ്രാസിലെ അലൂമിനിയ വ്യവസായവും പ്രസ്താവയോഗ്യമത്രെ.

തെങ്ങു്, പന എന്നിവ ചെത്തി അനവധി ജനങ്ങളെ ഉപജീവിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു.

മീൻപിടിച്ചു് ഉപജീവനം കഴിക്കുന്നവരും ഈ സംസ്ഥാനത്തു ധാരാളമുണ്ടു്.

പൊന്നുകൊണ്ടും വെള്ളികൊണ്ടും നാനാതരത്തിലുള്ള ആഭരണങ്ങൾ ഉണ്ടാക്കുന്നതിലും അനവധി ജനം ഏർപ്പെട്ടിരിക്കുന്നു.

ദന്തം, ചന്ദനമരം, കെടേശ്ശ് എന്നിവകൊണ്ടു ചിത്രവേലകളും ഈ സംസ്ഥാനത്തു ചെയ്തുവരുന്നുണ്ട്.

കാടന്മാരും വേടന്മാരും നായാട്ടുകൊണ്ടാണു് ഉപജീവനം സമ്പാദിക്കുന്നതു്.

മദ്രാസിലും തിരുനെൽവേലിയിലും യന്ത്രംകൊണ്ടു നെയ്ത്തു നടന്നുവരുന്നു.

മലബാർ, ഗോദാവരി, കൃഷ്ണാ, ഗുണ്ടൂർ എന്നീ ജില്ലകളിൽ യന്ത്രംകൊണ്ടു് എണ്ണയാട്ടുന്നു. ഗോദാവരി, കൃഷ്ണാ, ഗുണ്ടൂർ, തഞ്ചാവൂർ എന്നീ ജില്ലകളിൽ യന്ത്രംകൊണ്ടു നെല്ലുകുത്തും നടക്കുന്നു.

അദ്ധ്യായം 12

വാണിജ്യം

അങ്ങാടിയിൽ കച്ചവടം നടക്കുന്നുവെന്നും നാം പറയാറുണ്ടല്ലൊ. നമുക്കാവശ്യമുള്ള നാനാസാധനങ്ങൾ അവിടെ കാണാം. നെല്ലു്, അരി, വെളിച്ചെണ്ണ, ശർക്കര, പുകയില, പെൻസിൽ, കടലാസു്, സോപ്പു്, പുസ്തകം മുതലായ സാധനങ്ങളഖിലവും അങ്ങാടിയിലുണ്ടു്. നാം വിലകൊടുത്തു നമുക്കാവശ്യമുള്ള സാധനങ്ങൾ വാങ്ങുന്നു.

ഈ സാധനങ്ങൾ അങ്ങാടിയിൽ എങ്ങനെ വന്നു? ഇവയിൽ മിക്കവയും നമ്മുടെ രാജ്യത്തുണ്ടാകുന്നവയായിരിക്കും. ചില സാധനങ്ങളെ മറുരാജ്യങ്ങളിൽനിന്നു കൊണ്ടുവന്നവയായിരിക്കും. പുകയില, ശർക്കര മുതലായ സാധനങ്ങൾ കൊച്ചീരാജ്യത്തു ഉണ്ടാകുന്നതോ ഉണ്ടാക്കുന്നതോ അല്ല.

നമ്മുടെ രാജ്യത്തുതന്നെ ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേക്കു സാമാനങ്ങൾ കൊണ്ടുവരുന്നതിനു സ്വദേശവാണിജ്യമെന്നും പറയുന്നു. അപ്രകാരംതന്നെ മദ്രാസ്സ് സംസ്ഥാനത്തിലെ ഒരു ജില്ലയിൽനിന്നു മറെറാന്നിലേക്കു സാമാനം കൊണ്ടുപോകുന്നതിനും സ്വദേശവാണിജ്യമെന്നു പറയാം. എന്നാൽ നമ്മുടെ അങ്ങാടിയിൽക്കാണുന്ന സാമാനങ്ങളിലധികഭാഗവും മറുരാജ്യങ്ങളിൽനിന്നു വന്നവയാണു്. അങ്ങനെ പുറരാജ്യങ്ങളുമായി നടത്തുന്ന കച്ചവടത്തിനു വിദേശവാണിജ്യമെന്നു പേർ.

സാധനങ്ങൾ മറുരാജ്യങ്ങളിൽനിന്നു വരുത്തുന്നതുപോലെ നമ്മുടെ രാജ്യത്തുനിന്നു സാധനങ്ങൾ മറുരാജ്യങ്ങളിലേക്കു് അയയ്ക്കുന്നതുമുണ്ടു്. ഇങ്ങനെ ഇവിടെനിന്നു അയക്കുന്ന സാധനങ്ങൾക്കു കയറുമതികളെന്നും മറുടിക്കുകളിൽനിന്നു വരുന്ന സാധനങ്ങൾക്കു് ഇറക്കുമതികളെന്നും പറയുന്നു.

നമ്മുടെ രാജ്യത്തുനിന്നു കയറ്റിഅയക്കുന്ന സാധനങ്ങളിൽ മിക്കവയും കൃഷിചെയ്തുണ്ടാക്കുന്ന സാധനങ്ങളാണു്. മറുരാജ്യങ്ങളിൽനിന്നു് ഇറക്കുന്ന സാധനങ്ങൾ മിക്കവയും സംസ്കൃതവിഭവങ്ങളത്രെ. കൈത്തൊഴിൽ

കൊണ്ടും യന്ത്രവേലകൊണ്ടും ഉണ്ടാക്കപ്പെട്ട സാധനങ്ങൾക്കാണ് സംസ്കൃതവിഭവങ്ങളെന്നു പറയുന്നത്.

മദ്രാസ് സംസ്ഥാനത്തിലെ പ്രധാന കയറുമതികൾ പഞ്ഞി, തോൽ, എണ്ണക്കുരുക്കൾ, അരി, കാപ്പി, തേയില, കൊപ്ര, കയറ്, പുക്ക്, മുളക്, ഏലം, ഏലവംഗം, എല്ല് മുതലായവയാകുന്നു.

പഞ്ഞി അധികമായി കയറുന്നത് ഇംഗ്ലണ്ടിലേക്കും ജപ്പാനിലേക്കുമാകുന്നു. ഏതാണ്ട് 3¼ കോടി ഉറുപ്പിക വിലയുള്ള പഞ്ഞി ഇവിടെനിന്നു കൊല്ലംതോറും കയറിഅയക്കുന്നു. മദ്രാസ്, കൊക്കനാദ, തൂത്തുക്കുടി എന്നീ തുറമുഖങ്ങളിൽനിന്നാണ് പഞ്ഞി അധികമായി കയറുന്നത്.

തോലാണ് വിലകൊണ്ടു മുന്നിട്ടുനിൽക്കുന്ന കയറുമതി. കൊല്ലംതോറും കയറുന്ന തോലിന്റെ വില 4 കോടി ഉറുപ്പികയാകുന്നു. തോൽ അധികമായി കയറുന്നത് ഇംഗ്ലണ്ടിലേക്കും ഐക്യനാടുകളിലേക്കുമാണ്.

എണ്ണക്കുരുക്കളിൽ പ്രധാനമായതു നിലക്കടലയത്രെ. ഇതു പോകുന്നത് അധികം ഫ്രാൻസിലേക്കാണ്. പൂതുശ്ശേരിയിൽനിന്നും കടലൂരുനിന്നുമാണ് ഈ സാധനം അധികം കയറുന്നത്.

കൊപ്ര, കയറു മുതലായ സാധനങ്ങൾ ഇംഗ്ലണ്ടു മുതലായ പാശ്ചാത്യരാജ്യങ്ങളിലേയ്ക്കു കയറിഅയക്കുന്നു. കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നീ തുറമുഖപട്ടണങ്ങളിൽ നിന്നാണ് ഈ സാധനങ്ങൾ അധികമായും കയറുന്നത്.

കാപ്പിയും തേയിലയും കയറ്റിഅയയ്ക്കുന്നതും അധികമായും പാശ്ചാത്യരാജ്യങ്ങളിലേക്കാണു്. ഈ സാധനങ്ങളും അധികമായി കയറ്റുന്നതു പടിഞ്ഞാറേത്തീരത്തുള്ള തുറമുഖങ്ങളിൽ നിന്നുതന്നെ.

മദ്രാസു് സംസ്ഥാനത്തിലെ പ്രധാനമായ കയറ്റുമതികളിൽ ഒന്നാണു് നെല്ലു്. വിശാഖപട്ടണം നാഗപട്ടണം എന്നീ തുറമുഖങ്ങളിൽ നിന്നാണു് നെല്ലു് സാധാരണയായി കയറ്റുന്നതു്. ആഫ്രിക്ക, മൊറീഷ്യസു്, ഇംഗ്ലണ്ടു് എന്നീ സ്ഥലങ്ങളിലേക്കാണു നെല്ല പ്രധാനമായി കയറ്റുന്നതു്.

ഏലം, ജാതിക്ക മുതലായ സുഗന്ധദ്രവ്യങ്ങളും പടിഞ്ഞാറേത്തീരത്തുള്ള തുറമുഖങ്ങളിൽനിന്നു പാശ്ചാത്യരാജ്യങ്ങളിലേക്കു കയറ്റി അയയ്ക്കുന്നു.

ഇറക്കുമതികളിൽ പ്രധാനമായവ പരുത്തിനൂൽ, പരുത്തിത്തുണികളും, ഇരുമ്പുസാമാനങ്ങളും, കമ്പിളിസ്സാമാനങ്ങളും, എണ്ണകളും, മെഴുകുതിരി, പുസ്തകം, കടലാസ്സു്, സോപ്പു് എന്നിവയാകുന്നു.

നാം ദിവസവും ഉപയോഗിക്കുന്ന മുണ്ടുകൾ ഇംഗ്ലണ്ടിൽ നിന്നു് ഇവിടെ ഇറക്കുമതിചെയ്യുന്ന സാധനമത്രെ.

ഇരുമ്പുസാമാനങ്ങൾ അധികവും വരുന്നതു് ഇംഗ്ലണ്ടു്, ജർമ്മനി, ബൽജിയം എന്നീ രാജ്യങ്ങളിൽ നിന്നാകുന്നു.

കമ്പിളിസ്സാമാനങ്ങൾ വരുന്നതു് ഇംഗ്ലണ്ടു്, ജർമ്മനി എന്നീ രാജ്യങ്ങളിൽ നിന്നാണു്.

തുറമുഖങ്ങൾ

സമുദ്രതീരത്തുള്ള വിടവിന്നാണ തുറയെന്ന പറയുന്നതു്. അതിന്റെ മുഖത്തു സ്ഥിതിചെയ്യുന്ന പട്ടണം തുറമുഖമത്രെ. തുറകളുടെ മുഖത്തു സ്ഥിതിചെയ്യുന്ന പട്ടണങ്ങൾ കാലക്രമേണ വളരെ പ്രാധാന്യമുള്ളവയാകാൻ ന്യായമുണ്ടു്. കച്ചവടമാണു് അവയുടെ പ്രാധാന്യത്തിന്ന കാരണമാകുന്നതു്.

മദ്രാസുസംസ്ഥാനത്തിന്റെ പൂവ്വ്തീരത്തു തുറമുഖങ്ങൾ എണ്ണത്തിൽ ധാരാളമുണ്ടു്. വടക്കേഅറ്റം മുതൽ തെക്കേഅറ്റംവരെ എണ്ണുന്നതായാൽ 11 തുറമുഖങ്ങളെ കാണാം. എന്നാൽ ഇവയിൽ മിക്കവയും വളരെ പ്രധാനങ്ങളായ തുറമുഖങ്ങളല്ല. തീരത്തിന്നടുത്തുള്ള സമുദ്രം നന്ന ആഴം കുറഞ്ഞിരിക്കുന്നതുതന്നെയാണു തുറമുഖങ്ങളുടെ പ്രാധാന്യക്കുറവിന്ന മുഖ്യകാരണം. മിക്കതുറമുഖങ്ങളുടേയും സമീപം കപ്പൽ വരുന്നതേയില്ല. സംസ്ഥാനത്തിലെ കച്ചവടം ഈ തുറമുഖങ്ങളെല്ലാംകൂടി നടത്തുന്നതുകൊണ്ടും ഒന്നെങ്കിലും പ്രധാനമാകുന്നതുമില്ല.

പൂവ്വ്തീരത്തുള്ള തുറമുഖങ്ങൾ കലിംഗപട്ടണം, ബിലിപ്പട്ടണം, വിശാഖപട്ടണം, കോകനദം, മസൂലിപട്ടണം, മദ്രാസ്, പുതുശ്ശേരി, കടലൂർ, നാഗപട്ടണം, തൂത്തുക്കുടി എന്നിവയാകുന്നു.

കലിംഗപട്ടണവും ബിമ്ലിപട്ടണവും ഗഞ്ചാംജില്ലയിലാകുന്നു. ഇവരണ്ടും പ്രധാനങ്ങളായ തുറമുഖങ്ങളല്ല.

വിശാഖപട്ടണം ആ ജില്ലയിലെ തുറമുഖമാകുന്നു. അവിടെയുള്ള നൈസർഗികാശയം സാമാന്യം നല്ലതത്രെ. രണ്ടു ചെറുകുന്നുകൾക്കു മദ്ധ്യത്തിലാണ് ഈ നൈസർഗികാശയം. അതു നന്നാക്കിവരുന്നുണ്ട്.

ഗോദാവരിജില്ലയിലെ തുറമുഖമാണ്. കോകനദം. ഇവിടത്തെ നൈസർഗികാശയത്തിൽ കപ്പലുകൾക്കു കാറ്റിന്റേയും മറ്റും ഉപദ്രവമില്ലാതെ നില്പാൻ കഴിയും, പുകയില, ധാന്യങ്ങൾ, പരുത്തി എന്നിവയാണു പ്രധാന കയറ്റുമതികൾ.

കൃഷ്ണാജില്ലയിലെ തുറമുഖമാണു മസൂലിപട്ടണം.

ഈ സംസ്ഥാനത്തിലെ ഏറ്റവും പ്രധാനമായ തുറമുഖം മദ്രാസ്സാകുന്നു. ഇന്ത്യാസാമ്രാജ്യത്തുവെച്ച് ഇതു പ്രാധാന്യംകൊണ്ടു മൂന്നാമത്തെ തുറമുഖമത്രെ. ഇവിടെയുള്ള നൈസർഗികാശയം സ്വാഭാവികമായുള്ളതല്ല. അനവധി പണം ചെലവുചെയ്തു കെട്ടിയുണ്ടാക്കീട്ടുള്ളതത്രെ.

മദ്രാസ്പട്ടണത്തിൽനിന്നു 120 നാഴിക തെക്കാണ് കടലൂർ തുറമുഖം. ഇവിടത്തെ പ്രധാന കയറ്റുമതി നിലക്കടലയാകുന്നു.

പുതുശ്ശേരി കടലൂരിന്നു വടക്കുഭാഗത്താണ്. അതു പരന്തീസ്സുകാരുടെ സ്ഥലമാണ്. ഇവിടത്തെ പ്രധാന കയറ്റുമതി നിലക്കടലതന്നെ.

നാഗപട്ടണം എന്ന തുറമുഖം സ്ഥിതിചെയ്യുന്നതു കാവേരിനദിയുടെ മുക്കോൺ തുരുത്തിലാകുന്നു. ഇവിടത്തെ കയറ്റുമതികളിൽ പ്രാധാന്യം വഹിക്കുന്നതു നെല്ലു

തന്നെ. ബമ്മയും സിലോണുമായാണ് ഈ തുറമുഖം അധികം കച്ചവടം നടത്തുന്നതു്. പ്രധാന കച്ചവടക്കാർ ലബ്ബകൾ എന്നു പറയുന്ന ഒരു ജാതിക്കാരാണു്.

പൂവ്വ്തീരത്തു തെക്കേ അറ്റത്തെ തുറമുഖമാണു് തൂത്തുക്കുടി. മന്നാർ ഉൾക്കടലിനു സമീപമാണു് ഈ പട്ടണം. കപ്പലുകൾ നാലോ അഞ്ചോ നാഴിക അകലെ മാത്രമേ നിൽക്കുകയുള്ളു. പ്രധാന കയറുമതികൾ പരുത്തിയും നെല്ലുമാകുന്നു.

പശ്ചിമതീരത്തെ തുറമുഖങ്ങളിൽ പ്രധാനമായവ കൊച്ചി, കോഴിക്കോട്ട്, തലശ്ശേരി, കണ്ണൂർ, മംഗലാപുരം എന്നിവയത്രെ.

കൊച്ചീത്തുറമുഖം നന്നാക്കിക്കഴിഞ്ഞിരിക്കുന്നു. ആ വിടത്തെ അഴി—കൊച്ചിഅഴി—വളരെ പ്രധാനമായ ഒരഴിയത്രെ. ആ അഴിയിൽക്കൂടി കപ്പലുകൾ എറണാകുളം കായലിലേയ്ക്കു പ്രവേശിക്കുന്നു. കൊപ്ര, കയറ്, ഏലം, മുളക് എന്നിവയാണു് ഇവിടത്തെ പ്രധാന കയറുമതികൾ. കൊച്ചി, തിരുവിതാംക്കൂർ, ബ്രിട്ടീഷ് മലബാർ എന്നീ മൂന്നുപ്രദേശങ്ങളിലെ ചരക്കുകൾ കയറുന്നതു് ഇവിടെനിന്നാകുന്നു.

കോഴിക്കോട്ട തുറമുഖത്താണു് യൂറോപ്യന്മാർ ഇന്ത്യയിൽ ആദ്യം വന്നിറങ്ങിയതു്. അന്നു് അവിടെനിന്നു കാലിക്കോ എന്നു പേരായ ഒരുതരം തുണി കയറുമതി ചെയ്തിരുന്നു. അതുകൊണ്ടാണു് പട്ടണത്തിന്നുതന്നെയും കാലിക്കട്ട് എന്നു പേർ സിദ്ധമായതു്.

തലശ്ശേരിയുടെ സമീപമുള്ള കായൽ വളരെ ആഴമുള്ളതത്രെ. കുരുമുളകുവ്യാപാരത്തിന്റെ കേന്ദ്രസ്ഥാനമാ

ണത്തെ ഇതു പട്ടണം. പഞ്ചസാരയും അരിയുമാണ് ഇവിടത്തെ പ്രധാന ഇറക്കുമതികൾ.

തലശ്ശേരിയിൽനിന്നു 12 നാഴിക വടക്കാണു കണ്ണൂർ. കാപ്പി, കുരുമുളകു്, ചന്ദനം, ഏലം എന്നിവയാണു് പ്രധാന കയറ്റുമതികൾ. അരി, മണ്ണെണ്ണ, തുണിച്ചര ക്കുകൾ എന്നിവയ്ക്കാണു് ഇറക്കുമതികളിൽ പ്രാധാന്യം കല്പിക്കേണ്ടതു്.

മംഗലാപുരം തെക്കൻകണ്ണാടകജില്ലയിലാണു്. ഇവിടെനിന്നു കയറ്റുന്നതു പ്രധാനമായി കൂടകരാജ്യത്തിലെ കാപ്പിയാകുന്നു. ഇതു പട്ടണത്തിനു സമീപമുള്ള കാടുകളിൽനിന്നു നല്ല തേക്കുമരം ലഭിക്കുന്നതിനാൽ ഇവിടെ കപ്പൽപ്പണി നടന്നുവന്നിരുന്നു.

അദ്ധ്യായം 14

ഗതാഗതമാർഗ്ഗങ്ങൾ

ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്കു പോയി മടങ്ങിവരുന്നതിനുള്ള മാർഗ്ഗങ്ങളെയാണല്ലോ ഗതാഗതമാർഗ്ഗങ്ങളെന്നു പറയുന്നതു്. കൊച്ചിരാജ്യത്തെ പ്രധാന ഗതാഗതമാർഗ്ഗങ്ങൾ പാതകളും കായലുകളും തീവണ്ടിപ്പാതകളുമാണെന്നു കുട്ടികൾ പഠിച്ചുവല്ലൊ. മദ്രാസ് സംസ്ഥാനത്തിലെ ഗതാഗതമാർഗ്ഗങ്ങളും, തീവണ്ടിപ്പാതകളും, നിരത്തുകളും, കായലുകളുംതന്നെ.

ഗതാഗതമാർഗ്ഗങ്ങളെ സ്ഥലമാർഗ്ഗങ്ങളെന്നും ജലമാർഗ്ഗങ്ങളെന്നും തരംതിരിക്കാമെന്നു് ഇപ്പോൾ നിങ്ങൾക്കു മനസ്സിലായില്ലേ? ഈ സംസ്ഥാനത്തിൽ സ്ഥലമാർഗ്ഗങ്ങൾക്കാണു് അധികം പ്രാധാന്യം.

സ്ഥലമാർഗ്ഗങ്ങളിൽ പ്രധാനമായവ തീവണ്ടിപ്പാതകൾതന്നെ. പോക്കുവരവിനു മാത്രമല്ല ഈ പാതകൾ ഉപകരിക്കുന്നതു്. സാമാനങ്ങളെ ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേയ്ക്കു കൊണ്ടുപോകുന്നതു തീവണ്ടികളിലല്ലയോ? തുറമുഖങ്ങളിലേയ്ക്കു സാമാനങ്ങൾ എത്തിക്കുന്നതും തുറമുഖങ്ങളിൽ ഇറക്കുന്ന സാമാനങ്ങൾ ഇതര സ്ഥലങ്ങളിലേയ്ക്കു കൊണ്ടുപോകുന്നതും തീവണ്ടിമാർഗ്ഗമായിത്തന്നെ. നമ്മുടെ എഴുത്തുകൾ അന്യനാടുകളിലെത്തുന്നതും അന്യനാടുകളിൽനിന്നു് എഴുത്തുകൾ നമ്മുടെ രാജ്യത്തു വരുന്നതും തീവണ്ടിവഴിക്കുതന്നെ. യുദ്ധകാലത്തു പട്ടാളക്കാരേയും ക്ഷാമകാലത്തു ഭക്ഷണസാധനങ്ങളേയും കൊണ്ടുപോകാനും തീവണ്ടിപ്പാതകൾ ഉപകരിക്കുന്നു. 1936-ൽ 1941 നാഴിക ബ്രോഡ്ഗേജും 2548 നാഴിക മീററർഗേജും 136 നാഴിക നാരോഗേജും ഉണ്ടു്.

മദ്രാസ്സംസ്ഥാനത്തിലെ പ്രധാന തീവണ്ടിപ്പാതകൾ ഏവ? ഈ സംസ്ഥാനത്തിലെ തീവണ്ടിപ്പാതകളുടെ കേന്ദ്രം മദ്രാസ്സാകുന്നു. അവിടെനിന്നു് 6 പാതകൾ പുറപ്പെടുന്നുണ്ടു്. അവ മദ്രാസ്സിൽനിന്നു രാമേശ്വരത്തേയ്ക്കു പോകുന്ന പാത; മദ്രാസ്സിൽനിന്നു മംഗലാപുരത്തേയ്ക്കു പോകുന്ന പാത; മദ്രാസ്സിൽനിന്നു കൽക്കത്തയിലേയ്ക്കു പോകുന്ന പാത, മദ്രാസ്സിൽനിന്നു ബാങ്കളൂക്കു പോകുന്ന പാത; മദ്രാസ്സിൽനിന്നു ബോംബേയ്ക്കു പോകുന്ന പാത; മദ്രാസ്സിൽനിന്നു തിരുവനന്തപുരത്തേയ്ക്കു പോ

ന്ന പാത എന്നിവയാകുന്നു. ഈ പ്രധാനപാതകൾക്ക് അനവധി ശാഖകളുണ്ട്.

പ്രധാനപാതയിൽനിന്നു പിരിഞ്ഞുപോകുന്ന ഒരു ചെറുപാതയ്ക്കാണു ശാഖയെന്നു പറയുന്നതു്. ഷൊറണ്ണൂർനിന്നു് എറണാകുളത്തേയ്ക്കു പോകുന്ന പാത മദ്രാസ്—മംഗലാപുരംപാതയുടെ ഒരു ശാഖയാണു്. ഇത്തരത്തിൽ ഈ സംസ്ഥാനത്തിൽ അനവധി ശാഖകളുണ്ടു്. മദ്രാസ് മംഗലാപുരംപാതയിൽനിന്നു പിരിയുന്ന മറെറാരു ശാഖയാണു തൃശ്ശിനാപ്പള്ളിക്കു പോകുന്നതു്. കൃഷ്ണാജില്ലയിൽ 47 നാഴിക നീളമുള്ള ഒരു ശാഖയുണ്ടു്. ആ ശാഖയ്ക്കു നിഡാഡവോലുനരസപുരം ശാഖയെന്നു പേർ. ഡിണ്ടിഗലിൽനിന്നു പൊള്ളാച്ചിയിലേയ്ക്കു പോകുന്ന ശാഖയ്ക്കു് 75 നാഴിക നീളമുണ്ടു്. മധുരയിൽനിന്നു വിരുദുനഗരത്തിലേയ്ക്കു പോകുന്ന ശാഖ 50 നാഴിക നീളമുള്ളതത്രെ. പാലക്കാട്ടുനിന്നു പൊള്ളാച്ചിയിലേയ്ക്കും തൃശ്ശിനാപ്പള്ളിയിൽനിന്നു വില്ലുപുരത്തേയ്ക്കും ശാഖകൾ വെട്ടിവരുന്നു.

ഇനി പറയേണ്ടതു നിരത്തുകളെപ്പററിയാണു്. മദ്രാസ്സിൽനിന്നു പുറപ്പെടുന്ന പ്രധാന നിരത്തുകൾ കൽക്കത്തയ്ക്കും തിരുവനന്തപുരത്തേയ്ക്കും, മംഗലാപുരത്തേയ്ക്കും പോകുന്നവതന്നെ. നിരത്തുകൾ പോകുന്ന സ്ഥലങ്ങളിലേയ്ക്കുതന്നെയാണു് സാധാരണയായി തീവണ്ടിപ്പാതകളും വെട്ടുന്നതു്. കല്ക്കത്ത, മംഗലാപുരം, തിരുവനന്തപുരം എന്നീസ്ഥലങ്ങളിലേയ്ക്കു നിരത്തുകളും തീവണ്ടിപ്പാതകളും പോകുന്നുണ്ടല്ലൊ. ഈ നിരത്തുകൾക്കു് അനവധി ശാഖകളുണ്ടു്. പാതകളുടെ ആകെ നീളം 32,232 നാഴികയാകുന്നു. 19,792 നാഴിക നീളം കല്ലിട്ടു തല്ലിയിരിക്കുന്നു.

ഈ സംസ്ഥാനത്തിലെ ജലമാർഗ്ഗങ്ങളിൽ പ്രധാനമായവ പുഴകളും തോടുകളും കായലുകളും ആകുന്നു. ഇവിടത്തെ നദികൾ ഗതാഗതത്തിനു് അധികം ഉപകരിക്കുന്നവയല്ല. വേനൽക്കാലത്തു് അവയിൽ വെള്ളം നന്ന കുറവായിരിക്കും. അപ്രകാരംതന്നെ വർഷക്കാലത്തു നദികളിൽ വെള്ളം അധികമായിരിക്കും. വെള്ളം അധികമാകുമ്പോൾ ഒഴുക്കിനു ശക്തി കൂടും. ഒഴുക്കിനു ശക്തി കൂടുമ്പോൾ വഞ്ചിയിൽ ഗതാഗതത്തിനു സൌകര്യമില്ല. കപ്പലുകൾ നദികളിൽ പ്രവേശിക്കുന്നതുമല്ല. നദികൾക്കു് അത്ര വീതിയുമില്ല.

തോടുകളിൽ പ്രധാനമായവ കടപ്പാ—കർണ്ണൂൽ തോടും ബക്കിംഗാംതോടുമാകുന്നു.

കടപ്പാ—കർണ്ണൂൽതോടു് ആരംഭിക്കുന്നതു തുംഗഭദ്രാനദിയിൽനിന്നാകുന്നു. തോടിന്റെ ആരംഭസ്ഥാനം കർണ്ണൂൽനഗരത്തിൽനിന്നു 17 നാഴിക ദൂരത്തത്രെ. കടപ്പാ, കർണ്ണൂൽ ഈ ജില്ലകളിൽക്കൂടി കടന്നു് ഈ തോടു വടക്കൻപെണ്ണാർ നദിയോടു യോജിക്കുന്നു. ഈ തോടു കൃഷിക്കും പോക്കുവരവിനും ഉപകരിക്കുന്നു.

ബക്കിംഗാംതോടിനു് 260 നാഴിക നീളമുണ്ടു്. അതു മദ്രാസു്പട്ടണത്തിനു് 200 നാഴിക വടക്കുള്ള ഗുണ്ടൂർ മുതൽ മദ്രാസു്പട്ടണത്തിനു് 60 നാഴിക തെക്കുള്ള തെക്കൻആക്കാട്ടുവരെ നീണ്ടുകിടക്കുന്നു. ഒരു കാലത്തു ബക്കിംഗാം എന്ന പേരായി ഒരു പ്രഭു മദ്രാസ്ഗവർണ്ണരായി ഉദ്യോഗം നോക്കിയിരുന്നു. അന്നു രാജ്യത്തു വലുതായ ഒരു ക്ഷാമമുണ്ടായി. ആ സമയത്തു സാധുക്കൾക്കു് ഒരു ഉപജീവനമാർഗ്ഗമായിക്കൊള്ളട്ടെ എന്നു കരുതി പ്രഭു

ഈ തോട്ട കുത്തിച്ചു. അതുകൊണ്ട് അതിനെ ബക്കിംഗാം തോടെന്ന പേരുണ്ടായി.

പടിഞ്ഞാറേത്തീരത്തുള്ള കായലുകളും തെക്കൻകണ്ണാടകത്തിന്റെ നടുമുതൽ തീരത്തിന്റെ തെക്കേഅറ്റമായ കന്യാകുമാരിവരെ നീണ്ടുകിടക്കുന്നു. ഈ കായലുകൾക്ക് ഏതാണ്ട് 220 നാഴിക നീളം കാണും. ആഴം ചില സ്ഥലത്തു 6 അടിയേ കാണുകയുള്ളൂ. മറ്റുസ്ഥലങ്ങളിൽ 60 അടിവരെയും കാണുന്നുണ്ട്. ചെറുതോണികൾക്ക കായലുകളിൽക്കൂടി സുഖമായി സഞ്ചരിക്കാം.

അദ്ധ്യായം 15

ജനം, മതം, ഭാഷ

ഈ സംസ്ഥാനത്തു് ആകെ 1931ലെ കണക്കുപ്രകാരം 4 കോടി 65 ലക്ഷം ജനം പാർത്തുവരുന്നു.

ഈ സംസ്ഥാനത്തിലെ ജനങ്ങളും ദ്രാവിഡവർഗ്ഗക്കാരാണല്ലൊ. ഇന്ത്യയിലെ ജനവർഗ്ഗത്തിൽ പ്രധാനമായ ഒരു വർഗ്ഗമാണു ദ്രാവിഡവർഗ്ഗം. ഈ വർഗ്ഗത്തേക്കാളും പ്രധാനമായതു് ആര്യവർഗ്ഗം മാത്രമേയുള്ളൂ. മദ്രാസിലെ ജനങ്ങളും ദ്രാവിഡവർഗ്ഗക്കാരാണെങ്കിലും അവരുടെ സംസ്കാരം മിക്കവാറും ആര്യന്മാരുടേതുതന്നെയാകുന്നു.

ലോകത്തിലെ പ്രധാന മതങ്ങളെല്ലാം ഈ സംസ്ഥാനത്തിലും പ്രചാരത്തിലിരിക്കുന്നുണ്ടെന്നു പറയാം. ഈ

വിടത്തെ പ്രധാന മതങ്ങളും ഹിന്ദുമതം, ക്രിസ്തുമതം, മുഹമ്മദീയമതം എന്നിവതന്നെ. ഹിന്ദുക്കളാണ് അധികമുള്ളത്. 1,000 ആളുകളുണ്ടെങ്കിൽ അവരിൽ 890 വീതം ഹിന്ദുക്കളും; 66 വീതം മുഹമ്മദീയരും; 30 വീതം ക്രിസ്ത്യാനികളുമാകുന്നു. പിന്നെ ഇവിടെ ഒരു മതമുള്ളതിനു ദേവതാരാധനമതമെന്നു പേർ. 1,000-ൽ ഏതാണ്ടു 14 പേർ ആ മതം അനുസരിക്കുന്നവരായിരിക്കും.

ഹിന്ദുക്കളും സംസ്ഥാനത്തിന്റെ ഏതുഭാഗത്തും അധിവസിക്കുന്നു. മുഹമ്മദീയരധികമുള്ളതു മലബാർ, ദക്ഷിണകണ്ണാടകം, തഞ്ചാവൂർ, രാമനാഥം, തിരുനെൽവേലി, കർണ്ണൂൽ ഈ ജില്ലകളിലാണ്. സംസ്ഥാനത്തിൽ ആകെയുള്ള മുഹമ്മദീയരിൽ മൂന്നിലൊരു ഭാഗക്കാർ മലബാറിലാകുന്നു. അറേബിയയാണല്ലൊ മുഹമ്മദീയമതത്തിന്റെ ഉൽപത്തിസ്ഥാനം. അവിടെനിന്നു മുഹമ്മദീയർ കച്ചവടത്തിന്നായി പുറപ്പെട്ടുവന്നിറങ്ങിയതു മലബാറിലത്രെ. അവർ മലബാറിലെ ജനങ്ങളിൽ വളരെപ്പേരെ തങ്ങളുടെ മതത്തിൽ ചേർക്കയുണ്ടായിട്ടുണ്ട്. ടിപ്പുസുൽത്താനും മലബാറിൽ മഹമ്മദീയമതം പ്രചാരത്തിൽ വരുത്തുവാൻ ആവുന്ന യത്നം ചെയ്തയുണ്ടായിട്ടുണ്ടല്ലൊ.

ക്രിസ്ത്യാനികളും അധികമായി കാണുന്നതു തെക്കേ കണ്ണാടകം, തിരുനെൽവേലി, തൂണ്ടൂർ, മലബാർ ഈ ജില്ലകളിലാണ്. സെൻറ്തോമാസ്സ് എന്ന പുണ്യാത്മാവു വന്നിറങ്ങിയതു കേരളത്തിലാണെല്ലൊ. ക്രിസ്ത്യാനികളായ പറങ്കികളും, ലന്തക്കാർ മുതലായ കച്ചവടക്കാരും സ്ഥലം പിടിച്ചതു മലബാറിൽത്തന്നെ. അതുകൊണ്ടു

മലബാറിൽ അനവധി ആളുകൾ ക്രിസ്തുമതത്തിൽ ചേരുവാനിടയായി. ഇന്ത്യയിൽ ആകെയുള്ള ക്രിസ്ത്യാനികളിൽ മൂന്നിൽ രണ്ടുഭാഗം മദ്രാസ്സ് സംസ്ഥാനത്തിലാണത്രെ.

ഈ സംസ്ഥാനത്തിലെവിടേയും ജനങ്ങൾ ഒരുപോലെയാണോ തിങ്ങിപ്പാർക്കുന്നതു്? അല്ല. സംസ്ഥാനത്തിൽ ആകെ നോക്കുന്നതായാൽ ചതുരശ്രനാഴികയ്ക്കു ശരാശരി 291 ആളുകൾ വീതമുണ്ടെന്നു പറയാം. ജനത്തിരക്കിന്റെ ഒരു പട്ടിക താഴെ കൊടുത്തിരിക്കുന്നു.

പ്രദേശം	ച. നാഴികയ്ക്കു ജനം
1 മദ്രാസ്സ് സംസ്ഥാനം	291 ആളുകൾ
2 പൂർവ്വതീരം	429 ,,
3 പശ്ചിമതീരം	400 ,,
4 പീഠഭൂമി	145 ,,
5 തഞ്ചാവൂർ	635 ,,
6 മലബാർ	535 ,,
7 ഏജൻസിപ്രദേശം	81 ,,

ഈ സംസ്ഥാനത്തിൽ ചതുരശ്രനാഴിക ഒന്നിന 291 ആളുകളാണ പാർത്തുവരുന്നതെങ്കിൽ ഇതരസ്ഥലങ്ങളിലെ കണക്ക നോക്കുക. കൊച്ചീരാജ്യത്തു ചതുരശ്രനാഴിക ഒന്നിന 662 വീതം ജനങ്ങളും; തിരുവിതാംകൂറിൽ 525 വീതം ജനങ്ങളും; ഹൈദരാബാദിൽ 151 വീതം ജനങ്ങളും; മൈസൂരിൽ 203 വീതം ജനങ്ങളും; ബോംബേയിൽ 143 വീതം ജനങ്ങളും പാർത്തുവരുന്നു. ലോകത്തിലാകെ നോക്കുന്നതായാൽ ചതുരശ്രനാഴിക ഒന്നിന 38 ജനം വീതമേ ഉള്ളു. ഇന്ത്യയിൽത്തന്നെ ജനാധിക്യംകൊണ്ടു് ഈ സംസ്ഥാനം മൂന്നാമത്തേതത്രെ.

ഈ സംസ്ഥാനത്തു ജനങ്ങളിൽ സ്ത്രീകളം പുരുഷന്മാരുടെ ഇരട്ടിയാണത്രെ.

മദ്രാസിലെ ജനങ്ങളം നാനാമതസ്ഥന്മാരാണെങ്കിൽ ഭാഷയിലും ഈ നാനാത്വം കാണുന്നുണ്ടു്. ഇവിടെത്തെ പ്രധാന ഭാഷകളം, തമിഴ", തെലുങ്കു", മലയാളം, കണ്ണാടകം എന്നിവതന്നെ. തുള, ഉറിയ എന്നീ രണ്ടു ഭാഷകളും അല്പാല്പമായി സംസാരിച്ചുവരുന്നുണ്ടു്. ഏതാണ്ടു് 2,36,00,000 ജനം തെലുങ്കും 1,87,80,000 ജനം തമിഴും സംസാരിക്കുന്നു. ആകെയുള്ള ജനങ്ങളിൽ 1,000-ന 410 വീതം തെലുങ്കും, 380 വീതം തമിഴും സംസാരിക്കുന്നുവെന്നു പറയാം. മദ്രാസിനു തെക്കുള്ള ജില്ലകളിലെ ഭാഷ തമിഴും, മദ്രാസിനു വടക്കുള്ള ജില്ലകളിലെ ഭാഷ തെലുങ്കുമാകുന്നു. പീഠഭൂമിയിലെ ഭാഷ തെലുങ്കത്രെ. മലബാറിലെ ജനങ്ങളാണു മലയാളം

സംസാരിക്കുന്നത്. തെക്കൻകണ്ണാടകത്തിലെ ജനങ്ങളിൽ ഒരുഭാഗം തുളുവും, ഗഞ്ചാമിൽ കുറെ ആളുകൾ ഉറിയയും സംസാരിക്കുന്നു.

എഴുത്തും വായനയും അറിയുന്നവർ നന്ന ചുരുക്കമാണു്. പുരുഷന്മാരുടെ ഇടയിൽ ഏറ്റവും അധികം എഴുത്തും വായനയും അറിയുന്നവർ തഞ്ചാവൂരിലും സ്ത്രീകളുടെ ഇടയിൽ ഏറ്റവുമധികം എഴുത്തും വായനയും അറിയുന്നവർ മലബാറിലും ആകുന്നു. തഞ്ചാവൂരിൽ 1,000-ൽ 248 പുരുഷന്മാർക്കും മലബാറിൽ 209 പുരുഷന്മാർക്കും എഴുത്തും വായനയും അറിയാം. മലബാറിൽ 1,000-ൽ 49 സ്ത്രീകൾക്കും തഞ്ചാവൂരിൽ 1,000-ൽ 24 സ്ത്രീകൾക്കും എഴുത്തും വായനയും അറിയാം. ആകെ നോക്കുന്നതായാൽ മദ്രാസ് സംസ്ഥാനത്തിൽ 1,000-ൽ 160 പുരുഷന്മാർക്കും 70 സ്ത്രീകൾക്കും മാത്രമേ എഴുത്തും വായനയും അറിയുകയുള്ളു.

ജില്ലകൾ—പൂർവ്വതീരജില്ലകൾ

1. വിശാഖപട്ടണം

1936 ഏപ്രിൽമാസത്തിൽ ഒറീസ്സാസംസ്ഥാനം രൂപവൽക്കരിച്ചപ്പോൾ ഗഞ്ചാമും വിശാഖപട്ടണവും ഒരു ജില്ലയായി. ഈ ജില്ലയുടെ വിസ്താരം 17,200 ച. നാഴികയാകുന്നു. അവിടെ ഒന്നരണ്ടു സെമിണ്ടാറികളുണ്ടു്. ആ സെമിണ്ടാറികൾ ഉൾപ്പെടെയാണു് ഈ വിസ്താരം. ഇവിടെ പൂർവ്വഘട്ടത്തിന്നു ബലികൊണ്ടയെന്നു പേർ. നാഗാവലിയും വംശധാരയുമാകുന്നു മുഖ്യ നദികൾ. കൊല്ലത്തിൽ ഏകദേശം 50 ഇഞ്ചു മഴപെയ്യും. മുഖ്യവിള നെല്ലുതന്നെ. മുത്താറി, കമ്പു്, പയറു് എന്നിവയും കൃഷിചെയ്യുന്നുണ്ടു്. ആകെ 31,52,800 ജനം നിവസിക്കുന്നു. ഭാഷ തെലുങ്കാകുന്നു. തലസ്ഥാനനഗരം വിശാഖപട്ടണംതന്നെ. ഇവിടെ സ്വാഭാവികമായ ഒരു നൈസർഗ്ഗികതുറയുണ്ടു്. ഇവിടെ ഒരു നക്ഷത്രഫിഷറീസ്സും രണ്ടുമൂന്നു കോളേജുകളുമുണ്ടു്. ഈ പട്ടണത്തിൽ ദന്തം, ചന്ദനം എന്നിവകൊണ്ടു നല്ല പെട്ടികളുണ്ടാക്കുന്നു. ആന്ധ്രസർവ്വകലാശാലയുടെ ഇരിപ്പിടം ഈ നഗരമാക്കിയിരിക്കുന്നു.

ഭാവിയിൽ ഈ നഗരത്തിനു പ്രാധാന്യം കൂടുന്നതു്. ഈ പട്ടണത്തിൽനിന്നു മൂന്നുനാഴിക വടക്കുള്ള വാഠം തേരിലാണു കലക്ടർ വസിക്കുന്നതു്. സിംഹാചലം മലയുടെ മുകളിലുള്ള ഒരു പട്ടണമാണു്. അവിടെ ഒരു വിഷ്ണുക്ഷേത്രമുണ്ടു്. ബിമ്ലിപട്ടണം ഈ ജില്ലയിലെ ഒരു തുറമുഖമത്രെ. വിജയനഗരം ജമിണ്ടാറിയുടെ തലസ്ഥാനമാണു്. ചരിത്രപ്രസിദ്ധമായ വിജയനഗരം ഇതല്ല.

2. ഗോദാവരി

6,220 ച. നാഴിക വിസ്താരമുള്ള ഈ ജില്ല വിശാഖപട്ടണത്തിനു തെക്കുകിടക്കുന്നു. മല പാവികൊണ്ടയാകുന്നു. ഗോദാവരിതന്നെയാണു പ്രധാനനദി. നെല്ലാണു പ്രധാനവിളവു്. കരിമ്പും, പുകയിലയും കൃഷിചെയ്യുവരുന്നുണ്ടു്. ആകെ 16,52,800 ജനം പാർത്തുവരുന്നു. ഭാഷ തെലുങ്കു്. കൊക്കനാടമാണു തലസ്ഥാനം. ഇതുതന്നെയാണു പ്രധാനതുറമുഖവും. ഇവിടെ നെയ്ത്തു നടന്നുവരുന്നു. കടൽത്തീരത്തുനിന്നു 30 നാഴിക അകലെയാണു രാജമഹേന്ദ്രപുരം. അവിടെ ഒരു ഒന്നാം ഗ്രേഡ് കോളേജും ഒരു അദ്ധ്യാപകവിദ്യാലയവുമുണ്ടു്. അവിടത്തെ ജയിലിൽ നല്ല ജെമക്കാളങ്ങൾ നെയ്യുവ

രുന്നു. ധവളേശ്വരം എന്ന സ്ഥലത്തു ഗോദാവരിയിൽ ഒരണകെട്ടീട്ടുണ്ടു്.

3. കൃഷ്ണാ

ഈ ജില്ലയുടെ വിസ്താരം 5,900 ച. നാഴികയാകുന്നു. ഈ ജില്ല ഒരുകാലത്തു ഗോൽക്കൊണ്ട എന്ന രാജ്യത്തിന്റെ ഒരു ഭാഗമായിരുന്നു. അന്നു് ഇവിടെനിന്നു് വൈരക്കല്ലു ലഭിച്ചിരുന്നു. ചക്രവർത്തിയുടെ കിരീടത്തിന്മേൽ ഉള്ള കോഹിനൂർ എന്ന രത്നം ഇവിടെനിന്നു ലഭിച്ചതത്രെ. നല്ല ഉഷ്ണമുള്ള ഒരു പ്രദേശമാണു് ഈ ജില്ല. കൊല്ലത്തിൽ 33 അംഗുലം മഴ പെയ്യും. മുഖ്യ വിള നെല്ലുതന്നെ. ചോളം, കമ്പു്, പുകയില, പരുത്തി, അമരി, ആവണക്കു് എന്നിവയും കൃഷിചെയ്യുന്നുണ്ടു്. പ്രധാനനദി കൃഷ്ണാനദിതന്നെ. ജില്ലയിലെ മുഖ്യ കൈത്തൊഴിൽ നെയ്ത്താകുന്നു. ജനസംഖ്യ 20,00,000. ഭാഷ തെലുങ്കു്. പ്രധാന പട്ടണം മസൂലിപട്ടണം ആകുന്നു. ഈ നഗരം ഈ ജില്ലയിലെ പ്രധാന തുറമുഖവുമാണു്. ഇവിടെ ഒരു ഒന്നാംഗ്രേഡ് കോളേജുണ്ടു്. ബെജവാഡ എന്ന സ്ഥലത്തു കൃഷ്ണാനദിയിന്മേൽ ഒരണകെട്ടീട്ടുണ്ടു്. അതൊരു തീവണ്ടികേന്ദ്രസ്ഥാനവുമാണു്. അവിടെ കച്ചവടം സമൃദ്ധിയായി നടക്കുന്നു. എല്ലൂർ എന്ന നഗരം രത്നകംബളങ്ങൾക്കു പ്രസിദ്ധിപ്പെട്ടിരി

ക്കുന്നു. നരസാപുരം എന്ന നഗരം മറൊരുകച്ചവട സ്ഥാനമത്രെ.

4. ഗുണ്ടൂർ

ഈ ജില്ല കൃഷ്ണാജില്ലയുടെ തെക്കുഭാഗത്തു കിടക്കുന്നു. വിസ്താരം 5,710 ച. നാഴിക. പടിഞ്ഞാറുഭാഗത്തു കുറേ കുന്നുകളുണ്ട്. ഗണ്ടൽക്കാമയാണു പ്രധാനനദി. വേനല്ക്കാലത്തു് ഉള്ളം സഹിയ്ക്കാവുന്നതല്ല. നെല്ലു്, ചോളം, പരുത്തി എന്നിവ കൃഷിചെയ്യുവരുന്നു. ഈ ജില്ലയിലെ ഏററവും ഫലപുഷ്ടിയുള്ളഭാഗം തെന്നാലിത്താലൂക്കാകുന്നു. അവിടെത്തെ അരി പ്രസിദ്ധികേട്ടതത്രെ. അവിടെത്തെ ജനങ്ങളും ധനികരുമാകുന്നു. മുഖ്യതൊഴിൽ നെയ്ത്തുതന്നെ. ജനസംഖ്യ 17,00,000. ഭാഷ തെലുങ്കു്. പ്രധാനനഗരം ഗുണ്ടൂരാകുന്നു. ഈ നഗരം പരുത്തിക്കച്ചവടത്തിനു പ്രസിദ്ധിപ്പെട്ടിരിക്കുന്നു. ഈ നഗരത്തിനു സമീപമുള്ള മംഗലഗിരി ഒരു പുണ്യസ്ഥലമത്രെ. അമരാവതി എന്ന പുരാതനനഗരത്തിന്റെ അവശിഷ്ടങ്ങളും ഗുണ്ടൂരിനു സമീപം കാണാം. ഓങ്കോളംനഗരം കന്നുകാലികൾക്കു പ്രസിദ്ധിപ്പെട്ടിരിക്കുന്നു.

5. നെല്ലൂർ

ഗുണ്ടൂരിനു തെക്കുകിടക്കുന്ന ഈ ജില്ലയുടെ വിസ്താരം 8,000 ച. നാഴികയാകുന്നു. മലയ്ക്കു് വേലികൊണ്ടയെന്നു പേർ. അതിന്റെ ഏററവും ഉയർന്ന ശിഖരത്തിനു് ഉദയഗിരിയെന്നു പേർ.

പെന്നാറാണ പ്രധാനനദി. മഴ കുറവുതന്നെ. ചോളമാണ പ്രധാനവിള. ജനസംഖ്യ 13,30,000. ഭാഷ തെലുങ്ക്. ഈ ജില്ലയിൽ ഏനടിയർ എന്നൊരു കാട്ടുജാതിക്കാരുണ്ട്. നെല്ലൂരാണ പ്രധാനനഗരം. ഇവിടെ വെങ്കിടഗിരി എന്നപേരായി ഒരു സെമിണ്ടാരിരാജാവുണ്ട്. അദ്ദേഹത്തിന്റെ തലസ്ഥാനം വെങ്കിടഗിരിതന്നെ. ഉദയഗിരി എന്ന നഗരം ചരിത്രപ്രസിദ്ധമായ ഒന്നാണ്.

അദ്ധ്യായം 17

പൂർവ്വതീരജില്ലകൾ (തുടർച്ച)

1. മദ്രാസ്

മദ്രാസ്പട്ടണത്തെ ചെറിയ ഒരു ജില്ലയായാണ കണക്കാക്കിവരുന്നത്. ഈ നഗരത്തിന്ന് 9 നാഴിക നീളവും 3 നാഴിക വീതിയുമുണ്ട്. അതുകൊണ്ട് ഈ ജില്ലയ്ക്ക് 27 ച. നാഴിക വിസ്താരമുണ്ടെന്ന പറയാം.

ഈ പട്ടണം എ. ഡി. 1639-ൽ ഇംഗ്ലീഷുകാർ ചന്ദ്രഗിരിരാജാവിന്റെ പക്കൽനിന്ന വിലയ്ക്കുവാങ്ങിയതാണ്. അന്ന് അതൊരു കുഗ്രാമമായിരുന്നു. ഇന്ന് അതു് ഈ സംസ്ഥാനത്തിലെ പ്രധാനനഗരമാണ്. മദ്രാസ് ഇന്ത്യയിൽവെച്ചു പ്രാധാന്യംകൊണ്ടു മൂന്നാമത്തെ നഗരവുമാണ്.

ഈ പട്ടണത്തിൽക്കൂടി കൂവം, അടയാർ എന്നു രണ്ടു നദികൾ പ്രവഹിക്കുന്നു.

ഇവിടെ 5,18,000 ജനം പാർത്തുവരുന്നു. അവർ തെലുങ്കും തമിഴും സംസാരിക്കുന്നു. നഗരത്തിൽ അനവധി മനോഹരകെട്ടിടങ്ങളുണ്ട്. മദ്രാസ് ഗവർണ്ണരുടെ വാസസ്ഥലമാണ് ഈ നഗരം. ഹൈക്കോടതി, പീപ്പിൾസ് പാർക്ക്, മൃഗശാല, മീൻശാല, സർവ്വകലാശാലക്കാരുടെ ആപ്പീസ്, നാനാവിഷയങ്ങളെ പഠിപ്പിക്കുന്ന കോളേജുകൾ എന്നിവ കാണേണ്ട കെട്ടിടങ്ങൾതന്നെ. നഗരത്തിന്റെ മദ്ധ്യത്തിൽ സെൻറ് ജോർജ്ജ് എന്നൊരു കോട്ടയുണ്ട്. നമ്മുടെ ചക്രവർത്തിയായിരുന്ന ജോർജ്ജ് പഞ്ചമൻ 1905-ൽ ഈ നഗരം സന്ദർശിക്കയുണ്ടായി. അതിന്റെ സ്മാരകമായി നഗരത്തിന്റെ ഒരു ഭാഗത്തിനു ജോർജ്ജ്ടൌണെന്നു പേർ കൊടുത്തിരിക്കുന്നു. മൈലാപ്പൂരിലാണത്രെ സെൻറ് തൊമാസ്സ് എന്ന ക്രിസ്തീയഅപ്പോസ്തലിന്റെ മൃതശരീരം അടക്കം ചെയ്തിട്ടുള്ളതു്.

2. ചിങ്കൽപ്പേട്ട

ഈ ജില്ല മദ്രാസ്സിനെ ചുറ്റിക്കിടക്കുന്നു. ഇതിന്റെ വിസ്താരം 3070 ചതുരശ്രനാഴികയത്രെ. പറയത്തക്ക കുന്നുകളൊന്നുമില്ല. കൂവം, അടയാർ, പാലാർ എന്നീ നദികൾ ഈ ജില്ലയിൽക്കൂടി ഒഴുകുന്നു. മഴ നന്നു കുറവാണ്. വെള്ളം ഏരികളിൽ കെട്ടിനിർത്തുന്നു. പമ്പരംപാക്കം എന്ന ഏരിയാണു പ്രധാനമായതു്. നെല്ലു്, കടല, എള്ളു്, മുത്താറി എന്നിവയാണു

പ്രധാന വിളവുകൾ. ജനസംഖ്യ 40,00,000 തമിഴും തെലുങ്കും സംസാരിച്ചുവരുന്നു. സൈദാപേട്ടയാണു തലസ്ഥാനം. ഇവിടെ ഒരു അദ്ധ്യാപകവിദ്യാലയമുണ്ട്. കാഞ്ചീപുരം ചരിത്രപ്രസിദ്ധമായ ഒരു പട്ടണമത്രെ. എന്നു മാത്രമല്ല, അതു് ഒരു പുണ്യക്ഷേത്രവുമാണു്. ഈ പട്ടണത്തിൽ നെയ്യുന്ന പട്ടുചേലകൾ പ്രസിദ്ധികേട്ടവയത്രെ. മഹാബലിപുരം എന്നു മറെറാരു പട്ടണമുള്ളതും ചരിത്രപ്രസിദ്ധമായതാണു്. ചീങ്കൽപ്പേട്ട എന്നു പേരായി മറെറാരു നഗരവുമുണ്ടു്.

3. തെക്കൻആർക്കാട്ടു്

ഈ ജില്ലയുടെ വിസ്താരം 4,200 ച. നാഴികയാകുന്നു. പെന്നാറാണു പ്രധാന നദി. നെല്ലു്, കരിമ്പു്, ചോളം എന്നിവ കൃഷി ചെയ്യുവരുന്നു. ജനസംഖ്യ 24,00,000. ഭാഷ തമിഴു്. കടലൂരാണു പ്രധാന പട്ടണം. ക്രുടലൂർ എന്ന നഗരം ഇപ്പോൾ ഇംഗ്ലീഷുകാർ കടലൂരാക്കിയതാണു്. ഈ നഗരം ഒരു തുറമുഖമാകുന്നു. നിലക്കടലയാണു പ്രധാന കയററുമതി. ചിദംബരം ഒരു പുണ്യക്ഷേത്രമാകുന്നു. അവിടെ ഇപ്പോൾ (1929-ൽ) അണ്ണാമല സർവ്വകലാശാല സ്ഥാപിതമായിരിക്കുന്നു. പരന്ത്രീസ്സുകാരുടെ തലസ്ഥാനനഗരമായ പുതുശ്ശേരി ഈ ജില്ലയിലത്രെ. ജിഞ്ചി എന്ന സ്ഥലത്തു് ഒരു കോട്ടയുണ്ടു്.

4. തഞ്ചാവൂർ

ഈ ജില്ലയുടെ വിസ്താരം 3,725 ച. നാഴികയാകുന്നു. ജില്ലയാസകലം കാവേരിയുടെ മുക്കോൺതുരുത്തായ സമഭ്രമിതന്നെ. വളരെ ഫലപുഷ്ടിയുള്ള പ്രദേശമാണു്.

ദക്ഷിണേന്ത്യയിലെ തോട്ടമെന്ന് ഈ ജില്ലക്ക് മറെറാരു പേരുണ്ട്. മുഖ്യനദി കാവേരിതന്നെ. നെല്ല്, മുത്താറി, തൊവര, കമ്പു്, വരകു് എന്നിവ കൃഷിചെയ്യുവരുന്നു. ജനസംഖ്യ 24,00,000. ഭാഷ തമിഴതന്നെ. ജനങ്ങളിൽ അധികഭാഗവും ഹിന്തുക്കളാണു്.

തഞ്ചാവൂരാണു പ്രധാന നഗരം. ഈ നഗരം പണ്ടു ചോളരാജാക്കന്മാരുടെ തലസ്ഥാനമായിരുന്നു. ഇവിടെ സരസ്വതീമാലയെന്ന പേരായി ഒരു ഗ്രന്ഥശാലയുണ്ടു്. ഈ നഗരത്തിൽ അനവധി ക്ഷേത്രങ്ങളുമുണ്ടു്. കുംഭകോണമാണു മറെറാരു പ്രധാന നഗരം. ഇവിടെ അനവധി ക്ഷേത്രങ്ങളുണ്ടു്. ഇവിടെ ഒരു ഒന്നാംഗ്രേഡു കോളേജുണ്ടു്. ഈ നഗരം ചെമ്പു്, പിച്ചള എന്നിവകൊണ്ടുള്ള പാത്രനിർമ്മാണത്തിനു പ്രസിദ്ധിപ്പെട്ടിരിക്കുന്നു. ജില്ലയിലെ പ്രധാന തുറമുഖം നാഗപട്ടണമാകുന്നു. അരി, പുകയില, ചുരുട്ടു് എന്നിവയാണു പ്രധാന കയറുമതികൾ. മായാവരം, മണ്ണാർഗുഡി എന്നീ സ്ഥലങ്ങൾ പുണ്യക്ഷേത്രങ്ങളത്രെ.

5. രാമനാഥപുരം

തഞ്ചാവൂരിനു തെക്കുകിടക്കുന്ന ഈ ജില്ലയുടെ വിസ്താരം 4,800 ച. നാഴികയാകുന്നു. വൈഗൈയാണു പ്രധാന നദി. നെല്ല്, പരുത്തി, മുത്താറി എന്നിവ കൃഷിചെയ്യുവരുന്നു. ജനസംഖ്യ 16,00,000. തമിഴാണു ഭാഷ. രാമനാഥപുരമാണു പ്രധാന പട്ടണം. ഈ പട്ടണം ആ പേരുള്ള സെമിൻദാരിയുടെ തലസ്ഥാനമത്രെ.

രാമനാഥപുരത്തിലെ സെമിണ്ടാരിയെ സേതുപതിരാജാ വെന്നു വിളിച്ചുവരുന്നു. രാമേശ്വരം എന്ന പുണ്യക്ഷേത്രം രാമനാഥപുരം എന്ന നഗരത്തിന്നു സമീപമാണു്. ദേവകോട്ട എന്ന നഗരം ശിവഗംഗ സെമിണ്ടാരുടെ വാസസ്ഥലമാണു്. ദേവകോട്ടയിലെ നാട്ടുകോട്ടച്ചെട്ടികൾ പ്രസിദ്ധരായ പണക്കാരാകുന്നു. ഈ ജില്ലയിലെ ശ്രീവില്ലിപുത്തൂർ ഒരു പുണ്യസ്ഥലമാണു്. രാമനാഥത്തിലെ കലക്ടർ മധുരയിലത്രെ വസിക്കുന്നതു്.

6. തിരുനെൽവേലി

സംസ്ഥാനത്തിന്റെ തെക്കേഅറ്റത്തെ ജില്ലയാണിതു്. വിസ്താരം 4,350 ച. നാഴിക. അഗസ്ത്യമലയാണു പ്രധാന മല. പ്രധാന നദി താമ്രവർണ്ണി. ഈ നദി ഉത്ഭവിക്കുന്നതു പാപനാശം എന്ന സ്ഥലത്തത്രെ. അവിടെ ഒരു വെള്ളച്ചാട്ടമുണ്ടു്. നെല്ലാണു പ്രധാന വിള. ഈ ജില്ലയിൽ നാനാതരത്തിലുള്ള പനകളുണ്ടു്.

ജനസംഖ്യ 18,00,000. അധികവും ഹിന്തുക്കളാണു്. ഭാഷ തമിഴതന്നെ. താമ്രവർണ്ണിനദിയിന്മേലുള്ള തിരുനെൽവേലി—പാളയംകോട്ടയാണു പ്രധാന നഗരം. കലക്ടരുടെ ആപ്പീസു പാളയംകോട്ടയിലാണു്. മുഖ്യതുറമുഖം തൂത്തുക്കുടിതന്നെ. സംസ്ഥാനത്തിൽ പ്രാധാന്യംകൊണ്ടു രണ്ടാമത്തേതാകുന്നു. പത്തമട എന്നു സ്ഥലത്തു വിശേഷതരത്തിലുള്ള പുൽപ്പായ്കം ഉണ്ടാക്കിവരുന്നു. കല്ലടിക്കുറിച്ചി എന്ന സ്ഥലത്തു നെയ്യുന്ന പാവുമുണ്ടുകളാണു മലയാളികളായ നാം ഉപയോഗിക്കുന്നതു്.

അദ്ധ്യായം 18

ഉൾനാട്ടുജില്ലകൾ

1. കോയമ്പത്തൂർജില്ല

മലബാറിന്റെ കിഴക്കുഭാഗത്തു കിടക്കുന്ന ഈ ജില്ലയ്ക്ക് 7,190 ച. നാഴിക വിസ്താരമുണ്ട്. പശ്ചിമഘട്ടം ഈ ജില്ലയിലുമുണ്ട്. പ്രധാന നദി കാവേരിതന്നെ. കൊല്ലത്തിൽ 26 അംഗുലത്തിൽ അധികം മഴ ഉണ്ടാകാറില്ല. ചോളം, പരുത്തി, കരിമ്പ്, പുകയില എന്നിവയാണ് പ്രധാന വിളവുകൾ. പ്രധാന കൈത്തൊഴിൽ നെയ്ത്തുതന്നെ. തോൽ വ്യാപാരവും സുലഭമാണ്.

ജനസംഖ്യ 20,00,000. തമിഴ്, കണ്ണാടകം എന്നീ ഭാഷകൾ സംസാരിച്ചുവരുന്നു. പ്രധാനനഗരം കോയമ്പത്തൂർതന്നെ. ഇവിടെ തോൽവ്യവസായവും കാപ്പിവ്യവസായവും നടന്നുവരുന്നു. ഇവിടെ കൃഷിശാസ്ത്രം പഠിപ്പിക്കുന്ന ഒരു കോളേജുണ്ട്. ഈറോഡ് പ്രസിദ്ധമായ ഒരു തീവണ്ടിജങ്ക്ഷനാണ്. ഉട്ടമലപ്പേട്ട എന്ന നഗരത്തിൽ പരുത്തിത്തുണിവ്യാപാരം നടന്നുവരുന്നു. മേട്ടുപാളയം നീലഗിരിയുടെ അടിവാരത്തുള്ള ഒരു പട്ടണമാണ്.

2. നീലഗിരി

ഈ ജില്ല സമുദ്രനിരപ്പിൽനിന്ന ശരാശരി 6,000 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്നു. സംസ്ഥാനത്തിലെ

ഏറ്റവും ചെറിയ ജില്ലയാണിതു്. വിസ്താരം 1,000 ച. നാഴിക. ഡോഡ്ഡബറായാണു് ഏറ്റവും ഉയരമുള്ള മല. മായാറു് എന്നൊരു നദി ഈ ജില്ലയിൽ ഉത്ഭവിക്കുന്നുണ്ടു്. കൊല്ലത്തിൽ ഏകദേശം 65 ഇഞ്ചു മഴ പെയ്യും. കാപ്പി, തേയില, സിങ്കോന, ഉരുളക്കിഴങ്ങു് എന്നിവ കൃഷിചെയ്യുവരുന്നു. ഇവിടെയുള്ള യൂക്കാലിപ്ടസ് എന്ന മരത്തിൽനിന്നാണു യൂക്കാലിപ്ടസ് തൈലമെടുക്കുന്നതു്. ആകെ 1,18,600 ജനം നിവസിക്കുന്നു. ഇവിടെ തോടർ, വടഗർ എന്നീ കാട്ടുജാതിക്കാരെ കണ്ടുവരുന്നു.

തലസ്ഥാനനഗരം ഊട്ടക്കമണ്ടാണു്. മദ്രാസു് ഗവണ്ണർ വേനൽക്കാലത്തു് ഇവിടെയാണു വസിക്കുന്നതു്. ഈ ജില്ലയിൽ വെല്ലിങ്ങ്ടൻ, കുന്നൂർ എന്നിങ്ങനെ രണ്ടു പട്ടണങ്ങളും കൂടിയുണ്ടു്.

3. സേലം

സേലംജില്ലയ്ക്കു 6,300 ച. നാഴിക വിസ്താരമുണ്ടു്. പ്രധാന മല ശെവരായി. കാവേരിയാണു പ്രധാന നദി. മഴ വളരെ കുറവാണു്. ശെവരായിമലയിൽ കാപ്പി കൃഷിചെയ്യുവരുന്നു. സേലത്തെ ഒട്ടമാമ്പഴം പ്രസിദ്ധമത്രെ. ഈ ജില്ലയിൽ ഇരുമ്പു കണ്ടുവരുന്നു.

ജനസംഖ്യ 17,00,000. തമിഴും കന്നഡകവും സംസാരിച്ചുവരുന്നു. പ്രധാന കൈത്തൊഴിൽ നെയ്ത്തുതന്നെ. സേലമാണു മുഖ്യനഗരം. ഈ നഗരം നെയ്ത്തിനു പ്രസിദ്ധിപ്പെട്ടിരിക്കുന്നു. ഈ ജില്ലയിലെ സുഖവാസസ്ഥലമാണു് ഏർക്കാടു്.

4. തൃശ്ശിനാപ്പള്ളി

സേലത്തിന്റെ തെക്കുഭാഗത്തു സ്ഥിതിചെയ്യുന്നു. വിസ്താരം 4,935 ച. നാഴിക. മലയുടെ പച്ചമലയെന്നു പേർ. കാവേരി ഈ ജില്ലയിൽക്കൂടി ഒഴുകുന്നു. ശ്രീരംഗം എന്ന തുരുത്തു് ഈ ജില്ലയിലത്രെ. സംസ്ഥാനത്തുവെച്ചു് ഉഷ്ണമേറിയ ജില്ലകളിലൊന്നാണു്. കൊല്ലത്തിൽ 43 അംഗുലം മഴപെയ്യുന്നു. ചോളം, പരുത്തി, മുത്താറി, അമരി, പുകയില എന്നിവ കൃഷി ചെയ്യുവരുന്നു. ചുരുട്ടണ്ടാക്കയും നെയ്ത്തുമാണു പ്രധാനകൈത്തൊഴിലുകൾ.

ജനസംഖ്യ 21,00,000. ഭാഷ തമിഴു്. തൃശ്ശിനാപ്പള്ളിയാണു പ്രധാന പട്ടണം. ചരിത്രപ്രസിദ്ധമായ ഒരു പട്ടണമാണിതു്. ഇവിടെ രണ്ടു് ഒന്നാംഗ്രേഡ് കോളേജുകളുണ്ടു്. ഈ നഗരത്തിൽ ചുരുട്ടണ്ടാക്കിവരുന്നു. ശ്രീരംഗത്തു പ്രസിദ്ധമായ ഒരു വിഷ്ണുക്ഷേത്രമുണ്ടു്. ജംബുകേശ്വരം എന്ന സ്ഥലം ഒരു ശിവക്ഷേത്രത്തിനു ശ്രുതിപ്പെട്ടിരിക്കുന്നു. കരൂർ എന്ന സ്ഥലത്തു് ഒരു കൈത്തൊഴിൽകലാശാലയുണ്ടു്.

5. മധുര

തൃശ്ശിനാപ്പള്ളിക്കു തെക്കുകിടക്കുന്ന ഈ ജില്ലയുടെ വിസ്താരം 4,900 ച. നാഴികയാകുന്നു. പഴനിമല ഈ ജില്ലയിലാണു്. പ്രധാനനദി വൈഗൈയത്രെ. മുഖ്യ വിളവു നെല്ലും, ചോളവുമാകുന്നു. ദിണ്ടിഗൽ എന്ന സ്ഥലത്തുണ്ടാകുന്ന പുകയില മേത്തരമത്രെ. ജനസംഖ്യ 19,00,000. അവരുടെ ഭാഷ തമിഴാകുന്നു. മധുരയാണു പ്രധാനനഗരം. ദക്ഷിണേന്ത്യയിലെ ശ്രുതിപ്പെട്ട പട്ട

ണങ്ങളിൽ ഒന്നാണു മധുര. ഇതു പണ്ടുകാലത്തു പാണ്ടിരാജാക്കന്മാരുടെ തലസ്ഥാനമായിരുന്നു. മധുരയിലെ മീനാക്ഷിക്ഷേത്രം വളരെ പ്രസിദ്ധമായതാണു്. ആ ക്ഷേത്രത്തിന്നു 750 അടി നീളവും 300 അടി വീതിയുമുണ്ടത്രെ. ഈ ക്ഷേത്രത്തിലാണു് ആയിരംകാൽമണ്ഡപമെന്നു പ്രസിദ്ധമായ കെട്ടിടമുള്ളതു്. തിരുമലനായ്ക്കരുടെ കൊട്ടാരവും ഈ നഗരത്തിൽത്തന്നെയാകുന്നു. പാണ്ടിരാജാക്കന്മാരുടെ മന്ത്രിമാരായിരുന്ന തിരുമലനായ്ക്കന്മാർ. ദിണ്ടിഗൽ എന്ന സ്ഥലത്തു്, പുകയില, തോൽ, കാപ്പി എന്നീ സാധനങ്ങൾ കച്ചവടം ചെയ്യുവരുന്നു. ഇവിടെ പാറയുടെ മുകളിലുള്ള കോട്ടയ്ക്കു 1,200 അടി പൊക്കമുണ്ടു്. പഴനിമലയിൽ കൊടൈക്കനാൽ എന്നൊരു സുഖവാസസ്ഥലമുണ്ടു്.

6. വടക്കൻ ആക്കാടു്

ഈ ജില്ലയുടെ വിസ്താരം 4,900 ചതുരശ്രനാഴികയാകുന്നു. കൊല്ലത്തിൽ 37 അംഗുലം മഴപെയ്യുന്നു. പാലാറും അതിന്റെ പോഷകനദിയായ മെയ്യാറും ഈ ജില്ലയിൽ കൂടിയാണു് ഒഴുകുന്നതു്. കരിമ്പു്, നിലക്കടല, മുത്താറി എന്നിവ കൃഷിചെയ്യുവരുന്നു.

ജനസംഖ്യ 19,60,700. ഭാഷ തമിഴു്. വെല്ലൂരാണു പ്രധാനനഗരം. ഇതു പാലാർ നദിയിന്മേൽ സ്ഥിതിചെയ്യുന്നു. ഇവിടെ ഒരു കോട്ടയുണ്ടു്. പോലീസ് ഉദ്യോഗസ്ഥന്മാരെ പ്രവൃത്തി പരിശീലിപ്പിക്കുന്ന ഒരു കോളേജു് ഇവിടെയുണ്ടു്. ഹൈദരുടെ കാലത്തു നടന്ന യുദ്ധങ്ങളിൽ ഒന്നിന്റെ രംഗം വെല്ലൂർനഗരമായിരുന്നു. ഇവിടെനിന്നു 4 നാഴിക ദൂരത്തുള്ള കാട്ട

പാടി ഒരു ജങ്ക്ഷനാകുന്നു. ചരിത്രപ്രസിദ്ധമായ മ റെറാരു നഗരമാണ് ആക്കാട്ട്. ഈ നഗരം ഒരുകാ ലത്തു കണ്ണാടക നവാബുമാരുടെ തലസ്ഥാനമായിരുന്നു. വാണ്ടിവാഷ് എന്നനഗരവും ചരിത്രപ്രസിദ്ധമായ ഒ ന്നത്രെ. വാണിയമ്പാടി എന്ന പട്ടണം കച്ചവടത്തി ന ശ്രുതിപ്പെട്ടിരിക്കുന്നു. തിരുവണ്ണാമലയിലുള്ള ക്ഷേ ത്രം പ്രസിദ്ധമായതത്രെ.

7. ചിറ്റൂർ

ഈ ജില്ലയുടെ വിസ്താരം 5,670 ചതുരശ്ര നാഴി കയാകുന്നു. ഇവിടെ തിരുപ്പതിമല, നഗരിമല എന്നി ങ്ങനെ രണ്ടു മലകളുണ്ട്. ഈ ജില്ലയിൽ കൊല്ല ത്തിൽ 40 അംഗുലത്തിലധികം മഴയില്ല. നെല്ല്, മുത്താ റി, കരിമ്പു, മധുരനാരങ്ങ, എന്നിവയത്രെ പ്രധാന വിളവുകൾ.

ജനസംഖ്യ 13,00,000. ഭാഷ തെലുങ്ക്. തല സ്ഥാനം ചിറ്റൂരാണ്. മദനപ്പള്ളി എന്ന പട്ടണം വളരെ ശരീരസുഖമുള്ള ഒന്നാണ്. അവിടെ ക്ഷയ രോഗികൾക്ക് ഒരാസ്പത്രിയുണ്ട്. തിരുപ്പതി, കാളഹ സ്തി എന്നീ പുണ്യക്ഷേത്രങ്ങൾ ഈ ജില്ലയിലത്രെ. വായാൽപ്പാടി എന്ന പട്ടണം കരിമ്പു കൃഷിക്കു ശ്രുതി പ്പെട്ടിരിക്കുന്നു.

അദ്ധ്യായം 19

പീഠഭൂമിജില്ലകൾ

കടപ്പ, കർണ്ണൂൽ, അനന്തപുരം, ബല്ലാറി എന്നിവയാണ് പീഠഭൂമിയിലെ ജില്ലകൾ.

പൂവ്വ്ഘട്ടം ഈ ജില്ലകളിലും വ്യാപിച്ചു കിടക്കുന്നുണ്ട്. വടക്കൻ പെന്നാർ, തുംഗഭദ്രാ എന്നിങ്ങനെ രണ്ടു നദികൾ ഈ ജില്ലകളിൽക്കൂടി ഒഴുകുന്നു.

ഇവിടെ വേനൽക്കാലത്തെ ഉഷ്ണവും വർഷകാലത്തെ തണുപ്പും ഒരുപോലെ അസഹ്യമാണ്. മഴ നന്നു കുറവത്രെ.

പരുത്തിയും ചോളവുമാണ് പ്രധാന വിളവുകൾ. മുഖ്യ കൈത്തൊഴിൽ നെയ്ത്തുതന്നെ.

കടപ്പയുടെ വിസ്താരം 5,890 ചതുരശ്രനാഴികയാകുന്നു. പൂവ്വ്ഘട്ടത്തിനു് ഇവിടെ ബാലകൊണ്ടയെന്നു പേർ. വടക്കൻപെന്നാറാണ് നദി. ആകെ 8,940,00 ജനം പാർത്തുവരുന്നു. ഭാഷ തെലുങ്കു്.

മുഖ്യ പട്ടണം കടപ്പതന്നെ. ഇവിടെ നേരിയ വസ്ത്രങ്ങൾ നെയ്തുവരുന്നു. ജമ്മൽമടകു പ്രധാനമായ ഒരു കച്ചവടസ്ഥലമാണ്.

കർണ്ണൂൽജില്ലയുടെ വിസ്താരം 7,650 ചതുരശ്രനാഴികയാകുന്നു. ഇവിടെ പൂവ്വ്ഘട്ടത്തിനു വേലിക്കൊണ്ടയെന്നു പേർ. തുംഗഭദ്രയും കൃഷ്ണയും ഈ ജില്ലയിൽക്കൂടി ഒഴുകുന്നു.

ആകെ ജനം 9,35,200. ഭാഷ തെലുങ്കു്. കർണ്ണൽതന്നെയാണു തലസ്ഥാനം. നാന്ദിയാൽ എന്ന സ്ഥലത്തു പരുത്തിയും ധാന്യങ്ങളും കച്ചവടം ചെയ്യുന്നു.

ബല്ലാറിയുടെ വിസ്താരം 5,720 ചതുരശ്രനാഴികയാകുന്നു. അവിടത്തെ മലയ്ക്കു രാമദുർഗ്ഗമെന്നു പേർ. നദി തുംഗഭദ്ര.

ആകെ 9,69,400 ജനം നിവസിക്കുന്നു. തെലുങ്കും കണ്ണാടകവും സംസാരിച്ചുവരുന്നുണ്ടു്.

തലസ്ഥാനം ബല്ലാറിതന്നെ. പീഠഭേശങ്ങളിലെ പട്ടണങ്ങളിൽ ഏറ്റവും വലിയതു് ഇതാകുന്നു. ബല്ലാറിയിൽ കച്ചവടം സമൃദ്ധിയായി നടന്നുവരുന്നു. അദോഹി എന്ന നഗരം പരവതാനികൾക്കു പ്രസിദ്ധിപ്പെട്ടിരിക്കുന്നു. ഹോസ്പറു് എന്ന പട്ടണം വെൽവത്തിനു കേൾവിപ്പെട്ടിരിക്കുന്നു. ചരിത്രപ്രസിദ്ധമായ വിജയനഗരം സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന ഹമ്പി ഈ ജില്ലയിലാണു്. അപ്രകാരംതന്നെ രാമായണപ്രസിദ്ധമായ കിഷ്ക്കിന്ധയും പമ്പയും ഈ ജില്ലയിലാകുന്നു.

അനന്തപുരം ജില്ലയുടെ വിസ്താരം 6,700 ചതുരശ്രനാഴികയാകുന്നു. വടക്കൻപെന്നാറാണു പ്രധാന നദി.

ആകെ 9,63,200 ജനം നിവസിക്കുന്നു. അവർ കണ്ണാടകവും തെലുങ്കും സംസാരിക്കുന്നു.

പ്രധാന പട്ടണം അനന്തപുരം തന്നെ. ധർമ്മാവരം, ഗുണ്ടക്കൽ എന്നിവ തീവണ്ടിപ്പാതകൾ യോജിക്കുന്ന സ്ഥലങ്ങളത്രെ.

അദ്ധ്യായം 20

പശ്ചിമതീരജില്ലകൾ

മലബാറും തെക്കൻകണ്ണാടകവുമാണു മദ്രാസ്സംസ്ഥാനത്തിലെ പശ്ചിമതീരജില്ലകൾ.

1. മലബാർ

കൊച്ചീരാജ്യത്തിന്റെ വടക്കേഅതിരാണു മലബാർ. മലബാറിന്റെ വിസ്താരം 5,800 ചതുരശ്രനാഴികയാകുന്നു. പശ്ചിമഘട്ടം അഥവാ സഹ്യാദ്രിയാണു മല. ഈ ജില്ലയിൽ കിടക്കുന്ന ഭാഗങ്ങൾക്കു തെമ്മല കണ്ടാമല എന്നുംമറ്റും പറയുന്നു. ചിറക്കൽതാലൂക്കിലുള്ള ഏഴിമല ചരിത്രപ്രസിദ്ധമായതത്രെ. ജില്ലയിലെ പ്രധാന നദി പൊന്നാനിയാകുന്നു. അതിനു് 1,00 നാഴികയിലധികം നീളമില്ല. ചാലിയംപുഴ, കരിമ്പുഴ, കടലുണ്ടിപ്പുഴ, വളർപട്ടണംപുഴ എന്നിവ മറ്റു പുഴകളാകുന്നു. സാമാന്യം ഉഷ്ണമുള്ള ഒരു സ്ഥലമത്രെ. കൊല്ലത്തിൽ 117 ഇഞ്ചു മഴ പെയ്യും. നെല്ലാണു പ്രധാന വിള. തെങ്ങു്, കവുങ്ങു്, പ്ലാവു്, മാവു് മുതലായവ സമൃദ്ധിയായിക്കാണാം. കാപ്പി, തേയില, റബ്ബർ എന്നിവ മറ്റു് ഉല്പന്നങ്ങളത്രെ. തെങ്ങിനെ സംബന്ധിച്ചുള്ള ചകരിപിരിയ്ക്കൽ എന്നിവയാണു പ്രധാന കൈത്തൊഴിൽ.

ജനസംഖ്യ 30,00,000. മുക്കാൽഭാഗവും ഹിന്തുക്കളാണു്. ബാക്കിയുള്ള കാൽഭാഗത്തിൽ മുഹമ്മദീയരും

ക്രിസ്ത്യാനികളും ഉൾപ്പെടുന്നു. ചതുരശ്രനാഴികയ്ക്ക് ശരാശരി 535 ജനസംവീതം പാർത്തുവരുന്നു. ഭാഷ മലയാളമാകുന്നു.

കോഴിക്കോടാണ് പ്രധാനനഗരം. ഈ നഗരം ചരിത്രപ്രസിദ്ധമായ ഒന്നാണ്. വാസ്കോഡിഗാമ എന്ന പറങ്കി ആദ്യമായി മലയാളക്കരയിൽ വന്നിറങ്ങിയത് ഇവിടെയാണ്. ജില്ലയിലെ പ്രധാന കച്ചവടസ്ഥലവും ഈ നഗരംതന്നെ. കോഴിക്കോട്ടിന്നു 6 നാഴിക തെക്കാണ് ബേപ്പൂർ. കാപ്പി, തോൽ പുകയില, കൊപ്ര എന്നിവ ഇവിടെനിന്നു കയറുന്നു. കൊച്ചി (ബ്രിട്ടീഷ് കൊച്ചി) വളരെ പ്രധാനമായ ഒരു വ്യാപാരസ്ഥലമത്രെ. യൂറോപ്യന്മാർ ഈ കരയിൽ ആദ്യമായി വാസസ്ഥലമാക്കിയത് ഈ നഗരമാണ്. തലശ്ശേരിയിലാണ് വടക്കെ മലയാളത്തിലെ കലക്ടരുടെ കച്ചേരി. കാപ്പി, കുരുമുളക്, ഏലം എന്നിവ ഇവിടെനിന്നു കയറ്റി അയയ്ക്കുന്നു. മഞ്ചേരി, മലപ്പുറം, നിലമ്പൂർ, ഫറോക്ക്, പെരിന്തൽമണ്ണ, പാലക്കാട്, ആലത്തൂർ, പൊന്നാനി, തിരൂർ, കൊല്ലങ്കോട് എന്നിവ മറ്റുപട്ടണങ്ങളത്രെ.

2. തെക്കൻ കണ്ണാടകം

ഈ ജില്ല മലയാളത്തിന്റെ വടക്കുഭാഗത്തുകിടക്കുന്നു. വിസ്താരം 4,020 ച. നാഴിക. മല പശ്ചിമഘട്ടംതന്നെ. പ്രധാനനദി നേത്രാവതിയാകുന്നു. പ്രധാനവിളവു നെല്ല്. തെങ്ങും കവുങ്ങും സമൃദ്ധിയായി കാണാം.

മുഖ്യപട്ടണം മംഗലാപുരം. ഇവിടെ ഒന്നാംഗ്രേഡും രണ്ടാംഗ്രേഡുമായ കോളേജുകളുണ്ട്. മദ്രാസ്സിൽ

നിന്നു പുറപ്പെട്ട പശ്ചിമതീരത്തേക്കുള്ള തീവണ്ടിപ്പാത ഇവിടെയാണു് അവസാനിക്കുന്നതു്. ഉടുപ്പി എന്ന പട്ടണത്തിൽ പ്രസിദ്ധമായ ഒരു ശ്രീകൃഷ്ണക്ഷേത്രമുണ്ടു്. ദ്വൈതമതസ്ഥാപകനായ മദ്ധ്വാചാര്യരാണു് ആ ക്ഷേത്രം പണിചെയ്യിച്ചതു്. കരക്കൽ എന്നു മറെറാരു സ്ഥലമുണ്ടു്. ഈ സ്ഥലം ഒരുകാലത്തു ജൈനമതക്കാരുടെ സങ്കേതമായിരുന്നു എന്നുകാണുന്നുണ്ടു്. അവിടെ ഇന്നും ജൈനവിഗ്രഹങ്ങൾ കാണാം. അവയിൽ ഒന്നിനു തുമ്മട്ടരാജാവെന്നു പേർ. ആ വിഗ്രഹത്തിനു 42 അടി പൊക്കമുണ്ടു്. കുന്താപുരം എന്ന സ്ഥലത്താണു സബ് കലക്ടർ വസിക്കുന്നതു്.

അദ്ധ്യായം 21

ഭരണം

മദ്രാസ്സംസ്ഥാനം ഇന്ത്യാസാമ്രാജ്യത്തിന്റെ ഒരു വിഭാഗമാണു്. ഇന്ത്യാസാമ്രാജ്യം ഭരിക്കുന്നതു് ഇംഗ്ലണ്ടിലെ രാജാവായ ഇന്ത്യാചക്രവർത്തിയാണല്ലൊ. അദ്ദേഹത്തിനു് ഇവിടെവന്നു നേരിട്ടു ഭരിപ്പാൻ സൌകര്യമില്ലാത്തതുകൊണ്ടു് അദ്ദേഹം ഒരു ഗവർണ്ണരെ നിയമിച്ചിരിക്കുന്നു. ഒരു ഗവർണ്ണർ സാധാരണയായി അഞ്ചുകൊല്ലമാണു് ഉദ്യോഗം ഭരിക്കുന്നതു്.

ഗവർണ്ണരെ സഹായിപ്പാൻ രണ്ടു സഭകളുണ്ട്. അവയിൽ ഒന്നിനു കായ്യനിർവ്വഹണസഭയെന്നും മറേറതിനു കായ്യാലോചനസഭയെന്നും പറയുന്നു.

ഭരണത്തിൽ പ്രധാനമായ രണ്ടു സംഗതികൾ നികുതിപിരിവും നീതിന്യായപരിപാലനവുമാണല്ലോ. ഈ രണ്ടു സംഗതികളും വേണ്ടപോലെ നടത്തുന്നതിനുവേണ്ടി സംസ്ഥാനത്തെ ജില്ലകളായും, ജില്ലകളെ ഡിവിഷനായും, ഡിവിഷനെ, താലൂക്കുകളായും, താലൂക്കുകളെ വില്ലേജുകളായും തിരിച്ചിരിക്കുന്നു. ഒരു ജില്ലയിലെ പ്രധാന ഉദ്യോഗസ്ഥനു കലക്ടരെന്നു പേർ. ജില്ലയിലെ നികുതിപിരിവിനും സമാധാനപരിപാലനത്തിനും അദ്ദേഹമാണു് ഉത്തരവാദി. കലക്ടരെ സഹായിപ്പാൻ സബ് കലക്ടർ, ഡെപ്യൂട്ടികലക്ടർ, അസിസ്റ്റണ്ടുകലക്ടർ എന്നീ ഉദ്യോഗസ്ഥന്മാരുണ്ടു്. അവരുടെ കീഴിൽ തഹശീൽദാരന്മാരും, അവരുടെ കീഴിൽ വില്ലേജുദ്യോഗസ്ഥന്മാരുമുണ്ടു്. നികുതിപിരിവിനെ സംബന്ധിച്ചു സംസ്ഥാനത്തിലുള്ള ഏറവും വലിയ ആപ്പീസിനു ബോർഡു് ഒഫ് റവന്യൂ എന്നു പേർ.

സമാധാനപരിപാലനത്തിനുള്ള ഏറവും വലിയ ആപ്പീസു ഹൈക്കോടതിയാകുന്നു. ഹൈക്കോടതിയുടെ കീഴിൽ ഓരോ ജില്ലയിലും ഓരോ ജില്ലാക്കോടതിയുണ്ടു്. അതിനുംപുറമെ ജില്ലകളിൽ മുൻസിപ്പുകോടതികളും മജിസ്ത്രേറുകോടതികളുമുണ്ടു്.

താലൂക്കിനെ ഭരിക്കുന്നതിൽ സഹായിപ്പാൻ താലൂക്കുബോർഡുകളും ഡിസ്ട്രിക്ടിനെ ഭരിക്കുന്നതിൽ സഹായിപ്പാൻ ഡിസ്ട്രിക്ട്ബോർഡുകളുമുണ്ട്. ഈ ബോർഡുകളിലെ അംഗങ്ങളം നാട്ടുകാരിൽ പ്രധാനികളായിരിക്കും. അവരെ ജനങ്ങളം തിരഞ്ഞെടുക്കുകയോ, സർക്കാരിൽനിന്നു നിയമിക്കുകയോ ചെയ്യുന്നു. താലൂക്കിലെ വിദ്യാഭ്യാസം, ശുചീകരണം എന്നീ വിഷയങ്ങളിൽ താലൂക്കുകാർ ശ്രദ്ധവെയ്ക്കുന്നതുപോലെ ഡിസ്ട്രിക്ടിലെ ഈവക കാര്യങ്ങളിൽ ഡിസ്ട്രിക്ട്ബോർഡുകാർ ശ്രദ്ധവെയ്ക്കുന്നു.

നഗരഭരണത്തിനു പ്രത്യേകസഭകളുണ്ട്. അവയ്ക്കു മുൻസിപ്പാലിറ്റികളെന്നു പേർ. നഗരത്തിലെ ശുചീകരണം മുതലായ സംഗതികളെപ്പറ്റി വേണ്ടതു പ്രവർത്തിക്കുന്നവർ ഈ സഭകളിലെ അംഗങ്ങളത്രെ. മദ്രാസുപട്ടണത്തിലെ മുൻസിപ്പാലിറ്റിയ്ക്കു കോർപ്പൊറേഷനെന്നു പേർ. ഇന്ത്യാസാമ്രാജ്യത്തിലുള്ള വലിയ നഗരസഭകളിൽ ഒന്നത്രേ അതു്.

പൊതുധർമ്മം

അദ്ധ്യായം 1

സമാധാനപരിപാലനം.

പോലീസ്സ്റ്റേഷൻ എന്നു പറയുന്ന സ്ഥലത്തെപ്പറ്റി നിങ്ങൾക്കു വല്ലതുമറിയാമോ? അതിനെപ്പറ്റി ചില സംഗതികൾ നിങ്ങളോടു പറവാനാണു് ഇവിടെ ഭാവിക്കുന്നതു്.

ഒരു സ്ഥലത്തെ പോലീസുസൈന്യത്തിനു് ഇരിക്കുവാനുള്ള കെട്ടിടത്തിനെയാണു് പോലീസുസ്റ്റേഷനെന്നു പറയുന്നതു്. സ്റ്റേഷനിലേ മേലധികാരി സാധാരണയായി ഒരു സബ്ബ് ഇൻസ്പെക്ടരായിരിക്കും. സബ്ബ് ഇൻസ്പെക്ടരില്ലാത്ത സ്ഥലത്തു് ഒരു ഹെഡ്കാൺസ്റ്റബിളോമറോ ആയിരിക്കും സ്റ്റേഷനിലേ നായകൻ.

നാട്ടിൽ ലഹളയില്ലാതെ നോക്കുകയാണു പോലീസുകാരുടെ പ്രവൃത്തി. പോലീസുകാർ ഇല്ലാത്ത സ്ഥലത്തും സമയത്തുമാണല്ലോ ലഹളനടക്കുവാൻ വഴിയുള്ളതു്. അങ്ങനെ ലഹളനടന്നാൽ ആവലാതിക്കാരൻ തന്റെ

ആവലാതിയെ പോലീസുസ്റ്റേഷനിൽ അത്രേ അറിയി ക്കേണ്ടതു്.

ആവലാതിയെപ്പറ്റി അറിവുകിട്ടിയാൽ അതിനെ പ്പറ്റി അന്വേഷിപ്പാൻ പോലീസുഭടന്മാർ പോകുന്നു. ലഹള ഉണ്ടാക്കിയ ആളെയോ, കുറ്റംചെയ്ത ആളെയോ കണ്ടെത്തിയാൽ അവർ അയാളെ സ്റ്റേഷനിലേക്കു കൊ ണ്ടുപോകുന്നു. സ്റ്റേഷൻതന്നെ ചെറിയ ഒരു കാരാഗൃഹ മാണു്. കുറ്റക്കാരന്റെ കുറ്റത്തെ വിചാരണചെയ്യേണ്ട ആളും മജിസ്ട്രേറ്റാണു്. മജിസ്ട്രേറ്റിന്റെ മുമ്പാകെ കുറ്റക്കാരനെ ഹാജരാക്കുന്നതു പോലീസുകാരത്രേ. അങ്ങ നെ ഹാജരാക്കുന്ന സമയം അയാളുടെ കുറ്റത്തിന്റെ ഒരു വിവരണവുംക്രൂടി പോലീസുകാർ സമർപ്പിണമെന്നുണ്ടു്. പോലീസുകാർ ഒരാളെ പിടിച്ചതുകൊണ്ടു് അയാളം കു റ്റക്കാരനാണെന്നു തെളിഞ്ഞിട്ടില്ല. ചിലപ്പോൾ പോലീ സുകാരന്റെ കയ്യിൽ കിട്ടുന്നതു കുറ്റം ചെയ്യാത്ത ആൾ തന്നെയായിരിക്കും. മജിസ്ട്രേറ്റു കേസ്സു വിചാരണ ചെയ്തു് അയാളുടെ പേരിൽ കുറ്റം സ്ഥാപിക്കുന്നതുവരെ അയാളം കുറ്റക്കാരനല്ല. അയാളം കുറ്റം ചെയ്തുവെന്നു പോലീസുകാർ പറഞ്ഞാൽ പോരാ. അതിനു് അവർ തെളിവുകൊടുക്കണം—സാക്ഷികളെ ഹാജരാക്കണം. സാക്ഷികളേയും കുറ്റക്കാരേയും വിസ്തരിച്ചു മജിസ്ട്രേറ്റി ന്റെ യുക്തംപോലെ പ്രതിയെ വിട്ടയയ്ക്കയോ ശിക്ഷി ക്കയോ ചെയ്യുന്നു. വിചാരണ നടന്നുവരുന്ന കാലത്തു പ്രതി പോലീസുകാരുടെ അധീനത്തിലായിരിക്കും. പ്രതി യുടെ പേരിൽ കുറ്റം സ്ഥാപിച്ചു കഴിഞ്ഞാൽ മാത്രമേ

അയാളെ തടവിലേക്കയയ്ക്കുകയുള്ളൂ. ചിലപ്പോൾ ശിക്ഷ പിഴയായോ അടിയായോ വന്നേക്കാം. അങ്ങനെ വന്നാൽ പ്രതി പിഴകെട്ടണം; അല്ലെങ്കിൽ അയാളെ നിശ്ചയിച്ച അടി അടിച്ചുവിടണം.

സമാധാനപരിപാലനത്തിനു മജിസ്ട്രേറ്റിനെ സഹായിക്കയാണു പോലീസ്സുകാരുടെ പ്രവൃത്തിയെന്നു തെളിഞ്ഞുവല്ലൊ.

ഇന്നത്തെ തരത്തിലുള്ള പോലീസു സൈന്യത്തെ ഏർപ്പെടുത്തിയതു കൊല്ലവർഷം 1058-ലാണത്രെ.

അദ്ധ്യായം 2

എഴുത്തുകൾ, കമ്പികൾ.

എഴുത്തുകൾ കൊണ്ടിടുന്നതിനുള്ള സ്ഥലമാണു് അഞ്ചലാപ്പീസും തപ്പാലാപ്പീസും എന്നു കൂട്ടികൾ ധരിച്ചിട്ടുണ്ടാകും.

അഞ്ചലേർപ്പാടു കൊച്ചി സർക്കാർ വകയാകുന്നു. ഈ ഏർപ്പാടു് ആദ്യമായിത്തുടങ്ങിയതു കൊല്ലവർഷം 946-ലാണെന്നു തോന്നുന്നു. അഞ്ചൽ വഴിയായി എഴുത്തും പണവും കൊച്ചിരാജ്യത്തിന്റെ ഏതു ഭാഗത്തേക്കും തിരുവിതാംകൂറിലേക്കും അയയ്ക്കാവുന്നതാണു്. പുസ്തക

ങ്ങൾ മുതലായ സാധനങ്ങളും അഞ്ചൽ വഴിക്കു കെട്ടുകളാക്കി അയക്കാവുന്നതത്രേ.

അഞ്ചലാപ്പീസിൽ കാർഡുകളും ലക്കോട്ടുകളും വില്ക്കപ്പെടുന്നു. നാനാതരത്തിലുള്ള സ്റ്റാമ്പുകളും അവിടെ നിന്നു കിട്ടും. ഒരു കാർഡിന് 4 പൈയാണു വില. കാർഡിന്മേൽ മഹാരാജാവിന്റെ ചിത്രം കാണാം. അപ്രകാരംതന്നെ ലക്കോട്ടിന്മേലും സ്റ്റാമ്പുകളിന്മേലും മഹാരാജാവിന്റെ ചിത്രമുണ്ട്. നമ്മുടെ എഴുത്തിന്റെ ഘനത്തെ അനുസരിച്ചുള്ള സ്റ്റാമ്പുകൾ ഒട്ടിക്കണം.

അഞ്ചലാപ്പീസ്സു വഴിക്കു പണവും അയക്കാമെന്നു പറഞ്ഞുവല്ലോ. പണം അയയ്ക്കുന്നതിന് ഏറ്റവും കുറഞ്ഞ കൂലി 9 പൈയാകുന്നു.

നമ്മുടെ എഴുത്തുകൾ നാം അഞ്ചൽപ്പെട്ടിയിൽ ഇടുന്നു. പണമാണെങ്കിൽ അഞ്ചൽമാസ്റ്ററെ ഏല്പിക്കയത്രേ ചെയ്യുന്നതു്. എഴുത്തായാലും പണമായാലും മേൽവിലാസക്കാരനു ശരിയായി എത്തിക്കൊള്ളും.

തപ്പാലേർപ്പാടു് ഇന്ത്യാ ഗവണ്മെണ്ടിന്റെ വകയത്രേ. തപ്പാൽ കാർഡിന് 6 പൈയാണു വില. ഏറ്റവും വില ചുരുങ്ങിയ ലക്കോട്ടിനു 1 ണ. കൊടുക്കണം. തപ്പാലാപ്പീസ്സിലും പലേവിലയുള്ള സ്റ്റാമ്പുകളുണ്ടു്.

പണം അയയ്ക്കുന്നതിനു തപ്പാലാപ്പീസ്സിലെ ഏറ്റവും ചുരുങ്ങിയ കൂലി രണ്ടണയാകുന്നു.

തപ്പാലാപ്പീസിലേക്കു പ്രത്യേകമായ ഒരേപ്പാടാണു കമ്പി. അതായതു അഞ്ചലാപ്പീസിൽ കമ്പി ഏർപ്പാടില്ല. അടിയന്തിരവർത്തമാനങ്ങളാണല്ലോ കമ്പിമൂലം അറിയിക്കുന്നതു്. സാധാരണയായി ഏതു തപ്പാലാപ്പീസും കമ്പിയാപ്പീസുകൂടി ആയിരിക്കും. കമ്പിമാസ്റ്ററുടെ അടുക്കൽ ചോദിച്ചാൽ അയാൾ കമ്പിഫാറം തരും. അതിൽനമുക്കറിയിക്കാനുള്ള വിവരവും, ആക്കാണെന്നും, കമ്പി അടിക്കുന്ന ആളുടെ മേൽവിലാസവും എഴുതിക്കൊടുക്കുക. ഒരു കമ്പിക്കു ചുരുങ്ങിയ ഫീസ്സു് 12 ണ. യാണു്. ഒരു സാധാരണ കമ്പിയിൽ പന്ത്രണ്ടുവാക്കിൽ അധികം ഉണ്ടാകാനും പാടില്ല.

കമ്പിവർത്തമാനം അറിയിക്കുന്നതെങ്ങനെ? എറണാകുളത്തുനിന്നു തൃശ്ശിവപേരൂക്കാണു കമ്പി അടിക്കുന്നതെന്നു വിചാരിക്കുക. എറണാകുളത്തെ കമ്പിമാസ്റ്റർ തൃശ്ശിവപേരൂർമാസ്റ്ററെ കമ്പിമാർഗ്ഗമായി വിളിക്കുന്നു. കമ്പിആപ്പീസ്സിലുള്ള കമ്പിയന്ത്രത്തിന്റെ അടുത്തു് ഏതുസമയത്തും ഒരാളുണ്ടായിരിക്കും. കമ്പിയന്ത്രം ചില ശബ്ദം പുറപ്പെടുവിച്ചാൽ അയാൾ ശ്രദ്ധവെയ്ക്കുകയായി. ഇംഗ്ലീഷുഭാഷയിലാണു കമ്പി അടിക്കുന്നതു്. വാക്കുകളോ അക്ഷരങ്ങളോ അല്ല കമ്പിമാസ്റ്റർ അടിയ്ക്കുന്നതു്. മറ്റു ചില അടയാളങ്ങളാണു്. ഇന്ന അക്ഷരത്തിന്നു് ഇന്ന അടയാളം എന്നു നിശ്ചയമുണ്ടു്. ആ അടയാളങ്ങളെ കേട്ടാൽ കമ്പിമാസ്റ്റർ അവയ്ക്കു ശരിയായ അക്ഷരങ്ങളെഴുതും. അങ്ങനെ വാക്കുകളും ഒടുവിൽ കമ്പിമുഴുവനുമാതന്നെ പൂർത്തിയാകും. സംഗതി കമ്പിമാ

സ്റ്റർ ഒരു ഫാറത്തിലെഴുതി കമ്പിശിപായിയുടെ പക്കൽ കൊടുക്കുന്നു. അയാൾക്കു സക്കാരിൽനിന്നുതന്നെ ചവിട്ടുവണ്ടി വാങ്ങിക്കൊടുത്തിട്ടുണ്ടു്. അയാൾ ഉടനെ വണ്ടിയിൽക്കയറി കമ്പി മേൽവിലാസക്കാരനു കഴിയുന്നതു വേഗം എത്തിച്ചുകൊടുക്കുന്നു.

"ഫാദർ സീരിയസ്ലി ഇൽ—സ്റ്റാർട്ട് അറ്റ്വൻസ്" എന്നും മറ്റുമായിരിക്കും കമ്പിയിലേ വാചകങ്ങൾ.

വഴികളിൽ കുട്ടികൾ കമ്പിക്കാലുകൾ കണ്ടിട്ടുണ്ടല്ലോ. ആ കാലുകളുടെ മുകളിൽ അഞ്ചോ എട്ടോ കമ്പികളുണ്ടായിരിക്കും. ഈ കമ്പികളിൽക്കൂടി വിദ്യുച്ഛക്തി എന്നൊരു ശക്തി എപ്പോഴും പ്രവഹിച്ചുകൊണ്ടിരിക്കുന്നുണ്ടു്. ഈ ശക്തിയുടെ സഹായംകൊണ്ടാണു കമ്പിഅടിപ്പാൻ സാധിക്കുന്നതു്.

തീവണ്ടിആപ്പീസുകളിലും കമ്പി എടുക്കും. എന്നാൽ തീവണ്ടിസംബന്ധമായിത്തന്നെ എപ്പോഴും കമ്പി അടിപ്പാൻ ഉണ്ടാകും. അതുകൊണ്ടു നമ്മുടെ കമ്പിക്കു താമസം വന്നേക്കും. കമ്പിത്തപ്പാലാപ്പീസ്സിൽത്തന്നെ കൊടുക്കുന്നതായിരിക്കും നല്ലതു്.

അടിയന്തിരക്കമ്പിയും അടിക്കാറുണ്ടു്. ഇതിനു സാധാരണ കമ്പിയുടെ ഇരട്ടിച്ചാർജ്ജു കൊടുക്കണമെന്നേയുള്ളൂ.

കമ്പിവഴിയായി പണവും അയയ്ക്കാം. പണം നാം വഴിയിൽക്കാണുന്ന കമ്പിയിൽക്കൂടി പോകുന്നുവെന്നു

കൂട്ടികൾ ധരിക്കരുത്. ഇന്ന ആൾക്ക് ഇത്ര പണം കമ്പിമണിഓർഡരായി കൊടുപ്പാൻ എന്നെ ഏല്പിച്ചിരിക്കുന്നുവെന്ന വിവരമാണ് ഒരു കമ്പിമാസ്റ്റർ മറേറ കമ്പിമാസ്റ്റർക്ക് അറിവുകൊടുക്കുന്നത്. പണം മറേറ തപ്പാലാപ്പീസ്സിൽനിന്ന് അവിടത്തെ കമ്പിമാസ്റ്റർ കൊടുത്തുകൊള്ളും.

അദ്ധ്യായം 3

തീവണ്ടിപ്പാതയും, തുറമുഖവും.

ഷൊറന്നൂർനിന്ന പുറപ്പെട്ട് എറണാകുളത്ത് അവസാനിക്കുന്ന ഒരു തീവണ്ടിപ്പാത നമ്മുടെ രാജ്യത്തുണ്ടെന്ന കൂട്ടികൾക്ക് അറിയാം. ഈ പാതയെപ്പററി ക്രൂടുതൽ വിവരങ്ങൾ ഈ അദ്ധ്യായത്തിൽ പറയാം.

മദ്രാസ്സിൽനിന്ന പുറപ്പെട്ട് ഇന്ന മംഗലാപുരത്ത് അവസാനിക്കുന്ന തീവണ്ടിപ്പാതയുടെ കുറേഭാഗം (ഷൊറന്നൂർവരെയുള്ള ഭാഗം) പണിതീർന്നിട്ട് ഇന്നേയ്ക്ക് 70 കൊല്ലമായിരിക്കുന്നു. ആ പാത പണിതീർന്നനുമുതൽ കൊച്ചീരാജ്യത്തുക്രൂടി ഒരു പാതവെട്ടാൻ ആലോചന തുടങ്ങി. ആവക ആലോചനകൾ നാട്ടുകാരുടെ വക യായിരുന്നു. ആ ആലോചന ഫലിച്ചില്ല. പിന്നീടുണ്ടായ ആലോചനകളെക്കൊണ്ടും കായ്യം നടന്നില്ല.

എ. ഡി. 1897-ലാണു സർ പി. രാജഗോപാലാചാര്യർ ഇവിടെ ദിവാനായി വന്നതു്. അദ്ദേഹത്തിന്റെ കാലത്തു തീവണ്ടി നടപ്പായി. മൂന്നുകൊല്ലംകൊണ്ടേ പണി തീർന്നുള്ളൂ. 1902 ജൂൺ 16-ാംതീയതി മുതൽ ആപീസു കയറുന്ന വണ്ടി നടപ്പാക്കി. തീവണ്ടിപ്പാതയ്ക്കു് ആകെ 65 നാഴിക നീളമുണ്ടു്. 18 നാഴികയോളം പാത തിരുവിതാംകൂർ ശീമയിൽക്കൂടിയാണു പോകുന്നതു്.

ഈ പാതപ്പണിക്കു് ആകെ 70 ലക്ഷത്തോളം ഉറുപ്പിക ചെലവായിട്ടുണ്ടു്. സർ പി. രാജഗോപാലാചാര്യർ ദിവാനായി വന്നകാലത്തു് ഇവിടെ 44 ലക്ഷം ഉറുപ്പിക കെട്ടിയിരുപ്പുണ്ടായിരുന്നു. അതുകൊണ്ടാണു് അന്നു് ഈ പണി അത്ര എളുപ്പം തീർന്നതു്.

പാത വീതി കുറഞ്ഞതാണു്. അതിനു മീറ്റർ ഗേജ്പാതയെന്നു പേർ. മദ്രാസിൽനിന്നു ഷൊറണ്ണൂർക്കു ടി കടന്നുപോകുന്ന പാത ബ്രോഡ്ഗെജാകുന്നു. ആ പാതയിന്മേൽ ഓടുന്ന വണ്ടികൾ ഈ പാതയിന്മേൽക്കൂടി ഓടുന്നതല്ല. കൊച്ചീതുറമുഖം പരിഷ്കരിച്ചുകഴിഞ്ഞാൽ ഈ പാത ബ്രോഡ്ഗെജാക്കുമെന്നു പറഞ്ഞുവരുന്നു.

വണ്ടി നടത്തുന്നതു സൌത്തിന്ത്യൻറയിൽവേ കമ്പനിക്കാരാണു്. ഉണ്ടാകുന്ന ആദായത്തിൽ ഒരോഹരി സർക്കാരിലേക്കു കൊടുക്കാമെന്നാണു നിശ്ചയം.

വണ്ടികൾ ആപീസു കയറുന്ന വണ്ടി, സാമാനവണ്ടി എന്നിങ്ങനെ രണ്ടുതരത്തിലുണ്ടു്. ആപീസു കയറുന്ന വണ്ടി

ദിവസത്തിൽ മുമ്മൂന്നുപ്രാവശ്യം ഷൊറന്നൂർനിന്നു് എറണാകുളത്തേക്കും എറണാകുളത്തുനിന്നു ഷൊറന്നൂക്കും പോകുന്നു.

ഇന്ത്യയുടെ പടിഞ്ഞാറേതീരത്തുള്ള തുറമുഖങ്ങളിൽ വളരെ പ്രധാനമായ ഒന്നായിരുന്നു കൊച്ചി. പണ്ടുകാലത്തു് അവിടേ പറങ്കികളും, ലന്തക്കാരും, ഇംഗ്ലീഷുകാരും അവരുടെ കപ്പലുകളും കൊണ്ടുവന്നു നിത്തിയിരുന്നു. പിന്നീടു് ആ തുറമുഖത്തിനു് അത്ര പ്രാധാന്യമില്ലാതെയായി. കപ്പലുകൾക്കു് അടുത്തുവരുവാൻ സൌകര്യം കുറഞ്ഞുതുടങ്ങി. സമുദ്രതീരത്തിന്നടുത്തുള്ള കടലിൽ മണൽവന്നു നിറഞ്ഞതിനാൽ അവിടേക്കു കപ്പലുകൾക്കു വരുവാൻ വെള്ളം പോരെന്നു വന്നുതുടങ്ങി. ഇങ്ങനെയെല്ലാം ആണെങ്കിലും കൊച്ചി, ബ്രിട്ടീഷുകൊച്ചി, തിരുവിതാംകൂർ എന്നീ മൂന്നു പ്രദേശങ്ങളിലേ പ്രധാന തുറമുഖമാണിതു്. ഇന്നു് അവിടെനിന്നു കൊല്ലംതോറും 3 കോടിയിൽ അധികം ഉറുപ്പിക വിലയുള്ള ചരക്കുകൾ കയറുകയും, ഏതാണ്ടു് അത്രതന്നെ വിലവരുന്ന സാമാനങ്ങൾ അവിടെ ഇറക്കുകയും ചെയ്യുന്നു.

ഇപ്പോൾ തുറമുഖം പരിഷ്കരിച്ചു കഴിഞ്ഞിരിക്കുന്നു. കടലോരത്തിനു സമീപമുണ്ടായിരുന്ന മണ്ണാസകലം മണ്ണുമാന്തിക്കപ്പലുകൾ നീക്കംചെയ്തിരിക്കുന്നു. കപ്പലുകൾ തുറമുഖത്തിനു വളരെ അടുത്തു വന്നുനില്ക്കുന്നു. എറണാകുളംകായൽ കാലാന്തരത്തിൽ നല്ല ഒരു നൌകാശ്രയമാകും. അപ്പോൾ അവിടെ അനവധി കപ്പലുകൾ വന്നു നംക്രമിട്ടു നില്ക്കുന്നതുമത്രെ.

തുറമുഖം പരിഷ്കരിച്ചതു മൻപറഞ്ഞ മൂന്നു ഗവ
മ്മെണ്ടുകളുംക്രെടിയാണു്. അതിന്റെ ഭരണത്തെപ്പററി
യുള്ള വ്യവസ്ഥകളും ഇനിയും മുഴുവനായിട്ടില്ല. തുറമുഖ
ത്തിൽ നിന്നുള്ള ആദായത്തിലെ ഒരു പങ്കു കൊച്ചിക്കാ
ക്കു ലഭിക്കുമെന്നു തീർച്ചതന്നെ. അപ്പോൾ കൊച്ചീരാ
ജ്യത്തേക്കു് ഇന്നുള്ളതിൽ ക്രെടുതലായ വരവിനും വഴിയു
ണ്ടാകുമല്ലോ.

തുറമുഖസംരക്ഷണത്തിനു പ്രത്യേകമായ ഉദ്യോഗ
സ്ഥന്മാരും നിയമിക്കപ്പെട്ടിട്ടുണ്ടു്.

അദ്ധ്യായം 4

പാതകളും, തോടുകളും, കിണറുകളും.

നമ്മുടെ രാജ്യത്തു് ഇപ്പോൾ കാണുന്ന പാതകളി
ലധികഭാഗവും കല്ലിട്ടു തല്ലിയവയാണല്ലോ. ഇത്തരത്തി
ലുള്ള പാതകളും നമ്മുടെ രാജ്യത്തു് ഉണ്ടായിത്തുടങ്ങീട്ടു
വളരെക്കാലമായിട്ടില്ല. ഏകദേശം 80 കൊല്ലങ്ങൾക്കു
മുമ്പുമാത്രമാണു് ഇത്തരത്തിലുള്ള പാത പണിതുടങ്ങി
യതു്. അതിനു മുമ്പുണ്ടായിരുന്ന പാതകളെ നന്നാക്കി
യതാണു് ഇപ്പോഴത്തെ റോഡുകളും. അന്നു പാതക
ളിൽ കല്ലിട്ടുതല്ലിയിരുന്നില്ല. എന്നുമാത്രമല്ല അന്നും
അവ അവിടവിടെ മുറിഞ്ഞുകിടന്നിരുന്നു. പാതകളെ

ക്കുട്ടിച്ചേർപ്പാൻ പാലങ്ങളുണ്ടായിരുന്നില്ല. പാടങ്ങളിൽ ക്കൂടിയും പോകേണ്ടിവന്നിരുന്നു. ഇന്നു പാടങ്ങളിൽ ക്കൂടി പോകുന്ന പാതകൾ നികത്തീട്ടുണ്ട്. അന്നു് അതു മുണ്ടായിരുന്നില്ല. മുള്ളുക്കരെനിന്നു ചാലക്കുടിവരെയുള്ള പാതകളെ നന്നാക്കിയതു് ടിപ്പുസുൽത്താനാണത്രെ. സുൽത്താന്റെ പീരങ്കിത്തോക്കുകൾ കൊണ്ടുപോകാനാണു് അങ്ങനെ ചെയ്തതും.

ശങ്കരവാരിയർ ദിവാന്റെ കാലത്താണു് (1015—1032) നാട്ടുകാർക്കു ഗുണകരമായ അനവധി പണികൾ നമ്മുടെ രാജ്യത്തു തുടങ്ങിയതു്. ഇപ്പോഴത്തെ മിക്ക പാതകളും അന്നാണു വെട്ടിച്ചിട്ടുള്ളതു്. വഴികളുടെ ഇരുവശങ്ങളിലുമുള്ള ചാലുകളിൽനിന്നു വെള്ളം തിരിച്ചുകളയേണ്ട കാര്യത്തിൽ ശങ്കുണ്ണിമേനവൻ ദിവാന്റെ കാലത്താണു ശ്രദ്ധപതിഞ്ഞതു്. അന്നു് അനവധി പാതകൾ പുതുതായി വെട്ടിക്കയുമുണ്ടായി. ഇന്നു കാണുന്ന നല്ല പാലങ്ങളിൽ ചിലവ പണിതീർന്നതു് അദ്ദേഹത്തിന്റെ കാലത്തത്രെ. അവയിൽ ഏറ്റവും പ്രധാനമായ ചെറുവണ്ണൂർ പാലത്തിനു 3 ലക്ഷത്തിലധികം ഉറുപ്പിക ചെലവുണ്ടു്. അതു പണിചെയ്യിച്ചിട്ടു് ഇന്നേയ്ക്കു് (1106) 60 കൊല്ലമായിരിക്കുന്നു.

ഇന്നു റോഡുകളുടെ സംരക്ഷണം നടത്തുന്നതു മരാമത്തുഡിപ്പാർട്ടുമെൻറുകാരാണല്ലോ. അവരുടെ സംരക്ഷണയിൽ ഇന്നു രാജ്യത്തു് ആകെ 500 നാഴിക നീളമുള്ള റോഡുകളുണ്ടു്. അവയിൽ 450 നാഴിക നീളത്തോളമുള്ള റോഡുകൾ കല്ലിട്ടു തല്ലിയിരിക്കുന്നു. കടലോരത്തു

ള്ള റോഡുകൾ കല്ലിട്ട് തല്ലീട്ടില്ല. വർഷാധിക്യംകൊണ്ടും മറ്റും റോഡുകൾ വളരെ വേഗം കേടുവന്നുപോകുന്നു.

പാതകളുടെ ഇരുവശത്തും വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചിരിക്കുന്നതു നാട്ടുകാരാണു്. എന്നാൽ കാലാന്തരത്തിൽ അവർ അതു ചെയ്യാതെയായി. നഞ്ചപ്പയ്യൻ ദിവാന്റെ കാലത്തും ശങ്കരവാരിയർ ദിവാന്റെ കാലത്തും സർക്കാരിൽനിന്നുതന്നെ നടക്കാവുവൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ചുതുടങ്ങി. ഇപ്പോൾ നടക്കാവുവൃക്ഷങ്ങൾക്കു നമ്പരിട്ടിരിക്കുന്നു. അവ പഞ്ചായത്തുഡിപ്പാർട്ടുമെന്റുകാരുടെ മേൽനോട്ടത്തിലുമാണു്.

നല്ല നിരത്തുകൾ വെട്ടുന്നതിനുമുമ്പു് ഉൾപ്രദേശത്തുള്ള ഗതാഗതമാസകലം വെള്ളംവഴിക്കായിരുന്നു. തൃശ്ശിവപേരൂർനിന്നു തെക്കേ അറ്റത്തേയ്ക്കുള്ള വെള്ളംവഴിക്കു് 60 നാഴിക നീളമുണ്ടു്. ലന്തക്കാരുടേയും പറങ്കികളുടേയും കച്ചവടക്കാലത്തു കൊച്ചിക്കു് നല്ല ആദായം ലഭിച്ചിരുന്നു.

ശങ്കരവാരിയർ ദിവാന്റെ കാലത്തു് എറണാകുളത്തുനിന്നു തൃപ്പൂണിത്തുറയ്ക്കു് ഒരു തോട്ടപുതുതായി വെട്ടിച്ചു. അക്കാലത്തുതന്നെയാണു് അരഞ്ഞട്ടകരെ തോടു പുതുതായി താഴ്ത്തിയതും. ശങ്കുണ്ണിമേനവന്റെ കാലത്തു ചിറക്കൽതോടെന്നു പേരായി പുതിയ ഒരു ചാലുവെട്ടിക്കയുണ്ടായി. ദിവാൻ വിജയരാഘവാചാര്യരുടെ കാലത്തുകൂടി പുതിയ ഒരു തോട്ടവെട്ടിക്കയുണ്ടായി. അതിനു

വിജയംതോടെന്ന പേർ. തോട്ടകളും മറവും ഇപ്പോൾ ഒരു കനാൽസൂപ്രണ്ടണ്ടിന്റെ മേൽനോട്ടത്തിലത്രെ.

ജനങ്ങളുടെ ഉപയോഗത്തിനായി സർക്കാരിൽനിന്ന് അവിടവിടെയായി അനവധി ചിറകളും കെട്ടിക്കുകയും, കുളങ്ങളും കിണറുകളും താഴ്ത്തുകയുംചെയ്തിട്ടുണ്ട്. ചിറകളും കെട്ടിക്കുന്നതും അവയെ സംരക്ഷിക്കുന്നതും കൃഷി ഡിപ്പാർട്ടുമെൻറുകാരാണ്. കുളങ്ങളും കിണറുകളും മരാമത്തുഡിപ്പാർട്ടുമെൻറുകാരുടെ മേൽനോട്ടത്തിലാണ്. കിണറുകൾ കുഴിക്കുവാൻ പണമില്ലാത്ത അനവധി ആളുകൾ നമ്മുടെ നാട്ടിലുണ്ട്. അവരുടെ ഉപയോഗത്തിനാണ് സർക്കാരിൽനിന്ന കിണറുകൾ കുഴിപ്പിക്കുന്നത്.

മുൻസിപ്പാലിറ്റിയുള്ള പട്ടണങ്ങളിലെ കിണറുകളുടേയും കുളങ്ങളുടേയും സംരക്ഷണം അവരാണ നടത്തിവരുന്നത്.

അദ്ധ്യായം 5

നാണ്യങ്ങൾ.

ഇപ്പോൾ നമ്മുടെ രാജ്യത്തു പലതരത്തിലുള്ള നാണ്യങ്ങൾ നടപ്പുണ്ടല്ലോ. യാതൊരുതരത്തിലുള്ള നാണ്യങ്ങളും ഇല്ലാതിരുന്ന ഒരു കാലം ഈ ഭൂമിയിൽ ഉണ്ടായിരുന്നുവെന്ന പറഞ്ഞാൽ നിങ്ങൾക്ക് അത്ഭുതംതോന്നും. എന്നാൽ വാസ്തവത്തിൽ അങ്ങനെയുള്ള ഒരു കാലമുണ്ടായിരുന്ന. അന്ന് ഇത്ര ആടിനേക്കൊടുത്താൽ ഒരു

പശുവെ വാങ്ങാമെന്നും, ഇത്ര നെല്ലുകൊടുത്താൽ ഇത്ര എണ്ണവാങ്ങാമെന്നും മറ്റുമായിരുന്നു ഏർപ്പാട്.

നമ്മുടെ രാജ്യത്തു ഇപ്പോൾ നടപ്പുള്ള എല്ലാ നാണ്യങ്ങളും ബ്രിട്ടീഷ് ഇന്ത്യയിലേ നാണ്യങ്ങളാണു്. ഈ നാണ്യങ്ങൾ മാത്രമെ നമ്മുടെ നാട്ടിൽ ഉപയോഗിപ്പാൻ പാടുള്ളുവെന്നു തിരുമാനിച്ചതു (1106) 30 കൊല്ലത്തിനു മുമ്പാകുന്നു. അതിനു മുമ്പു് ഇവിടെ ഉപയോഗിച്ചിരുന്നതു് കൊച്ചിരാജ്യത്തെ നാണ്യങ്ങൾ തന്നെയായിരുന്നു. ഈ രാജ്യത്തിലെ നാണ്യങ്ങൾക്കു പുത്തനെന്നായിരുന്നു പേർ. പുത്തനു് 10 പ. യായിരുന്നു. അതു വെള്ളിനാണ്യവുമായിരുന്നു. 20 പ. വിലയുള്ള ഇരട്ടപ്പുത്തൻ എന്നൊരു നാണ്യവും ഈ രാജ്യത്തെ വകയായി ഉണ്ടായിരുന്നു. കൊച്ചിരാജ്യത്തു ആദ്യമായി നാണ്യമടിപ്പാൻ തുടങ്ങിയതു കൊല്ലവർഷം 958-ാം മാണ്ടിലാണെന്നു തോന്നുന്നു. അതിനു മുമ്പു് ഇവിടെ ഉപയോഗിച്ചിരുന്നതു് ലന്തക്കാർ, പറങ്കികൾ, സാമൂതിരി എന്നിവരുടെ നാണ്യങ്ങളായിരുന്നു. ഈ രാജ്യത്തെ സ്വന്തംവകയായ നാണ്യങ്ങൾ ഇപ്പോൾ ഉപയോഗത്തിലില്ലെങ്കിലും നാണ്യമടിക്കുന്നതിനുള്ള അധികാരം നമ്മുടെ മഹാരാജാവിനും ഇന്നുമുണ്ടു്.

ബ്രിട്ടീഷിന്ത്യൻ നാണ്യങ്ങളെ വെള്ളിനാണ്യങ്ങളെന്നും നിക്കൽ നാണ്യങ്ങളെന്നും, ചെമ്പുനാണ്യങ്ങളെന്നും വേർതിരിക്കാവുന്നതാണു്. വെള്ളിനാണ്യങ്ങളിൽ ഏറ്റവും വിലപിടിച്ചതു രൂപ്പികയും ഏറ്റവും വിലകുറഞ്ഞതു് അരയ്ക്കാൽ രൂപ്പികയുമാകുന്നു. നിക്കൽ നാ

ണ്യങ്ങളിൽ ഏറ്റവും വിലയേറിയതു് അരഉറുപ്പികനാ
ണ്യങ്ങളും ഏറ്റവും വിലകുറഞ്ഞതു് ഒരണ നാണ്യങ്ങ
ളുമാകുന്നു. നിക്കൽ നാണ്യങ്ങളിൽ ഇപ്പോഴും അധികം
പ്രചാരത്തിലിരിക്കുന്നതു രണ്ടണാനാണ്യങ്ങളും ഒരണാ
നാണ്യങ്ങളുമാകുന്നു. നാലണാനാണ്യങ്ങളും എട്ടണാ
നാണ്യങ്ങളും ഇപ്പോഴും അത്ര സുലഭമല്ല. ചെമ്പുനാ
ണ്യങ്ങളിൽ ഏറ്റവും അധികം വിലപിടിച്ചതു അരയ
ണാനാണ്യവും ഏറ്റവും വില കുറഞ്ഞതു് പൈ അഥ
വാ ചില്ലിയുമാകുന്നു. അരയണനാണ്യങ്ങളും ഇപ്പോഴും
അത്ര സുലഭമല്ല. ഈ നാണ്യങ്ങളിന്മേലെല്ലാം ഇന്ത്യാ
ചക്രവർത്തിയുടെ രൂപമാണു കാണുന്നതു്. ബ്രിട്ടീഷി
ന്ത്യയിൽ പ്രചാരത്തിലിരിയ്ക്കുന്ന നാണ്യങ്ങളെ അടി
പ്പാൻ ഇന്ത്യാഗവർമ്മേണ്ടിനു മാത്രമേ അധികാരമുള്ളൂ.

ഇവിടെ കാണുന്ന മറെറാരു നാണ്യമാണു് പവൻ.
ഇതു സുവർണ്ണനാണ്യമത്രെ. ഇതു ബ്രിട്ടീഷിന്ത്യൻ നാണ്യ
മല്ല. ഇംഗ്ലണ്ടിൽ പ്രചാരത്തിലിരിക്കുന്ന ഒരു നാണ്യ
മാണതു്. അതിനു ഗവർമ്മേണ്ടു് അപ്പപ്പോൾ ഒരു
വില നിശ്ചയിക്കുന്നു. ഒരുകാലത്തു് അതിനു 15 ക. യാ
യിരുന്നു വില. ഇപ്പോൾ അതിനു 13-ൽ ചിലപാനം ഉ
റുപ്പികയാണു നിശ്ചയിച്ചിട്ടുള്ളവില. ഈ പവൻ നാ
ണ്യം ഇവിടെ ഉപയോഗമുള്ളതല്ലല്ലോ— അതായതു ന
മ്മുടെ രാജ്യത്തു ഏതു സാധനത്തിനും ഇത്ര പവനാണു
വിലയെന്നു പറയാറില്ല.

ഈ നാണ്യങ്ങൾക്കു പുറമെയാണു ഗവർമ്മേണ്ടു്
നോട്ടുകൾ. നാണ്യങ്ങൾ അടിക്കുന്നതിനു് ആവശ്യമായ

ലോഹം ധാരാളം കിട്ടാത്തതുകൊണ്ടാണ ഗവമ്മേണ്ടു നോട്ടകാം അടിക്കുന്നത്. ഒരു പ്രത്യേകജാതി കടലാസ്സിലാണ് നോട്ട് അടിച്ചിരിക്കുന്നത്, അതു് ഏതാണ്ടൊരു വാഗ്ദത്തപത്രംപോലെയാണതാനും. 5 ക. 10 ക. 50 ക. 100 ക. എന്നീവിലയുള്ള നോട്ടകളാണ സാധാരണ കാണുന്നത്. കുറച്ചുകാലത്തിനു മുമ്പു് ഒരു ഉറുപ്പികയുടെ നോട്ടം കാണാറുണ്ടായിരുന്നു. ഇപ്പോാം ഗവമ്മേണ്ടു അതു വേണ്ടെന്നു വെച്ചിരിക്കുന്നു. നോട്ടകാം കൊണ്ടു നടപ്പാൻ വളരെ അധികം സൌകര്യമുണ്ടു്.

അദ്ധ്യായം 6

ഗവമ്മേണ്ടും, ജനങ്ങളും, ശരീരസുഖവും.

നമ്മുടെ രാജ്യത്തെ ജനങ്ങളുടെ ശരീരസ്ഥിതി അതുപ്പാടെ സുഖകരംതന്നെയാണു്.

കടലോരങ്ങളിലേ ജനങ്ങളുടെ ഇടയിൽ മന്തെന്നു പേരായി പ്രത്യേകമായ ഒരുതരം രോഗമുണ്ടു്.

നമ്മുടെ നാട്ടിൽ നടപ്പുള്ള ഏറവും ഭയങ്കരമായ രോഗം വസൂരിയാകുന്നു. കൊല്ലംതോറും വളരെയധികം ജനം അതു രോഗംനിമിത്തം മരിച്ചുപോകാറുണ്ടു്.

ഈ രോഗത്തിന്റെ നിവാരണത്തിന്നാണ് സക്കാരിൽ നിന്നു കൃത്തിവെയ്ക്കുക എന്ന സമ്പ്രദായം നടപ്പാക്കീട്ടുള്ളത്. ഈ സമ്പ്രദായം ഇവിടെ നടപ്പായിട്ട് ഇന്നേക്കു 128 കൊല്ലമായിരിക്കുന്നു. എന്നാൽ അതിന്നു വേണ്ടപോലെ പ്രചാരം സിദ്ധിച്ചിട്ട് 50 കൊല്ലമേ ആയിട്ടുള്ളൂ. ഏകദേശം 45 കൊല്ലങ്ങൾക്കുമുമ്പ് ഇവിടെ ഒരു വസൂരികൃത്തിവയ്പു ഡിപ്പാർട്ടുമെണ്ടു് ഏർപ്പെടുത്തി. ആ ഡിപ്പാർട്ടുമെന്റു 23 കൊല്ലം നിലനിന്നു.

യൂറപ്യൻ സമ്പ്രദായത്തിലുള്ള ചികിത്സ നമ്മുടെ രാജ്യത്തു നടപ്പാക്കാൻ തുടങ്ങിയിട്ട് ഇന്നേക്കു 118 കൊല്ലമായിരിക്കുന്നു. ജെ. ഗോസൻ എന്നപേരായ ഒരു പാതിരിയാണ് ഈ സമ്പ്രദായം ഇവിടെ ആദ്യം കൊണ്ടുവന്നതു്. ആ പാതിരി മട്ടാഞ്ചേരിയിൽ ഒരാസ്പത്രി ഏർപ്പെടുത്തി. സക്കാരിൽനിന്നു് അതിലേക്കു ധനസഹായം ചെയ്തിരുന്നുവെങ്കിലും അതു മൂന്നുകൊല്ലമേ നിലനിന്നുള്ളൂ. ശങ്കരവാര്യർദിവാന്റെ കാലത്താണു 1848-ൽ എറണാകുളത്തെ ധർമ്മാസ്പത്രി തുടങ്ങിയതു്. തൃശ്ശിവപേരൂർ ആസ്പത്രി സ്ഥാപിച്ചതു് 1875-ലാണ്. ഇപ്പോൾ എറണാകുളം, തൃശ്ശിവപേരൂർ, ചിറയ്ക്കൽ, ഇരിങ്ങാലക്കുട, കുന്നംകുളം, തൃപ്പൂണിത്തുറ, മട്ടാഞ്ചേരി എന്നീ സ്ഥലങ്ങളിൽ ആസ്പത്രികളുണ്ടു്. അതിന്നുംപുറമെ വടക്കാഞ്ചേരി, നെന്മാറ, ഞാറക്കൽ മുതലായ സ്ഥലങ്ങളിൽ ഡിസ്പൻസറികളുണ്ടു്. ഈ രാജ്യത്തു 83 ചതുരശ്രനാഴികയ്ക്കു് ഒരാസ്പത്രിവീതമുണ്ടു്.

ഈ വൈദ്യശാലകളുടെ സംരക്ഷണവും മേൽനോട്ടവും 1895 മുതൽ സ്ഥാപിച്ച വൈദ്യവകുപ്പിൽനിന്നു നടത്തിവരുന്നു.

പട്ടണങ്ങളുടെ ശുചീകരണ കാര്യത്തിൽ ഗവർമ്മേൻറു ശ്രദ്ധവെച്ചുതുടങ്ങിയതു് 40 കൊല്ലത്തിനു മുമ്പു മുതല്ക്കാണു്. പിന്നെ പതിനെട്ടുകൊല്ലം കഴിഞ്ഞപ്പോൾ ശുചീകരണവകുപ്പിനെ ഒന്നു പരിഷ്കരിച്ചു് അതിനെ ചീഫ്മെഡിക്കലാപ്പീസ്സരുടെ കീഴിലാക്കുകയും ചെയ്തു.

1910 മുതൽക്കാണു് എറണാകുളം മുതലായ പട്ടണങ്ങളിൽ നഗരശുചീകരണസഭകൾ (മുൻസിപ്പാലിറ്റികൾ) സ്ഥാപിച്ചതു്. അന്നുമുതൽ അതതുപട്ടണങ്ങളിലെ ശുചീകരണം അതതുപട്ടണങ്ങളിലെ സഭകളേറ്റു.

ആയുർവ്വേദചികിത്സയിലും സർക്കാരിൻെറ ശ്രദ്ധ പതിഞ്ഞിട്ടുണ്ടു്. ഇപ്പോൾ അവിടവിടെയായി പഞ്ചായത്തുകാരുടെ കീഴിൽ ആയുർവ്വേദചികിത്സാമന്ദിരങ്ങൾ സ്ഥാപിച്ചിരിക്കുന്നു.

കൊച്ചീരാജകുടുംബത്തിലെ അംഗങ്ങൾ വിഷചികിത്സയിൽ അതിനിപുണന്മാരാണു്. നമ്മുടെ മഹാരാജാവുതന്നെ കേളികേട്ട വിഷവൈദ്യനത്രേ. തിരുമനസ്സിലെ ഇളയസഹോദരൻ വീരകേരളത്തമ്പുരാൻ ഇക്കാര്യത്തിൽ വീരൻതന്നെയാണു്. അദ്ദേഹത്തിൻെറ ശിഷ്യനാണു കൊച്ചുണ്ണിത്തമ്പുരാൻ. ഈ തമ്പുരാൻെറ പേർ കേൾ

ക്കാത്തവർ ഇല്ലെന്നതന്നെ പറയാം. ശിഷ്യനതന്നെ ഇത്ര സാമർത്ഥ്യമുണ്ടെങ്കിൽ അവിടുത്തെ ഗുരുനാഥന്റെ സാമർത്ഥ്യം എത്ര ഉണ്ടായിരിക്കണം. മഹാരാജാവിന്റെ 70-ാമത്തെ തിരുനാൾസംബന്ധിച്ചുള്ള വിളംബരങ്ങളിൽ ഒന്നു വിഷചികിത്സയ്ക്കു വേണ്ട മരുന്നുകൾ വച്ചുപിടിപ്പിക്കുന്നതിനു സർക്കാരിൽനിന്നു വേണ്ടുന്ന ധനസഹായം ചെയ്യും എന്നാകുന്നു.

അദ്ധ്യായം 7

സ്കൂളുകളും കോളേജുകളും

കേണൽ മൺറൊ കൊച്ചിരാജ്യത്തു റസിഡണ്ടായി വന്നതു കൊല്ലവർഷം 987-ാമാണ്ടിലാണു്. അദ്ദേഹം ഇവിടത്തെ ദിവാൻസ്ഥാനവും ഏറ്റുവല്ലൊ. മൺറൊ സായ്പു ദിവാനുദ്യോഗമേറ്റ കാലംമുതൽക്കാണു സർക്കാരിൽനിന്നു ജനങ്ങളുടെ വിദ്യാഭ്യാസത്തിൽ ശ്രദ്ധവച്ചു തുടങ്ങിയതു്.

അന്നു രാജ്യത്തു് ആകെ 33 പ്രവൃത്തികളാണുണ്ടായിരുന്നതു്. ഓരോ പ്രവൃത്തിയിൽ ഓരോന്നുവീതം അന്നു 33 പാഠശാലകൾ സ്ഥാപിക്കയുണ്ടായി. ഗവർമ്മെണ്ടുദ്യോഗത്തിനു കണക്കെഴുതുവാനുംമറ്റും യോഗ്യരായ

ആളുകളെ ഉണ്ടാക്കേണമെന്നു മാത്രമേ അന്നു് ഉദ്ദേശമുണ്ടായിരുന്നുള്ളൂ. പാഠക്രമങ്ങളും എഴുത്തുപള്ളികളിലെപ്പോലെതന്നെ നടന്നുവന്നിരുന്നു. അവയെക്കൊണ്ടു് ഉദ്ദേശിച്ച ഗുണം സിദ്ധമായില്ല. അതുകൊണ്ടു് അവയെ 1007-ൽ നിർത്തിക്കളഞ്ഞു.

പിന്നെ 1010-ൽ ദിവാൻ വെങ്കിടസുബ്ബയ്യന്റെ കാലത്തു താലൂക്കിൽ ഓരോന്നുവീതം ആറു പാഠശാലകളും സ്ഥാപിച്ചു. അവ 1065 വരെ നിലനിന്നുപോന്നു.

ഇംഗ്ലീഷുവിദ്യാഭ്യാസം ഈ രാജ്യത്തു് ആദ്യമായി നടപ്പാക്കിയതു ജെ. ഡോസൻ എന്ന പാതിരിയാകുന്നു. അദ്ദേഹം മട്ടാഞ്ചേരിയിൽ ഒരു സ്കൂൾ സ്ഥാപിച്ചു. സർക്കാരിൽനിന്നു് അയാൾക്കു സഹായധനവും കൊടുത്തു. ആ സ്കൂൾ മൂന്നു കൊല്ലംകൊണ്ടു വീണുപോയി.

1010-ൽ വീണ്ടും ആ സ്ഥാനത്തുതന്നെ ഒരു സ്കൂൾ സ്ഥാപിച്ചു. അതു് ഇന്നും നടന്നുവരുന്നു.

1012-ൽ ഒരു ഇംഗ്ലീഷു് സ്കൂൾ തൃശ്ശിവപേരൂരും, മറെറാന്നു തുപ്പൂണിത്തുറയും സ്ഥാപിച്ചു. 1020-ലാണു് എറണാകുളത്തു് ഒരു സ്കൂൾ സ്ഥാപിച്ചതു്. അതു കേവലം ഒരു പ്രാഥമികപാഠശാലയായിരുന്നു. 1043-ൽ എറണാകുളം സ്കൂൾ ഒരു ഹൈസ്കൂളായി. 1050-ൽ അതിനേ ഒരു രണ്ടാംഗ്രേഡു് കോളേജാക്കി. ഇന്നു് അതു് ഒന്നാംഗ്രേഡു് കോളേജാകുന്നു. അതിനു മഹാരാജാവിന്റെ കോളേജെന്നു പേർ. ഇതാണു നമ്മുടെ രാജ്യത്തു

ള്ള ഗവമ്മേണ്ടുവക ഒന്നാംഗ്രേഡ്ു കോളേജിന്റെ ചരിത്രം.

ഇതിനിടയിൽ രാജ്യത്തു് അവിടവിടെയായി ഡിസ്ട്രിക്ട്ു സ്കൂളുകൾ സ്ഥാപിച്ചു. അവ കാലക്രമേണ ഹൈസ്കൂളുകളായി.

നാട്ടുകാരുടെ വക സ്കൂളുകൾക്കു സഹായധനം കൊടുക്കുന്ന ഏർപ്പാടു് 1064 മുതൽക്കാണു തുടങ്ങിയതു്. 1067-ലാണു് ഒരു വിദ്യാഭ്യാസസൂപ്രൻറണ്ടിനെ നിയമിച്ചതു്. 1074-ൽ ഹൈസ്കൂളുകളെ ദിവാന്റെ നേരെ കീഴിലാക്കി.

ഇപ്പോൾ തൃശ്ശിവപേരൂർ റോമൻ കാത്തലിക്ക ബിഷപ്പിന്റെ വകയായി ഒരു ഒന്നാംഗ്രേഡ്ു കോളേജുണ്ടു്.

രാജ്യത്തു് ഇന്നാകെ സർക്കാർവക 174 സാഹിത്യപാഠശാലകളും 18 കരകൌശലവിദ്യാലയങ്ങളുമുണ്ടു്. നാട്ടുകാരുടെ വകയായി 439 സാഹിത്യപാഠശാലകളും 13 കരകൌശലവിദ്യാലയങ്ങളുമുണ്ടു്. ആകെ 1,25,000 കുട്ടികൾ ഇന്നു സ്കൂളിൽ പഠിക്കുന്നുണ്ടു്. സ്കൂളിൽ പോകത്തക്ക പ്രായത്തിൽ 100 കുട്ടികളുണ്ടെങ്കിൽ 86 കുട്ടികൾ സ്കൂളിൽ പോകുന്നുണ്ടെന്നാണു കണക്കെടുത്തിരിക്കുന്നതു്. 1,25,000 കുട്ടികളുള്ളതിൽ 80,988 ആൺകുട്ടികളും 44,112 പെൺകുട്ടികളുമാകുന്നു. ഇവരിൽ ഒരുലക്ഷത്തിലധികം കുട്ടികൾ പ്രാഥമികപാഠശാലകളിലാണു്.

അദ്ധ്യായം 8

താലൂക്കിലെ പ്രധാന ഉദ്യോഗസ്ഥന്മാർ.

വില്ലേജിലെ പ്രധാന ഉദ്യോഗസ്ഥനാണു പാവ്വത്യക്കാരൻ എന്നു കുട്ടികൾ പഠിച്ചതു മറന്നിട്ടില്ലല്ലോ.

ഒരു താലൂക്കിലെ പ്രധാന ഉദ്യോഗസ്ഥനെപ്പറ്റിയാണു് ഇവിടെ പറവാൻപോകുന്നതു്.

താലൂക്കിലെ ഉദ്യോഗസ്ഥന്മാരെ നിരീക്ഷിപിരിവുനടത്തുന്ന ഉദ്യോഗസ്ഥന്മാരെന്നും നീതിന്യായപരിപാലനം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരെന്നും മൊത്തമായി രണ്ടായി തിരിക്കാവുന്നതാണു്.

നിരീക്ഷിപിരിവിനെ സംബന്ധിച്ചു താലൂക്കിലെ പ്രധാന ഉദ്യോഗസ്ഥൻ താസിൽദാരാകുന്നു. കൊച്ചിരാജ്യത്തു് ഇന്നാകെ 6 താലൂക്കുകളുണ്ടു്. ഓരോ താലൂക്കിലും ഓരോ താസിൽദാർവീതമുണ്ടു്. അദ്ദേഹത്തിന്റെ അസ്സിസ്റ്റിന്റെ താലൂക്കുകച്ചേരിയെന്നു പേർ. പാവ്വത്യക്കാരന്മാർ പിരിക്കുന്ന പണം താലൂക്കിലാണു് അടയ്ക്കുന്നതെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. താസിൽദാരന്മാരെ സഹായിപ്പാൻ റവന്യൂ ഇൻസ്പെക്ടർമാരുണ്ടു്. ഒരു താലൂക്കിൽത്തന്നെ മൂന്നോ നാലോ റവന്യൂ ഇൻസ്പെക്ടർമാരുണ്ടായേക്കാം.

പണംസംബന്ധിച്ച കേസ്സുകളെ വിചാരണചെയ്യുന്നതിനുള്ള ആളാണു മുൻസിഫ്. 2000 ക. വരെ വിലയുള്ള കേസ്സുകൾ വിചാരണചെയ്യുന്നതു മുൻസിഫത്രെ. അദ്ദേഹത്തിന്റെ കച്ചേരിക്കു മുൻസിഫ്കോടതിയെന്നു പേർ.

തമ്മിത്തല്ലു മുതലായ കേസ്സുകളെ വിചാരണചെയ്യുന്ന ആളാണു മജിസ്ട്രേറ്റ്. കേസ്സുണ്ടാക്കുന്നവരെ ഹാജരാക്കുന്നതും തെളിവുകൊടുക്കുന്നതും പോലീസുകാരാണെന്നു കൂട്ടികൾ മറന്നിട്ടില്ലല്ലോ. ഓരോ താലൂക്കിലും ഓരോ മജിസ്ട്രേട്ട കോടതിയുണ്ട്. ഇദ്ദേഹം കേസ്സുകളെല്ലാം കച്ചേരിയിൽ വെച്ചുതന്നെ വിചാരണ ചെയ്തുകൊള്ളണമെന്നില്ല. അദ്ദേഹം എവിടെ ഇഷ്ടപ്പെട്ടുന്നുവോ അവിടെ കച്ചേരി ചെയ്വാൻ അദ്ദേഹത്തിനു് അധികാരമുണ്ടു്.

മുൻകാലങ്ങളിൽ മജിസ്ട്രേറ്റിന്റേയും താസിൽദാരുടെയും ഉദ്യോഗം ഭരിച്ചിരുന്നതു് ഒരാളാണു്. രജിസ്ട്രാർ എന്നു പറയുന്ന ഉദ്യോഗസ്ഥൻ താലൂക്കിലെ പ്രധാനപ്പെട്ട ഒരു ഉദ്യോഗസ്ഥനാണു്. എന്നാൽ ഒരു താലൂക്കിൽ ഒരു രജിസ്ട്രാർ മാത്രമേ ഉള്ളുവെന്നു പറവാൻ തരമില്ല. ജനങ്ങളുടെ സൌകര്യത്തിനുവേണ്ടി അവിടവിടെ രജിസ്ട്രാഫീസുകൾ സ്ഥാപിച്ചിരിക്കുന്നു.

താലൂക്കിലെ മറ്റൊരു പ്രധാന ഉദ്യോഗസ്ഥനാണു സബ്ബ് ഇൻസ്പെക്ടർ. ഒരു താലൂക്കിൽ ഒരു പോലീസ്സ്റ്റേഷൻ മാത്രമേ ഉള്ളുവെന്നു നിർബ്ബന്ധമില്ല. കളവുകളും കുറ്റങ്ങളും കുറക്കുവാൻ വേണ്ടി അവിടവിടെ പോലീസ്സ്റ്റേഷനുകളും സ്ഥാപിച്ചിരിക്കുന്നു.

അദ്ധ്യായം 9

മഹാരാജാവു്.

കൊച്ചീരാജ്യം ഭരിപ്പാനുള്ള സകല അധികാരങ്ങളോടുംകൂടിയ ആളാണു മഹാരാജാവു്. അദ്ദേഹത്തിന്റെ അധികാരത്തെ നിയന്ത്രിക്കുവാൻ അദ്ദേഹം തന്നെ പാസ്സാക്കിയിട്ടുള്ള ചില റഗുലേഷൻസുകളും ബ്രിട്ടീഷുഗവണ്മെണ്ടുമായിട്ടുള്ള ഉടമ്പടികളും മാത്രമേയുള്ളൂ. രാജകുടുംബത്തിലെ മൂത്ത പുരുഷനാണു വലിയ തമ്പുരാൻ അഥവാ മഹാരാജാവു്. നമ്മുടെ ഇപ്പോഴത്തെ വലിയ തമ്പുരാന്റെ കാലത്താണു കൊച്ചി രാജകുടുംബത്തേക്കു മഹാരാജാവിന്റെ സ്ഥാനം സിദ്ധമായതു്. അതുകൊണ്ടു് ഇവിടത്തെ ഒന്നാമത്തെ മഹാരാജാവു് ഇന്നു രാജ്യം ഭരിച്ചുവരുന്ന സർ രാമവർമ്മ ജി. സി. ഐ. ഈ. വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടാകുന്നു.

ചേരമാൻപെരുമാളാണു് കേരളത്തെ ചെറുഖണ്ഡങ്ങളാക്കിത്തിരിച്ചതു് എന്നാണല്ലോ ഐതിഹ്യം. ആദ്യത്തെ കൊച്ചിരാജാവു് ചേരമാൻപെരുമാളുടെ മരുമകനായിരുന്നു. ആ രാജാവു് പെരുമ്പടപ്പുനമ്പൂതിരിയുടെ മകനുമായിരുന്നു. അതുകൊണ്ടു് കൊച്ചീരാജകുടുംബത്തെ പെരുമ്പടപ്പുസ്വരൂപം എന്നു വിളിച്ചുവന്നിരുന്നു. അക്കാലങ്ങളിൽ രാജകുടുംബത്തിലെ ഏറ്റവും മൂത്ത പുരു

ഷന്ന പെരുമ്പടപ്പുമൂപ്പ് എന്നായിരുന്ന സ്ഥാനപ്പേർ. അദ്ദേഹം ലൗകികവൃത്തിയിൽനിന്നു് ഒഴിഞ്ഞു വൈദികവൃത്തി ദീക്ഷിച്ചിരുന്ന ഒരാളായിരുന്നതാണും. അതുകൊണ്ടു കൊച്ചീരാജ്യം ഭരിച്ചിരുന്നതു് ഏതു സമയത്തും രാജകുടുംബത്തിലെ മൂത്ത പുരുഷനായിരുന്നുവെന്നു തോന്നുന്നില്ല. മൂത്ത പുരുഷൻ മൂപ്പിൽസ്ഥാനത്തും വയസ്സുകൊണ്ടു രണ്ടാമത്തെ ആൾ രാജസ്ഥാനത്തും പ്രവേശിച്ചിരുന്നുവെന്നുഹിപ്പാനാണു് അധികം ന്യായം.

ഇങ്ങനെ കുറേക്കാലം കഴിഞ്ഞു. അങ്ങനെയിരിക്കുമ്പോഴാണു് കൊല്ലവർഷം 873-ൽ ചാഴൂർ താവഴിയിലെ ഒരു തമ്പുരാൻ രാജാവായതു്. അദ്ദേഹം തന്റെ സ്വകാര്യം സമ്പാദ്യംമുഴുവനും ഒഴിഞ്ഞുകൊടുത്തു മൂപ്പിൽസ്ഥാനവും രാജസ്ഥാനത്തേയ്ക്കുള്ളതാണെന്നു തീർച്ചപ്പെടുത്തി. അന്നുമുതൽക്കാണു രാജകുടുംബത്തിലെ മൂത്ത പുരുഷൻ രാജസ്ഥാനാരോഹണം ചെയ്തതു്.

ആദ്യത്തെ കൊച്ചിരാജാവിന്റെ പേർ വീരകേരളൻ എന്നായിരുന്നുവത്രെ.

പെരുമാക്കന്മാർ കേരളചക്രവർത്തിമാരായിരുന്നുവല്ലോ. പെരുമാൾ അവരോധം നടന്നിരുന്നതു് മാമാങ്കത്തിൽവെച്ചുമായിരുന്നുവല്ലോ. മാമാങ്കത്തിലെ ചടങ്ങുകളിൽ ഒന്നു നിലപാടു നിൽക്കുക എന്നതാണു് കേരളത്തിൽവെച്ചു് ഏറ്റവും യോഗ്യനായ പുരുഷനാണു് അ

ന്ന നിലപാടു നിന്നിരുന്നതു്. അക്കാലങ്ങളിൽ പെരുമാളായിരുന്നവല്ലോ കേരളത്തിലെ ഏറ്റവും യോഗ്യനായ പുരുഷൻ. പെരുമാളവരോധം നടന്നിരുന്ന കാലത്തോളം പെരുമാൾതന്നെയാണു നിലപാടു നിന്നിരുന്നതു്. ചേരമാൻപെരുമാൾ കേരളം വിഭാഗിച്ചുകൊടുത്ത കാലത്തു് ഈ അധികാരം കൊച്ചീരാജാവിന്നാണു നൽകിയതു്. അതുകൊണ്ടു കൊച്ചീരാജാവു് ഒരു കാലത്തു കേരളത്തിലെ ഏറ്റവും യോഗ്യനായ രാജാവായിരുന്നുവെന്നു സിദ്ധമാകുന്നു.

തൃക്കാക്കരെക്ഷേത്രം ഒരുകാലത്തു കേരളത്തിൽവെച്ചു് ഏറ്റവും പ്രധാനമായ ക്ഷേത്രമായിരുന്നുവല്ലോ. അവിടെ ഓണക്കാലത്തു് ഒരു സഭ നടന്നിരുന്നുവെന്നു തോന്നുന്നു. അന്നു് അവിടെ കേരളത്തിലെ സകല ഭരണകർത്താക്കന്മാരും സന്നിഹിതരായിരുന്നു. ആ സദസ്സിലും കൊച്ചിരാജാവിന്നു മാന്യമായ ഒരു സ്ഥാനമുണ്ടായിരുന്നു. അവിടേയ്ക്കുള്ള പുറപ്പാടിന്റെ സ്മാരകമായാണത്രേ ഇന്നും അത്തച്ചമയമെന്ന ആഘോഷം കൊണ്ടാടുന്നതു്.

പെരുമാക്കന്മാരുടെ തലസ്ഥാനം തിരുവഞ്ചിക്കുളമായിരുന്നവല്ലോ. അവിടത്തെ ക്ഷേത്രത്തിലെ അധികാരവും പെരുമാക്കൾക്കായിരുന്നു. ആ അധികാരവും ചേരമാൻപെരുമാൾ കൊച്ചീരാജാവിന്നാണു കൊടുത്തതു്. അതുകൊണ്ടു കൊച്ചീരാജാവിന്നു ഗംഗാധരതിരുകോവിലധികാരികൾ എന്നും ഒരു സ്ഥാനപ്പേരുണ്ടു്.

ഇത്ര വളരെ മഹിമയോടുകൂടിയ കൊച്ചിയിലെ മഹാരാജസ്ഥാനത്തെ അലങ്കരിക്കുന്ന നമ്മുടെ ഇപ്പോഴത്തെ മഹാരാജാവായ സർ രാമവർമ്മവലിയതമ്പുരാൻ തിരുമനസ്സുകൊണ്ട് അനവധികാലം ആ സ്ഥാനത്തെ അലങ്കരിപ്പാൻ ജഗദീശ്വരൻ കടാക്ഷിക്കുമാറാകട്ടെ.

VIDYA VILASAM PRESS, ERNAKULAM,—1936.